# സൗഖ്യമാകുവാൻ മനസ്സുണ്ടോ?

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# സൗഖ്യമാകുവാൻ മനസ്സുണ്ടോ?4


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889


●


Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS, EDAPPALLY

KOCHI - 682 018


●


*copy right reserved*


●

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ

*(Contd..)*

21. പരിശുദ്ധാത്മാവ്

22. പരിശുദ്ധാത്മ വ്യാപാരം

23. പരിശുദ്ധാത്മ ശക്തി

24. ഉത്തമ ഗീതം

25. സങ്കേത നഗരങ്ങൾ

26. മരുഭൂമിയിലെ നീർപ്പൊയ്ക

27. യോന

28. പച്ചവെള്ളം വീഞ്ഞാക്കി

29. കെരീത്തിന്റെ വക്കിൽ

30. എത്രത്തോളം രണ്ടു തോണിയിൽ?

31. ഏലിയാവിന്റെ ദൈവം എവിടെ?

32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല

33. മുദ്രാമോതിരമാക്കും

34. എനിക്ക് കാഴ്ച പ്രാപിക്കേണം

35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?

36. INNER PEACE (English)

37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ

38. Glittering Future (English)

39. ഏകാന്തതയുടെ അന്ധത

40. STREAMS IN THE DESERTS (English)

41. WAY TO LIBERATION (English)

42. നിന്റെ മൃതന്മാർ ജീവിക്കും

43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ

44. എന്നെ തൊട്ടതാർ ?

## ആമുഖം

പ്രശസ്തമായ ഒരു ചിന്താശകലം ഓർമ്മവരുന്നത് കുറിക്കട്ടെ.

The best thing to give your enemy is forgiveness
The best thing to give your opponent is tolerance
The best thing to give your friend is your heart
The best thing to give your child is a good example
The best thing to give your father is defence
The best thing to give your mother is conduct
The best thing to give to yourself is respect
The best thing to give to all others is charity
Everything can be summed up in one - **Jesus Christ**

എല്ലാ നന്മയും ക്രിസ്തുവിൽ നിറഞ്ഞു നിൽക്കുന്നു. നന്മയുടെ പ്രതീകമാണ് ക്രിസ്തു. നന്മയുടെ ഉറവിടവും ക്രിസ്തു തന്നെ. അശരണരെയും അഗതികളെയും ദുഃഖിതരെയും ആശ്വസിപ്പിക്കുകയാണ് ക്രിസ്തുവിന്റെ പ്രവർത്തന സരണി.

ക്രിസ്തുവിന്റെ സ്നേഹവായ്പ്പുറ്റ ഹൃദയം സ്വാംശീകരിച്ച

മഹതിയായിരുന്നു മദർ തെരേസ്സ. "അഗതികളുടെ അമ്മ" എന്നാണ് ആ മഹതി അറിയപ്പെട്ടത്. സേവനത്തിന്റെ പാതയിൽ ജീവിതം ഉഴിഞ്ഞുവെച്ച മദർ തെരേസ്സ, സമാധാനത്തിനുള്ള നോബൽ സമ്മാനം നേടുകയുണ്ടായി. അതിന്റെ പരിപാടി ഓസ്‌ലോയിൽ വെച്ച് നടക്കുമ്പോൾ അമ്മ തന്നെത്തന്നെ പരിചയപ്പെടുത്തി.

By blood and origin I am an Albanian,
By citizenship an Indian,
I am a Catholic nun,
As to my calling, I belong to the whole world,
As to my heart I belong entirely to the heart of Jesus.

ഈ പ്രസ്താവനയിൽ അമ്മയുടെ ക്രിസ്തുവിനു വേണ്ടിയുള്ള ദാഹവും ക്രിസ്തുവിനോടുള്ള സ്നേഹവും നിറഞ്ഞു നിൽക്കുന്നു. സ്വന്ത ജീവിതം കൊണ്ട് മദർ ഇക്കാര്യം തെളിയിച്ചു. യൂഗോസ്ലാവിയയിലെ സ്കോപ്പ്ജയിൻ എന്ന പട്ടണത്തിലാണ് ആ മഹതി ജനിച്ചത്. ആഗ്നസ് എന്ന് പേർ. പതിനെട്ടാമത്തെ വയസ്സിൽ വീടിനോടും നാടിനോടും യാത്ര പറഞ്ഞ് ഭാരതത്തിൽ എത്തി. കൽക്കട്ടയിലെ "ലൊറേറ്റ" എന്ന മഠത്തിൽ താമസിച്ചു. ഒരു ധ്യാനത്തിൽ പങ്കെടുക്കാനായി ഡാർജിലിംഗിലേക്ക് യാത്ര ചെയ്യുമ്പോഴാണ് ക്രിസ്തുവിനു വേണ്ടി അഗതികളുടെയും രോഗികളുടെയും ഇടയിൽ പ്രവർത്തിക്കണമെന്ന വ്യക്തമായ ഉൾക്കാഴ്ചയുണ്ടായത്. തെരുവോരത്ത് പരസ്പരം കലഹിക്കുകയും ഭൂമിയിൽ നരകയാതന അനുഭവിക്കുകയും ചെയ്യുന്ന കുഷ്ഠരോഗികളോടുള്ള സഹാനുഭൂതിയിൽ ഹൃദയം ആർദ്രമാകാനിടയായതാണ് സേവനിരതയാകാനുള്ള ദാഹത്തിന്റെ അടിസ്ഥാനം. അതിനുള്ള പ്രചോദനമായത് ക്രിസ്തുവിന്റെ അപ്രമേയ സ്വാധീനം.

ഈ ചിന്തകളാണ് സൗഖ്യദായകനായ ക്രിസ്തുവിനെ ജന

തതിക്ക് കാണിച്ചു കൊടുക്കുവാൻ എനിക്കും പ്രചോദകമായത്. **"സൗഖ്യമാകുവാൻ മനസ്സുണ്ടോ"** എന്ന ക്രിസ്തുവിന്റെ സ്നേഹനിർഭരമായ അന്വേഷണം എത്രയെത്ര രോഗികളെയാണ് ആശ്വസിപ്പിച്ചത്. ഈ ഗ്രന്ഥത്തിന്റെ പാരായണം മൂലം എന്റെ ബഹുമാന്യ വായനക്കാർക്ക് ആന്തരിക സൗഖ്യത്തിന്റെ മധുരാനുഭവം സംപ്രാപ്തമാകട്ടെ എന്ന് ഞാൻ ആശിക്കുന്നു, ആശംസിക്കുന്നു.

ഈ പുസ്തക രചനയ്ക്ക് എനിക്ക് എല്ലാ സഹായവും സഹകരണവും നൽകിത്തന്ന ശ്രീ. എ. ജെ. അബിയോടുള്ള (Retd. General Manager, TCM, Kalamassery) എന്റെ കടപ്പാട് വാക്കുകളിൽ ഒതുക്കാനാവുന്നതല്ല. ദൈവം അബിക്ക് പ്രതിഫലം നൽകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അനുവാചകരുടെ സ്നേഹവും വാത്സല്ല്യവും ഇനിയും പ്രതീക്ഷിച്ചുകൊണ്ട്.

**വിനീത വിധേയൻ,**

**എം.വൈ. യോഹന്നാൻ**

# ഒന്ന്

"ഒരു ശബ്ബത്തിൽ അവൻ ഒരു പള്ളിയിൽ ഉപദേശിച്ചുകൊണ്ടിരുന്നു. അവിടെ പതിനെട്ടു സംവത്സരമായി ഒരു രോഗാത്മാവ് ബാധിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായോരു സത്രീ ഉണ്ടായിരുന്നു. യേശു അവളെ കണ്ടു അടുക്കെ വിളിച്ചു. സ്ത്രീയേ, നിന്റെ രോഗബ ന്ധനം അഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു അവ ളുടെ മേൽ കൈ വെച്ചു. അവൾ ക്ഷണത്തിൽ നിവർന്നു ദൈവത്തെ മഹത്വപ്പെടുത്തി. യേശു ശബ്ബത്തിൽ സൗഖ്യമാക്കിയതുകൊണ്ടു പള്ളിപ്ര മാണി നീരസപ്പെട്ടു പുരുഷാരത്തോടു: വേല ചെയ്‌വാൻ ആറു ദിവസം ഉണ്ടല്ലോ, അതിന്നകം വന്നു സൗഖ്യം വരുത്തിക്കൊൾവിൻ, ശബ്ബത്തിൽ അരുതു എന്നു പറഞ്ഞു. കർത്താവു അവനോടു : കപട ഭക്തിക്കാരേ, നിങ്ങളിൽ ഓരോരുത്തൻ ശബ്ബത്തിൽ തന്റെ കാളയെയോ കഴുതയെയോ തൊട്ടിയിൽ നിന്നു അഴിച്ചുകൊണ്ടുപോയി വെള്ളം

> കുടിപ്പിക്കുന്നില്ലയോ? എന്നാൽ സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തു നാളിൽ ഈ ബന്ധനം അഴിച്ചു വിടേണ്ടതല്ലയോ എന്നു ഉത്തരം പറഞ്ഞു. അവൻ അതു പറഞ്ഞപ്പോൾ അവന്റെ വിരോധികൾ എല്ലാവരും നാണിച്ചു, അവനാൽ നടക്കുന്ന സകല മഹിമകളാലും പുരുഷാരം ഒക്കെയും സന്തോഷിച്ചു."
>
> ലൂക്കൊ. 13 : 10-17

യേശുക്രിസ്തു നടത്തിയ മഹിമകളാൽ പുരുഷാരം സന്തോഷിച്ചു. അനേകർ സന്തോഷിച്ചു. ഇന്നും യേശുക്രിസ്തു അത്ഭുതങ്ങൾ നിവർത്തിക്കുന്നുണ്ട്, പ്രവർത്തിക്കുന്നുണ്ട്. അനേകർ സന്തോഷിക്കുന്നുണ്ട്, അനേക ജീവിതത്തിൽ അത്ഭുതകരമായ അനുഭവങ്ങൾ ലഭിക്കുന്നുണ്ട്. യേശുക്രിസ്തു ഇന്നും പ്രവർത്തിക്കുന്നു. തിരുവചനം പറയുന്നു :

> "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേയ്ക്കും അനന്യൻ തന്നേ.." എബ്രാ. 13 :8

കർത്താവായ യേശുക്രിസ്തു അന്ന് ആ സംഘാലയത്തിൽ ചെന്നു. പലപ്പോഴും സംഘാലയത്തിൽ കർത്താവ് ചെല്ലാറുണ്ട്. കർത്താവ് സിന്നഗോഗിൽ പ്രസംഗിക്കാറുണ്ട്. അന്നും പതിവുപോലെ അവൻ സിന്നഗോഗിൽ ചെന്നതാണ്. അന്ന് ഒരു വലിയ അത്ഭുതം അവിടെ നടന്നു.

അവിടെ ഒരു കൂനിയായ സ്ത്രീ ഉണ്ടായിരുന്നു. പതിനെട്ടു സംവത്സരമായി കൂനുബാധിച്ചു യാതന അനുഭവിക്കുന്ന ഒരു സാധു സ്ത്രീ. ദയനീയമായ ജീവിതം, കൂനി

ക്കൂനി നടക്കുന്നു. ഇക്കണ്ട പതിനെട്ടു കൊല്ലമായിട്ടും അവൾ മടുപ്പില്ലാതെ ദേവാലയത്തിൽ വന്നു കൊണ്ടിരുന്നു.

അവൾ ദേവാലയത്തിൽ വന്ന് അവളുടെ കൂനു മാറുന്ന തിനുവേണ്ടി പ്രാർത്ഥിച്ചുകാണും. ആദ്യകാലങ്ങളിൽ വളരെ ദാഹത്തോടെ പ്രാർത്ഥിച്ചു കാണും. "ഈ കൂനു ഒന്നു മാറ്റി ത്തരണമേ" എന്ന്, എങ്കിലും പിന്നീട് ആ പ്രാർത്ഥന അത്ര പ്രതീക്ഷയുള്ള പ്രാർത്ഥനയാകാൻ ഇടയില്ല. എത്രയോ നാളു കളായി പ്രാർത്ഥിക്കുന്നു, സൗഖ്യം കിട്ടിയില്ല. ഇനി പ്രതീ ക്ഷയ്ക്ക് വകയില്ല, എന്ന നിലയിൽ നിരാശപ്പെട്ടിരിക്കണം. പക്ഷെ അവൾ മടുപ്പില്ലാതെ ദേവാലയത്തിൽ സംഘാലയ ത്തിൽ വന്നുകൊണ്ടിരിക്കുന്നു.

അവൾ പക്ഷേ ചികിത്സകൾ ചെയ്തുകാണും. എന്നാൽ അവളുടെ യത്നങ്ങളും പ്രാർത്ഥനകളും എല്ലാം നിഷ്ഫലമാ യി, കൂനു മാറിയില്ല, നട്ടെല്ല് വളഞ്ഞുപോയി, ശരീരം കൂനി പ്പോയി, അവൾക്ക് നിവരാൻ കഴിവില്ല. ഒട്ടും നിവരുവാൻ കഴിവില്ലായിരുന്നു എന്നാണ് നാം വിശുദ്ധ സുവിശേഷ ത്തിൽ വായിക്കുന്നത്.

ദേവാലയത്തിൽ ഇക്കണ്ട നാളുകൾ എല്ലാം വന്നെങ്കിലും അന്ന് അവളുടെ ജീവിതത്തിൽ ഒരത്ഭുതം സംഭവിച്ചു. എത്രയോ വർഷങ്ങൾ അവൾ ദേവാലയത്തിൽ വന്നുകൊ ണ്ടിരുന്നവൾ ആണ്. എന്നാൽ അന്ന് അവളുടെ ജീവിത ത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്തതും ഒരിക്കലും സംഭവി ക്കാൻ സാധ്യമല്ലാത്തതുമായ മഹാത്ഭുതം സംഭവിച്ചു. അവ ളുടെ കൂനൂ മാറി അവൾ നിവർന്നു. അവളുടെ നട്ടെല്ല് നിവിർന്നു. കാരണം അന്നത്തെ ദിവസം ആ ദേവാലയ ത്തിൽ കർത്താവായ യേശുക്രിസ്തു ഉണ്ടായിരുന്നു.

യേശുക്രിസ്തുവിന്റെ അരികിൽ എത്തുന്നതു ഒരു മഹാ ഭാഗ്യമാണ്. യേശുക്രിസ്തുവിന്റെ വചനത്തിന്റെ സമീപത്തു എത്തുന്നത് ഒരു വലിയ പദവിയാണ്. യേശുക്രിസ്തുവിന്റെ സന്നിധാനത്തിൽ വന്ന് യേശുക്രിസ്തുവിന്റെ കരസ്പർശ മേൽക്കുന്നത് എത്രയോ വലിയ അനുഗ്രഹമാണ്.

യേശു അവളെ കണ്ടു, അവളെ അടുക്കെ വിളിച്ചു. സ്രഷ്ടാവ് സൃഷ്ടിയെ നോക്കി. യേശുക്രിസ്തു അവളെ കണ്ടു. പാവം അവൾ നിവരാനാവാതെ കൂനിക്കൂനി നടന്നു വരുന്നു.

> "അവിടെ പതിനെട്ടു സംവത്സരമായി ഒരു രോഗാത്മാവു ബാധിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായോരു സ്ത്രീ ഉണ്ടായിരുന്നു. യേശു അവളെ കണ്ടു അടുക്കെ വിളിച്ചു."
>
> ലൂക്കൊസ് 13 : 11-12

> "സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരുന്നു എന്നു പറഞ്ഞു അവളുടെ മേൽ കൈവച്ചു. അവൾ ക്ഷണത്തിൽ നിവർന്നു. ദൈവത്തെ മഹത്വപ്പെടുത്തി."
>
> ലൂക്കോസ് 13 : 12-13

എന്തൊരത്ഭുതം. യേശുക്രിസ്തുവിന്റെ കരം അവളുടെ മുതുകത്തു വെച്ചു. യേശുക്രിസ്തു സ്ത്രീയെ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. ഒറ്റ നിമിഷം ഇതാ അവൾ നിവർന്നു കഴിഞ്ഞു. ക്ഷണത്തിൽ അവൾ നിവർന്നു ദൈവത്തെ മഹത്വപ്പെടുത്തി.

ക്രിസ്തുവിന്റെ കരം തൊട്ടാൽ അത്ഭുതമാണ്, അനുഗ്ര ഹമാണ്, അതിശയമാണ്. എത്രയെത്ര ആളുകളെ ക്രിസ്തു വിന്റെ ഈ കരം തൊട്ടു. എത്രയോ ആളുകളുടെ ബന്ധനം അഴിച്ചു, എത്രയോ ആളുകളുടെ ശാപം മാറ്റി. എത്രയോ ജീവിതങ്ങൾ പുതുക്കി എടുത്തു. എത്രയോ ജീവിതങ്ങളുടെ ദുശ്ശീലങ്ങൾ അകറ്റി. ദുസ്വഭാവങ്ങൾ മാറ്റി. വീടു മുടിച്ചു കൊണ്ടിരുന്നവർ, ഭവനം കലക്കിക്കൊണ്ടിരുന്നവർ, നാട്ടിൽ പേടി സ്വപ്നമായിരുന്നവർ, എല്ലാവർക്കും വലിയ ദുരിത വും, യാതനയും ദുഃഖവും മാത്രം നൽകിക്കൊണ്ടിരുന്നവർ, അങ്ങിനെയുള്ള എത്രയോ പേരുടെ സ്വഭാവം യേശുക്രിസ്തു തൊട്ടതുമൂലം മാറി,.

ക്രിസ്തു തൊട്ടു, ക്രിസ്തുവിന്റെ വചനം തൊട്ടു, ക്രിസ്തു വിന്റെ കരം തൊട്ടു.

ഇപ്പോൾ നിങ്ങൾ ഈ വചനം വായിക്കുമ്പോൾ യേശു ക്രിസ്തുവിന്റെ കരം നിങ്ങളെ തൊടട്ടെ. നിങ്ങളുടെ വേദനയുള്ള ഭാഗത്ത് ക്രിസ്തുവിന്റെ കരം തൊടട്ടെ. നിങ്ങ ളുടെ രോഗം ഉള്ള ഭാഗത്ത് ക്രിസ്തുവിന്റെ കരം വെയ്ക്ക ട്ടെ. നിങ്ങളുടെ കെടുതിയും കേടും ഉള്ള ഭാഗത്ത് ക്രിസ്തു വിന്റെ കരം വെയ്ക്കട്ടെ. നിങ്ങളുടെ ജീവിതത്തിൽ, ദുരിത ങ്ങളും ആവലാതികളും, സങ്കടങ്ങളും, പ്രതിസന്ധികളും പ്രശ്നങ്ങളും കടബാധ്യതയുമായി വലയുന്ന നിങ്ങളുടെ ജീവിതത്തിൽ, യേശുക്രിസ്തുവിന്റെ കരം ഒന്നു തൊടട്ടെ. യേശു നിങ്ങളെ ഒന്ന് തലോടട്ടെ. യേശു നിങ്ങളോടു ഒരു വാക്കു കല്പിക്കട്ടെ.

“സ്ത്രീയേ നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു.” എന്നു രണ്ടായിരം വർഷം മുമ്പ് ആ ദേവാലയത്തിൽ വച്ചു

പതനെട്ടുകൊല്ലമായി കൂനു ബാധിച്ചിരുന്ന ആ സ്ത്രീയോടു പറഞ്ഞ അതേ ശബ്ദം ഇന്ന് നിങ്ങളുടെ കാതുകളിൽ മുഴങ്ങട്ടെ. പോരാ നിങ്ങളുടെ ഹൃദയങ്ങളിൽ മാറ്റൊലിക്കൊള്ളട്ടെ. നിങ്ങളുടെ ഹൃദയത്തിന്റെ ഭിത്തികളിൽ അലയടിക്കട്ടെ.

യേശു നിങ്ങളെ സ്നേഹിക്കുന്നു. യേശു നിങ്ങളെ കരുതുന്നു. ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും മാറ്റമില്ലാത്തവനായ യേശുക്രിസ്തു. He is the same yesterday, today, and for ever - ഇന്നലെയും ഇന്നും എന്നെന്നേയ്ക്കും, അനന്യനായ ക്രിസ്തു, അവിടുന്നു ഇതാ ഓരോരുത്തന്റെയും അരികിലേക്ക് വരികയാണ്. യേശു നിങ്ങളെ വിളിക്കുകയാണ്. യേശുവിന് നിങ്ങളുടെ പേര് അറിയാം, യേശുവിന് നിങ്ങളുടെ ഊര് അറിയാം, യേശുവിന് നിങ്ങളുടെ പശ്ചാത്തലം അറിയാം, യേശുവിന് നിങ്ങളുടെ പ്രശ്നം അറിയാം, യേശുവിന് നിങ്ങളുടെ ആവശ്യം അറിയാം, യേശുവിന് നിങ്ങളുടെ സങ്കടം അറിയാം. യേശുവിന് നിങ്ങളുടെ പ്രതിസന്ധി അറിയാം.

യേശു എല്ലാം അറിയുന്നു. യേശു ആ സ്ത്രീയെ വിളിച്ച അതേ സ്വരം ഇന്ന് ഇതാ നിങ്ങളുടെ കാതുകളിലും ഹൃദയത്തിലും മുഴങ്ങുന്നു. മാർത്തേ മാർത്തേ എന്നു വിളിച്ച അതേ സ്വരം തന്നെ, ശമുവേലേ, ശമുവേലേ എന്നു വിളിച്ച അതേ സ്വരം തന്നെ, അബ്രഹാമേ അബ്രഹാമേ എന്നു വിളിച്ച അതേ സ്വരം തന്നെ, ശീമോനേ, ശീമോനേ എന്നു വിളിച്ച അതേ സ്വരം തന്നെ, യെരൂശലമേ, യെരൂശലമേ എന്നു വിളിച്ച അതേ സ്വരം തന്നെ, സക്കായിയെ വേഗം ഇറങ്ങിവാ എന്നു പറഞ്ഞ അതേ സ്വരം തന്നെ ഇപ്പോൾ നിങ്ങളുടെ കാതുകളിൽ മുഴങ്ങുകയാണ്.

"ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്?" എന്നു പറഞ്ഞ് നിഷ്ഠൂരനും ഉപദ്രവിയുമായ ശൗലിനെ വിളിച്ചു പൗലോസാക്കി മാറ്റിയ അതേ സ്വരം തന്നെ ഇപ്പോൾ നിങ്ങളുടെ കാതുകളിൽ മുഴങ്ങുകയാണ്. അവന്റെ സ്വരത്തിന് നിങ്ങൾ ചെവി കൊടുക്കുവിൻ. നിങ്ങളുടെ കൂനു മാറ്റുവാൻ, നിങ്ങളുടെ പ്രതിസന്ധി മാറ്റുവാൻ, നിങ്ങളുടെ പ്രശ്നം മാറ്റുവാൻ, നിങ്ങളുടെ താഴ്ച മാറ്റുവാൻ, നിങ്ങളുടെ ഒറ്റപ്പെടുത്തപ്പെട്ട ജീവിതാനുഭവങ്ങൾ മാറ്റുവാൻ, നിങ്ങളുടെ ജീവിതത്തിലെ തുച്ഛീകരണങ്ങൾ മാറ്റുവാൻ, നിങ്ങൾക്കു നേരിടുന്ന പ്രതിസന്ധികൾ മാറ്റുവാൻ, നിങ്ങൾ അഴലുന്നതായ വിഷയങ്ങളിൽ നിങ്ങൾക്ക് ഒരു പോംവഴി തരുവാൻ, യേശുക്രിസ്തു നിങ്ങളുടെ അരികിലേക്ക് വരുന്നു.

അവന്റെ വചനം നിങ്ങളെ തൊടുന്നു. അവന്റെ ശബ്ദം നിങ്ങളെ തൊടുന്നു. ആ ശബ്ദം നിങ്ങളുടെ കാതുകളിൽ മുഴങ്ങുന്നു. ആ ശബ്ദം നിങ്ങളുടെ ഹൃദയത്തിന്റെ ഭിത്തികളിൽ അലയടിക്കുന്നു. ആ ശബ്ദം ഇതാ നിങ്ങളെ തഴുകുന്നു. ആ സ്വർഗ്ഗീയ സ്വരം നിങ്ങളെ തലോടുന്നു.

മകനേ, നിന്റെ ഹൃദയം ക്രിസ്തുവിനു കൊടുക്കൂ. മകളേ, നിന്റെ ജീവിതം ക്രിസ്തുവിന് കൊടുക്കൂ. ഇന്നു മുതൽ നാഥാ ഞാൻ നിന്റെ വക എന്നു ക്രിസ്തുവിനോടു നിങ്ങൾ വാക്കുപറയൂ. എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും എന്നു ക്രിസ്തുവിനോടു പറയൂ. എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനായ മിശിഹാ തമ്പുരാനേ ഞാൻ ഇതാ സാത്താനെ എന്നെന്നേക്കുമായി ഉപേക്ഷിക്കുന്നു. ഞാൻ യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നു എന്ന് ഹൃദയത്തിൽ നിങ്ങൾ തീരുമാനിച്ചുകൊണ്ട് പറയൂ.

യേശുവേ, എന്നോട് മനസ്സലിയണമേ, എന്നെ അനുഗ്രഹിക്കണമെ, എന്നെ നീ സ്വീകരിക്കണമെ. എന്റെ മേൽ നിന്റെ കരം വെയ്ക്കണമെ.

# രണ്ട്

"അവിടെ പതിനെട്ടു സംവത്സരമായി ഒരു രോഗാത്മാവു ബാധിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായോരു സ്ത്രീ ഉണ്ടായിരുന്നു. യേശു അവളെ കണ്ടു അടുക്കെ വിളിച്ചു."

ലൂക്കൊസ് 13 : 11–12

ഒരു കൂനിയായ സ്ത്രീ അന്ന് പള്ളിയിൽ വന്നിരുന്നു. ആ സംഘാലയത്തിൽ അവൾ മുറയ്ക്ക് വരാറുണ്ട്. ആരാധനയിൽ പങ്കെടുക്കാറുണ്ട്. അന്നും പതിവുപോലെ വന്നതാണ്. യേശു അവളെ കണ്ടു അടുക്കെ വിളിച്ചു. കൂനിക്കൂനി വരുന്ന ആ സാധു സ്ത്രീയെ യേശു എന്തുകൊണ്ടായിരിക്കും പരസ്യമായി വിളിച്ചത്.? ഒരു വൈകല്യമുള്ള ഒരാളെ, അതും കൂനിയായ ഒരാളെ വിളിച്ചു ജനസമൂഹത്തിന്റെ മുമ്പിൽ പരസ്യമാക്കി നിർത്തുക. എന്താണ് അതിന് കാരണം?

അതു പലർക്കും മനസ്സിലാകാത്ത ഒരുകാര്യം ആയിരിക്കാം. ഏതെങ്കിലും തരത്തിൽ ഉള്ളതായ അംഗവൈകല്യമു

ള്ളവർക്ക് ശാരീരികമായ ബലഹീനതയുള്ളവർക്ക് പരസ്യ മായി രംഗത്തു വരാൻ മടികാണും. അങ്ങനെയിരിക്കെ ഈ സ്ത്രീയെ കർത്താവ് പരസ്യമായി വിളിച്ചു. ജനങ്ങളെ ഒരു വലിയ പാഠം പഠിപ്പിക്കുവാനും ഗ്രഹിപ്പിക്കുവാനും ആയി രുന്നു ക്രിസ്തു അതു ചെയ്തത്. യേശുക്രിസ്തു കാരുണ്യ വാനാണെന്നും മനസ്സലിവുള്ളവൻ ആണെന്നും ദുരിതത്തിലും ദുഃഖത്തിലും വലയുന്നവരെ സ്നേഹിക്കുന്നവനാണെന്നും അനേകർ അറിയുവാൻ അതു മുഖാന്തിരമായി തീർന്നു.

പലപ്പോഴും പല അത്ഭുതങ്ങളും കർത്താവു പരസ്യമാ ക്കാതെ ആരോടും പറയരുത് എന്ന് അമർച്ചയായി ശാസി ക്കാറുണ്ട്. ഇതു ഒരു ദേവാലയത്തിൽ വെച്ചാണ് ചെയ്തത്. ദേവാലയത്തിൽ വരുന്ന ആളുകൾ ഭക്തിയുള്ളവരാണ്. മത ഭക്തിയോ, മതതീക്ഷ്ണതയോ ഉള്ളവരാണ്. അവരുടെ ജീവി തത്തിൽ, പുറമേയുള്ള മതപരമായ ആചാരങ്ങളും ചടങ്ങു കളും ഉള്ളവരാണ്. അങ്ങനെ ഉള്ളവർക്ക് ക്രിസ്തു ആര് എന്ന് അറിയുവാനുള്ള ഒരവസരം ലഭിക്കുകയായിരുന്നു.

നന്നായി. യേശു തമ്പുരാൻ അവരെ എല്ലാം കണ്ടു കൊണ്ട് ആ സ്ത്രീയെ പരസ്യമായി വിളിച്ചു. രണ്ടാമതായി യേശു അവളെ വിളിച്ചതു അവളെ അപമാനിക്കാനല്ല, ആളു കളുടെ മുൻപിൽ ഒരു പരിഹാസ പാത്രമാക്കാനുമല്ല, അവളെ സഹായിക്കുന്നതിന് വേണ്ടിയാണ് ക്രിസ്തു വിളിച്ചത്. ക്രിസ്തു ആരെ വിളിച്ചാലും അവരിൽ നിന്ന് എന്തെങ്കിലും കിട്ടുവാനല്ല, അവർക്ക് അനുഗ്രഹം കൊടുക്കുവാനാണ്.

യേശുക്രിസ്തു എക്കാലത്തും മറ്റുള്ളവരെ സഹായി ക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. യേശുക്രിസ്തു പറഞ്ഞു :

"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും."

മത്തായി. 11 : 28

ക്രിസ്തു ആശ്വാസമാണ്. ക്രിസ്തു ആശ്വാസം തരുന്നവനാണ്. "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നാണ് ക്രിസ്തു പറഞ്ഞത്. അന്നു പറഞ്ഞ അതേ സ്വരം തന്നെയാണ് ഇന്നും കേൾക്കുന്നത്. ക്രിസ്തു തന്റെ ഐഹിക പരസ്യശുശ്രൂഷയുടെ ഒടുവിലത്തെ നാളുകളിൽ ഒടുവിലത്തെ പ്രസംഗത്തിൽ പറഞ്ഞു :

"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു, ലോകം തരുന്നതു പോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്, നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്."

യോഹ 14 : 27

"ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." യോഹ 16 : 33

എത്ര ധൈര്യം പകരുന്ന വാക്കുകൾ, ആശ്വാസം നിറഞ്ഞ വാക്കുകൾ! എന്നും ക്രിസ്തു അങ്ങനെയാണ്, ഇന്നും അതെ.

യേശുക്രിസ്തു നിങ്ങളെ വാത്സല്യത്തോടെ നോക്കുകയാണ്. മൂന്നാമതായി അവളെ പരസ്യമായി നിർത്തിയത്

സാത്താന്റെ ബന്ധനങ്ങൾ ജനത്തിനു വെളിപ്പെടുത്തിക്കൊടുക്കുവാനാണ്.

സാത്താൻ പതിനെട്ടു കൊല്ലമായി ബന്ധിച്ചിരിക്കുന്നു എന്നാണ് കർത്താവു പറഞ്ഞത്, രോഗാത്മാവു ബാധിച്ചു എന്നാണ് കർത്താവ് പറഞ്ഞത്. അതൊരു ആത്മാവാണ്, ഒരു ദുരാത്മാവാണ്. രോഗത്തിന്റെ ദുരാത്മാവ്. സാത്താൻ അവളെ ബന്ധിച്ചു. പൈശാചിക ശക്തി അവളെ കീഴ്പ്പെടുത്തി. സാത്താന്റെ ബന്ധനം മൂലം അവൾക്ക് രോഗം വന്നു. ഇക്കാര്യം യേശുക്രിസ്തു ജനത്തിനു മനസ്സിലാക്കിക്കൊടുക്കുവാൻ, പൈശാചിക ബന്ധനങ്ങളും ബാധകളും മനുഷ്യന്റെ മേൽ ഉണ്ട് എന്നുള്ള സത്യം ജനത്തിനു മനസ്സിലാക്കി കൊടുക്കുവാൻ ക്രിസ്തു പരസ്യമായി അവളെ അടുക്കലേക്ക് വിളിച്ചു.

അവളുടെ രോഗബാധ, അവളുടെ പൈശാചിക ബാധ, എന്നിവയെക്കുറിച്ചു തുടർന്നു പറയുന്നതിൽ നിന്ന് നാം മനസ്സിലാക്കുന്നു അവിടെയുള്ള മഹാപുരോഹിതന്മാരും ഇത് അറിയേണ്ടിയിരുന്നു. അവർ യേശുക്രിസ്തുവിനെ ചോദ്യം ചെയ്യുന്നു. പള്ളിപ്രമാണി നീരസപ്പെടുന്നു.

വേല ചെയ്യുവാൻ ആറു ദിവസം ഉണ്ട്, ഇന്നു ശാബതു നാളിൽ വന്നു ഇങ്ങനെ ഒരാളുടെ മേൽ കൈ വെയ്ക്കുകയും ഒരാളെ രോഗസൗഖ്യം നൽകുകയും ചെയ്യുന്നത് ന്യായപ്രമാണ കല്പനയ്ക്കു വിരുദ്ധമാണ് എന്നാണ് പള്ളിപ്രമാണിയുടെ ഭാവം. ന്യായപ്രമാണ കല്പനകളുടെ അക്ഷരമാണ് അദ്ദേഹം നോക്കുന്നത്, അതിന്റെ ആത്മാവല്ല.

അനേകർ അങ്ങനെയാണ്, ചില ചടങ്ങുകളിൽ മാത്രം

തങ്ങി നിൽക്കുന്നു, ചില ചടങ്ങുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു, ആത്മാവിലേക്കു ഇറങ്ങുന്നില്ല. അന്തരാത്മാവിൽ ചൈതന്യം ലഭിക്കുവാനോ മനസ്സമാധാനം ലഭിക്കുവാനോ ജീവിതത്തിൽ വ്യതിയാനം വരുവാനോ കുടുംബത്തിൽ സമാധാനം വരുവാനോ ഭാവി ശ്രേയസ്കരമാകുവാനോ, ഉള്ള വഴികൾ അനേകർക്കു ഇന്ന് അടഞ്ഞിരിക്കുകയാണ്.

ചില ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാമൂലുകളിലും മാത്രം തങ്ങിനിൽക്കുന്നതായ വിശ്വാസമാണ് ഇന്നു പലർക്കും. പള്ളിപ്രമാണി നീരസപ്പെട്ടതു അതുകൊണ്ടാണ്. ന്യായപ്രമാണ കല്പന അനുസരിച്ചു ശാബതിൽ ഒരു കരിയില പോലും പെറുക്കി എടുക്കുവാനോ മുറ്റത്തു കിടക്കുന്ന കരിയില ഒന്നു മാറ്റിയിടുവാനോ പോലും പാടില്ല. കാരണം അതൊരു പ്രവൃത്തിയാണ്, അത്രമാത്രം പ്രമാണങ്ങളിൽ നിഷ്ഠയുണ്ട്, പക്ഷേ ജീവിതത്തിൽ നിഷ്ഠയില്ല.

നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയിൽ പതാരം കൊടുക്കുന്നു. ന്യായവും ദൈവസ്നേഹവും വിട്ടുകളയുകയും ചെയ്യുന്നു എന്ന് കർത്താവു അവരെക്കുറിച്ചു പറഞ്ഞു. മത്തായി 23 : 23-24

നമ്മുടെ ആത്മീയ ജീവിതം എങ്ങനെയിരിക്കുന്നു? ചില ചടങ്ങുകളിൽ മാത്രം തങ്ങി നിൽക്കുകയാണോ? ആന്തരാത്മാവിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഭക്തിയാണ് ക്രിസ്തീയ ജീവിതം. ആന്തരാത്മാവിൽ വ്യതിയാനം വരുന്ന ഭക്തിയാണ് ക്രിസ്തീയ ജീവിതം.

മനുഷ്യന്റെ മനസ്സിൽ കാതലായ മാറ്റം വരുത്തുന്ന

ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അത്ഭുതകരമായ ശക്തി നമ്മിൽ പ്രവർത്തിക്കാൻ തുടങ്ങുമ്പോൾ, ഓരോ ആചാര ത്തിനും അനുഷ്ഠാനത്തിനും ഉള്ള അർത്ഥമെന്ത്, വില യെന്ത് എന്ന് തിരിച്ചറിയും.

ക്രിസ്തുവിനെ നിങ്ങൾ കാണുവിൻ. ക്രിസ്തുവിനെ നിങ്ങൾ വിശ്വസിപ്പിൻ. ക്രിസ്തു എന്തു ചെയ്യുന്നു, എല്ലാം നന്മയ്ക്ക്. പരസ്യമായി വിളിക്കുന്നത് നന്മയ്ക്ക്, ക്രിസ്തു പേർ ചൊല്ലി വിളിക്കുന്നത് നന്മയ്ക്ക്, ക്രിസ്തു വചനം തരു ന്നത് നന്മയ്ക്ക്, ക്രിസ്തുവിന്റെ കരം തൊടുന്നത് നന്മയ്ക്ക്, ക്രിസ്തുവിന്റെ അരികിൽ എത്താൻ ഒക്കുന്നത് നന്മയ്ക്ക്, യേശുക്രിസ്തു നന്മയുടെ വിളനിലമാണ്, യേശുക്രിസ്തു അനുഗ്രഹത്തിന്റെ കേദാരമാണ്.

ഇപ്പോൾ ഈ വചനം നിങ്ങൾ വായിച്ചുകൊണ്ടിരിക്കു മ്പോൾ നിങ്ങൾ ഇരിക്കുന്ന സ്ഥാനത്തേക്ക് യേശു വരുന്നു എന്ന് നിങ്ങൾ സങ്കല്പിക്കു. നിങ്ങൾ ഭാവനയിൽ ആ രംഗം ഒന്നു കാണൂ. രണ്ടായിരം വർഷം മുമ്പ് ആ പള്ളി യിൽ കൂനിക്കൂനി വന്ന, പതിനെട്ടു വർഷമായി കൂനു ബാ ധിച്ച സ്ത്രീ, സ്ത്രീയെ യേശു അടുക്കലേക്ക് വിളിച്ചു, അവളുടെ മുതുകത്തു കരം വെച്ചതുപോലെ ഇന്ന് നിങ്ങ ളുടെ ദയനീയാവസ്ഥ കണ്ടു നിങ്ങളെ അടുക്കലേക്ക് വിളി ക്കുന്ന യേശുക്രിസ്തുവിനെ നിങ്ങൾ ഒന്നു അറിയുവിൻ.

യേശുക്രിസ്തു ക്രൂശിൽ മരിച്ചത് ആ സ്നേഹത്തിന്റെ നിദർശനമായിട്ടാണ്. ക്രിസ്തു ജീവൻ ത്യജിച്ചത് എന്തിന്? നമ്മുടെ ബന്ധനം അഴിക്കാൻ.

"അവന്റെ പുത്രനായ യേശുവിന്റെ രക്തം

സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."
1 യോഹ 1 : 7

വചനം കേൾപ്പിൻ, വചനം വിശ്വസിപ്പിൻ, ജീവിതം ക്രിസ്തുവിന് സമർപ്പിക്കുവിൻ, പുതിയ പ്രതിഷ്ഠയും സമർപ്പണവും എടുക്കുവിൻ, ദൈവത്തോടു വാക്കുപറയുവിൻ. യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക.

# മൂന്ന്

"വീഴുന്നവരെ ഒക്കെയും യഹോവ താങ്ങുന്നു, കുനിഞ്ഞിരിക്കുന്നവരെ ഒക്കെയും അവൻ നിവർത്തുന്നു."
സങ്കീ. 145 : 14

"പീഡിതന്മാർക്കു അവൻ ന്യായം പാലിച്ചു കൊടുക്കുന്നു, വിശപ്പുള്ളവർക്കു അവൻ ആഹാരം നൽകുന്നു, യഹോവ ബദ്ധന്മാരെ അഴിച്ചു വിടുന്നു. യഹോവ കുരുടന്മാർക്കു കാഴ്ച കൊടുക്കുന്നു, യഹോവ കുനിഞ്ഞിരിക്കുന്നവരെ നിവർത്തുന്നു."
സങ്കീർ 146 : 7–8

"മനം തകർന്നവരെ അവൻ സൗഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു."
സങ്കീ 147 : 3

"യഹോവ കുനിഞ്ഞിരിക്കുന്നവരെ നിവർത്തുന്നു."
സങ്കീ 146 : 8

പതിനെട്ടു കൊല്ലമായി കൂനുബാധിച്ച സ്ത്രീ അന്നു പള്ളിയിൽ വന്നു. യേശു അവളെ കണ്ടു, യേശു അവളെ അടുക്കെ വിളിച്ചു. യേശു അവളുടെ മുതുകത്തു തന്റെ കരംവെച്ചു. “സ്ത്രീയേ നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു.” എന്ന് പറഞ്ഞു.

രോഗത്തിന്റെ ബന്ധനം! മനുഷ്യർ ഇന്ന് പലതരത്തിലുള്ളതായ ബന്ധനം ഉള്ളവർ ആണ്. പുറമെ മനുഷ്യൻ സ്വതന്ത്രനാണ്. ആർക്കും അവനെ നിയന്ത്രിക്കുവാൻ സാധ്യമല്ല. അവൻ സർവ്വതന്ത്രസ്വതന്ത്രനാണ്. മതസ്വാതന്ത്ര്യമുണ്ട്, അഭിപ്രായ സ്വാതന്ത്ര്യമുണ്ട്, പത്രസ്വാതന്ത്ര്യമുണ്ട്, വിദ്യാഭ്യാസ സ്വാതന്ത്ര്യമുണ്ട്, രാഷ്ട്രീയ സ്വാതന്ത്ര്യമുണ്ട്, സാമുദായിക സ്വാതന്ത്ര്യമുണ്ട്, വ്യക്തി സ്വാതന്ത്ര്യമുണ്ട്.

മനുഷ്യൻ സ്വതന്ത്രനാണ്, പക്ഷേ ആന്തരികമായി പറഞ്ഞാൽ മനുഷ്യൻ ബന്ധനത്തിലാണ്. പലതരത്തിലുള്ള ബന്ധനങ്ങൾ. ഇവിടെ നാം കാണുന്നത് ആ സ്ത്രീക്ക് രോഗത്തിന്റെ ബന്ധനം ഉണ്ടായിരുന്നു. അതു ശരീരത്തിൽ തന്നെ ഉള്ളതാണ്. ശരീരത്തിൽ രോഗം.

മനുഷ്യൻ എക്കാലത്തും വലയുന്ന ഒരു പ്രശ്നമാണ് രോഗം. ശരീരത്തിൽ രോഗമുള്ളവർ ഉണ്ട്. മനസ്സിൽ രോഗം ഉള്ളവർ ഉണ്ട് - മാനസിക രോഗം. ആത്മാവിൽ രോഗം ഉള്ളവർ ഉണ്ട്. ദേഹം, ദേഹി, ആത്മാവ്. മനുഷ്യന് ദേഹമുണ്ട് ദേഹി ഉണ്ട്, ആത്മാവ് ഉണ്ട്. ദേഹത്തിലും ദേഹിയിലും, ആത്മാവിലും രോഗം ഉള്ളവർ ഉണ്ട്. ശരീരത്തിലെ രോഗം മനുഷ്യന് തന്നെത്താൻ അറിയാം. അവന് അതിന്റെ വേദന അറിയാം, അതിന്റെ യാതന മനുഷ്യനു മനസ്സിലാകും. ശരീരത്തിൽ രോഗം.

ഈ രോഗത്തിന്റെ പിന്നിൽ ഒരു ദുരാത്മാവുണ്ട്. ദൈവം ആർക്കും ഒരു ദോഷവും വരുത്തുന്നില്ല. രോഗം വരുത്തുന്നത് പിശാചാണ്. യാതൊരു ദുരിതവും ദൈവം മനുഷ്യർക്കു വരുത്തുന്നില്ല. ദുരിതങ്ങളും ആപത്തുകളും കേടുകളും കെടുതികളും, കഷ്ടങ്ങളും, നഷ്ടങ്ങളും എല്ലാം വരുത്തുന്നത് പിശാചാണ്. അതിനെക്കുറിച്ചു യാക്കോബിന്റെ ലേഖനം ഒന്നാം അദ്ധ്യായത്തിൽ പറയും.

> “പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവ് തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു, താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു, പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു.”
>
> യാക്കോ. 1 : 12 – 15

മനുഷ്യന്റെ ജീവിതത്തിൽ പൈശാചികന് അവകാശം വരുന്നത് പാപം മൂലമാണ്. മനുഷ്യന് കൺമോഹമുണ്ട്, ജഡമോഹമുണ്ട്, ജീവനത്തിന്റെ പ്രതാപമുണ്ട്, പ്രതാപമോഹമുണ്ട്. Self ഉണ്ട്, Sex ഉണ്ട്, Silver ഉണ്ട്, മനുഷ്യന്റെ ബന്ധനം. പണത്തോടു ബന്ധനമുണ്ട്, ലൈംഗികമോഹങ്ങളോട് ബന്ധനമുണ്ട്, ലോകത്തിലെ സ്വയപ്രതാപത്തോട് ബന്ധനമുണ്ട്. ഈ ബന്ധനങ്ങളിൽ പെട്ട് മനുഷ്യൻ ഉഴലുന്നു. അങ്ങനെ

മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു, പാപത്തിന്റെ അധിപതിയായ പിശാച് മനുഷ്യനിൽ പാപം വരുമ്പോൾ അകത്തു കടക്കുന്നു.

പാപം ജീവിതത്തിൽ ഇല്ലെങ്കിൽ പിശാചിന് പ്രവേശിക്കാൻ സാധ്യമല്ല. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു, പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു.

എന്നാൽ സാത്താന്റെ തന്ത്രങ്ങളും ബന്ധനങ്ങളും അഴിപ്പാനാണ് ക്രിസ്തു പ്രത്യക്ഷനായത്. രോഗമുണ്ട് പക്ഷെ രോഗസൗഖ്യം ക്രിസ്തു തരും. അതുകൊണ്ടാണ് "ക്രിസ്തുവിന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം" എന്ന് തിരുവചനം പറയുന്നത്. യേശുക്രിസ്തു ജനിക്കുന്നതിന് 750 കൊല്ലം മുമ്പ് യെശയ്യാ പ്രവാചകൻ പറഞ്ഞു :

> "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു, നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു, നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെമേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു." യെശ 53 : 4-5

ക്രിസ്തുവിന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു. പത്രോസ് അപ്പോസ്തലൻ തന്റെ ഒന്നാമത്തെ ലേഖനത്തിൽ ഇങ്ങനെ പറയും :

"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു ക്രിസ്തു തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് കുരിശിന്മേൽ കയറി, അവന്റെ ആടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു."

1 പത്രോസ് 2 : 24

പുറപ്പാട് പുസ്തകത്തിൽ ഇങ്ങിനെ പറയും.

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു." പുറപ്പാട് 15 : 26

രോഗത്തിനു സൗഖ്യം തരുവാൻ ക്രിസ്തുവിന് കഴിയും. ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു - യഹോവ റാഫാ - സൗഖ്യം തരുന്ന ദൈവം. രോഗത്തിന്റെ ശക്തിയേയും സ്വാധീനത്തേയും ശരീരത്തിൽ നിന്ന് അകറ്റുന്ന ക്രിസ്തു. "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു." അതുകൊണ്ടാണ് പൂർവ്വിക പിതാക്കന്മാർ പാടിയത്.

"നോക്കണമെൻ ദുരിതം നാഥാ -
പലതര ദോഷം ഞാൻ ചെയ്തു കോപിപ്പിച്ചു-
ശരണമെനിക്കില്ല.
വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തി -
ട്ടില്ലൊരു ഗുണവും എൻ വ്രണമോ കഠിനം.
നൽ വൈദ്യാ നിന്നേയും നിൻ-
ഔഷധഗുണവും ഞാൻ കേട്ടു, നിങ്കൽ വരുന്നോൻ
സുഖമേല്ക്കും നൂനം."

ക്രിസ്തുവിന്റെ അരികിൽ എത്തിയാൽ നിശ്ചയമായും സുഖം ലഭിക്കും. കർത്താവേ, എന്റെ വ്രണങ്ങൾ പെരുകിയിരിക്കുന്നു. എന്റെ രോഗം വർദ്ധിച്ചിരിക്കുന്നു. കർത്താവേ, നല്ല വൈദ്യനായുള്ളോവേ, നിന്റെ തിരുരക്തത്തിന്റെ സന്നിധാനത്തിലേക്ക് ഞാൻ ഇതാ വരുന്നു.

നിങ്ങളെത്തന്നെ സമർപ്പിക്കുവിൻ. രോഗബന്ധനം കർത്താവ് അഴിക്കട്ടെ. രോഗത്തിന്റെ ബാധകൾ കർത്താവു മാറ്റട്ടെ. സകല തിന്മകളും കർത്താവ് ദൂരീകരിക്കട്ടെ. സകല യാതനകളിലും വേദനകളിലും ദുരിതങ്ങളിലും പ്രശ്നങ്ങളിലും യേശുക്രിസ്തു കടന്നു വന്ന് അത്ഭുതം പ്രവർത്തിക്കട്ടെ.

# നാല്

"അവിടെ പതിനെട്ടു സംവത്സരമായി ഒരു രോഗാത്മാവു ബാധിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായോരു സ്ത്രീ ഉണ്ടായിരുന്നു. യേശു അവളെ കണ്ടു അടുക്കെ വിളിച്ചു. സ്ത്രീയെ നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു അവളുടെമേൽ കൈവെച്ചു. അവൾ ക്ഷണത്തിൽ നിവർന്നു ദൈവത്തെ മഹത്വപ്പെടുത്തി." ലൂക്കൊസ് 13 : 11–13

മുപ്പത്തി എട്ടാം സങ്കീർത്തനം മൂന്നുമുതൽ ആറുവരെ വാക്യങ്ങൾ വായിക്കുമ്പോൾ നാം കാണുന്നു. മനുഷ്യ ജീവിതത്തിൽ ദുരിതവും, ദുഃഖവും വന്ന് അവനെ കുനിയിക്കുന്നു എന്ന്.

"നിന്റെ നീരസം ഹേതുവായി എന്റെ ദേഹത്തിൽ സൗഖ്യമില്ല, എന്റെ പാപം ഹേതുവായി

> എന്റെ അസ്ഥികളിൽ സ്വസ്ഥതയുമില്ല. എന്റെ അകൃത്യങ്ങൾ എന്റെ തലയക്കുമീതെ കവിഞ്ഞിരിക്കുന്നു, ഭാരമുള്ള ചുമടുപോലെ അവ എനിക്കു അതിഘനമായിരിക്കുന്നു. എന്റെ ഭോഷത്വം ഹേതുവായി എന്റെ വ്രണങ്ങൾ ചീഞ്ഞു നാറുന്നു. ഞാൻ കുനിഞ്ഞു ഏറ്റവും കൂനിയിരിക്കുന്നു. ഞാൻ ഇടവിടാതെ ദുഃഖിച്ചു നടക്കുന്നു. എന്റെ അരയിൽ വരൾച്ച നിറഞ്ഞിരിക്കുന്നു, എന്റെ ദേഹത്തിൽ സൗഖ്യമില്ല. ഞാൻ ക്ഷീണിച്ചു അത്യന്തം തകർന്നിരിക്കുന്നു, എന്റെ ഹൃദയത്തിലെ ഞരക്കം നിമിത്തം ഞാൻ അലറുന്നു."
>
> സങ്കീ. 38 : 3 - 8

ഞാൻ കുനിഞ്ഞു ഏറ്റവും കൂനിയിരിക്കുന്നു. ഞാൻ ഇടവിടാതെ ദുഃഖിച്ചു നടക്കുന്നു. കുനിഞ്ഞു കൂനിപ്പോയി. രോഗംമൂലം ശരീരത്തിൽ അസ്വസ്ഥത. എന്റെ അസ്ഥികളിൽ സ്വസ്ഥതയില്ല, എന്റെ വ്രണങ്ങൾ ചീഞ്ഞു നാറുന്നു. എന്റെ അരയിൽ വരൾച്ച നിറഞ്ഞിരിക്കുന്നു. ഞാൻ ക്ഷീണിച്ചു അത്യന്തം തകർന്നിരിക്കുന്നു. എന്റെ ഹൃദയത്തിലെ ഞരക്കം നിമിത്തം ഞാൻ അലറുന്നു എന്നാണ് ദാവീദ് ഏങ്ങലടിച്ചു കരയുന്നത്.

ശരീരത്തിൽ രോഗം എന്താണ്? അങ്ങനെ കൂനിപ്പോയി. കുനിഞ്ഞു ഏറ്റവും കൂനിയിരിക്കുന്നു.

ശരീരത്തിൽ രോഗം ബാധിക്കുന്നതു മൂലം, മനസ്സു കുനിഞ്ഞവർ ഉണ്ട്. മനസ്സ് തളർന്നവർ ഉണ്ട്. നിരാശ ബാധിച്ചവർ ഉണ്ട്, ആകുലം അലട്ടുന്നവർ ഉണ്ട്. ഭാവി ഇരുളടഞ്ഞ് പോകുന്നവർ ഉണ്ട്. നാളയെ ഓർത്തു നെടുവീർപ്പ് ഇടുന്ന

വർ ഉണ്ട്. ഞാൻ കുനിഞ്ഞു ഏറ്റവും കൂനിയിരിക്കുന്നു.

എന്നാൽ കൂനു നിവർത്തുന്ന ക്രിസ്തു അന്ന് ആ പതി നെട്ടു കൊല്ലമായി കൂനുബാധിച്ച സ്ത്രീയുടെ മുതുകത്തു തന്റെ കരം വെച്ചു അവളെ നിവരുമാറാക്കിയ ക്രിസ്തു ഇന്ന് നിന്റെ അരികിലേക്ക് വരുന്നു. നിന്നെ തൊടുവാൻ തന്റെ കരം നീട്ടുന്നു.

ആ കരത്തിന്നു നിന്നെത്തന്നെ ഒന്നു വിനയപ്പെടുത്തുമോ? നിന്റെ ഭാവി ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കുമോ? നാഥാ, ഇക്കാലമത്രയും ഞാൻ നിന്നെ അറിയാതെ ജീവിച്ചു. ഞാൻ പാപത്തിനു വഴിപ്പെട്ടു ജീവിച്ചു. ഉടയവനേ, എന്റെ അകൃത്യം എന്നോട് ഓർക്കരുതേ, എന്റെ പാപം എന്നോട് ക്ഷമിക്കണമേ, നാഥാ ഞാൻ അറിഞ്ഞും അറിയാതെയും തെറ്റുകളിലേക്ക് പോയി. വെറിക്കൂത്തുകളിൽ മുഴുകിപ്പോയി. മദ്യത്തിനു അടിമയായിപ്പോയി. വഴക്കും പിണക്കവും കല ഹവും വാശിയും വൈരാഗ്യവും എന്റെ ഹൃദയത്തിൽ നിറ ഞ്ഞുപോയി. എന്റെ ഓരോ പ്രവൃത്തികളിലും ഇഷ്ടക്കുറ വും, നീരസവും, മുഷിച്ചിലും നിറഞ്ഞു നിന്നുപോയി. എന്റെ നാഥാ, എന്റെ ജീവിതം ആകെ തകർന്നുപോയി. എന്റെ ശരീരം ഞാൻ പാപത്തിനു വിട്ടുകൊടുത്തുപോയി. എന്റെ പൈസ ഞാൻ അനാവശ്യമായി ചെലവഴിച്ചുപോയി. ദൈവം പ്രസാദിക്കാത്ത വിധത്തിൽ ഞാൻ പൈസ സമ്പാദിച്ചു. ദൈവം പ്രസാദിക്കാത്ത വിധത്തിൽ ഞാൻ പൈസ ചെലവ ഴിച്ചു. എന്റെ ദൈവമേ, പുറത്തു പറയാൻ ലജ്ജിക്കുന്നതായ ഹീന പ്രവൃത്തികളിലും മ്ലേച്ഛ ജീവിതത്തിലും അശുദ്ധ മോഹങ്ങളിലും ഞാൻ മുഴുകിപ്പോയി.

നിന്റെ ഹൃദയം നീ സമർപ്പിക്കൂ, നിന്റെ ജീവിതത്തിൽ

വന്നുപോയ അരിഷ്ടതയും കഷ്ടതയും യാതനയും ഇപ്പോൾ തിരിച്ചറിഞ്ഞുകൊണ്ട് കരുണാസമ്പന്നനായ ക്രിസ്തുവിനോടു യാചിപ്പിക്കൂ. നാഥാ, ഞാൻ കുനിഞ്ഞ് ഏറ്റവും കൂനിയിരിക്കുന്നു.

സൗഖ്യം തരുന്ന ക്രിസ്തു തന്റെ കരം നിങ്ങളുടെ മേൽ വെയ്ക്കട്ടെ.

ക്രിസ്തു നിന്റെ കൂനു നിവിർത്തട്ടെ. താഴ്ചയിൽ നിന്ന് ഉയർത്തട്ടെ. സമാധാനം നിനക്കു തരട്ടെ. അനുഗ്രഹകരമായ ഭാവി നിനക്ക് പ്രദാനം ചെയ്യട്ടെ.

കൂനു ബാധിക്കുന്നത് ദുഃഖം കൊണ്ടാകും, രോഗം കൊണ്ടാകും. കഷ്ടപ്പാടുകൾ കൊണ്ട്, മറ്റുള്ളവരുടെ എതിർപ്പുകൾ കൊണ്ട്, സകലരും പരിഹസിക്കുന്നത് കൊണ്ട് തളർന്നു പോകാം. നാല്പത്തി നാലാം സങ്കീർത്തനത്തിൽ ഇങ്ങനെ വായിക്കുന്നു.

> "നീ നിന്റെ മുഖത്തെ മറയ്ക്കുന്നതും ഞങ്ങളുടെ കഷ്ടവും പീഡയും മറന്നു കളയുന്നതും എന്ത്? ഞങ്ങൾ നിലത്തോളം കുനിഞ്ഞിരിക്കുന്നു, ഞങ്ങളുടെ വയറു ഭൂമിയോടു പറ്റിയിരിക്കുന്നു."
> സങ്കീ. 44 : 24 – 25

ദുരിതം മൂലം കുനിഞ്ഞു പോയി എന്നാണ് സങ്കീർത്തനത്തിൽ ഇവിടെ പാടുന്നത്.

> "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു, അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ

എണ്ണുന്നു.” സങ്കീ. 44 : 22

ദുരിതങ്ങൾ, മറ്റുള്ളവരുടെ എതിർപ്പുകൾ, വലിയ വൈരാഗ്യ പൂർവ്വമായ പ്രവർത്തനങ്ങൾ! മനസ്സു വലഞ്ഞു പോവുകയാണ്. അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു, നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു എന്നാണ് സങ്കീർത്തനക്കാരൻ നിലവിളിക്കുന്നത്.

> “ഭക്ഷണത്തിനുള്ള ആടുകളെപ്പോലെ നീ ഞങ്ങളെ ഏല്പിച്ചു കൊടുത്തു, ജാതികളുടെ ഇടയിൽ ഞങ്ങളെ ചിന്നിച്ചിരിക്കുന്നു. നീ നിന്റെ ജനത്തെ വില വാങ്ങാതെ വില്ക്കുന്നു. അവരുടെ വിലകൊണ്ടു സമ്പത്തു വർദ്ധിപ്പിക്കുന്നതുമില്ല. നീ ഞങ്ങളെ അയൽക്കാർക്കു അപമാന വിഷയവും ചുറ്റുമുള്ളവർക്കു നിന്ദയും പരിഹാസവും ആക്കുന്നു. നീ ജാതികളുടെ ഇടയിൽ ഞങ്ങളെ പഴഞ്ചൊല്ലിന്നും വംശങ്ങളുടെ നടുവിൽ തലകുലുക്കത്തിന്നും വിഷയം ആക്കുന്നു. നിന്ദിച്ചു ദുഷിക്കുന്നവന്റെ വാക്കു ഹേതുവായും ശത്രുവിന്റേയും പ്രതികാരകന്റെയും നിമിത്തമായും എന്റെ അപമാനം ഇടവിടാതെ എന്റെ മുമ്പിൽ ഇരിക്കുന്നു, എന്റെ മുഖത്തെ ലജ്ജ എന്നെ മൂടിയിരിക്കുന്നു. ഇതൊക്കെയും ഞങ്ങൾക്കു ഭവിച്ചു.” സങ്കീ. 44 : 11 – 17

സങ്കീർത്തനക്കാരൻ കരയുകയാണ്, അയൽക്കാർക്ക് ഞാൻ അപമാന വിഷയമായി. ചുറ്റുമുള്ളവർക്ക് നിന്ദയും പരിഹാസവും ആയി. ജാതികളുടെ ഇടയിൽ ഒരു പഴഞ്ചൊല്ലിനു വിഷയമായി. വംശങ്ങളുടെ നടുവിൽ ആളുകൾ തല

കുലുക്കി പരിഹസിച്ചു പുച്ഛിക്കുന്നതിനു കാരണമായി. നിന്ദിച്ചു ദുഷിക്കുന്നവന്റെ വാക്കുകൾ കേൾക്കേണ്ടി വന്നു. ശത്രുവിന്റേയും പ്രതികാരകന്റേയും ക്രൂരമായ വാക്കുകളും പ്രവർത്തനങ്ങളും നേരിടേണ്ടി വന്നു. മുഖത്തെ ലജ്ജ എന്നെ മൂടിയിരിക്കുന്നു. ഇതൊക്കെയും ഞങ്ങൾക്ക് ഭവിച്ചു.

അടിക്കടി ദുരിതങ്ങളും ആപത്തുകളും വന്നു അങ്ങനെ വലയുകയാണ്. കഷ്ടപ്പാടും ദുഃഖവുമായി വലയുകയാണ്. ഒന്നുമാറി ഒന്നുമാറി പ്രശ്നങ്ങൾ വരികയാണ്. കുനിഞ്ഞു പോയി.

ജീവിതത്തിൽ മറ്റുള്ളവരിൽ നിന്നുള്ള എതിർപ്പുകളും പരിഹാസവും നിന്ദയും ആക്ഷേപവും അപമാനവും ഏറ്റു മനസ്സു കലങ്ങി, മുഖം ലജ്ജകൊണ്ടു കുനിഞ്ഞു, ആരുടേയും മുൻപിൽ തല നിവിർത്താൻ നിർവ്വാഹമില്ലാതെ വലഞ്ഞു ആയുസ്സു തള്ളിനീക്കിക്കൊണ്ടിരിക്കുന്ന ആരെല്ലാം ഈ വചനം വായിക്കുന്നുണ്ട്.

കേൾപ്പിൻ, നിന്റെ മുഖം നിവർത്തുവാൻ ക്രിസ്തു ഉണ്ട്. നിന്റെ കൂനു നിവർത്തുവാൻ ക്രിസ്തു ഉണ്ട്. നിന്നെ താങ്ങുവാൻ ക്രിസ്തു ഉണ്ട്. മകനേ, നിന്റെ അരികിലേക്കു വരുന്ന യേശുവിനെ നീ കാണുവിൻ, മകളേ നിന്റെ അരികത്തു നിൽക്കുന്ന ക്രിസ്തുവിനെ നീ കാണുവിൻ, നീ ക്രിസ്തുവിനെ വിളിച്ചു അപേക്ഷിപ്പിൻ.

# അഞ്ച്

നിന്റെ നീരസം ഹേതുവായി എന്റെ ദേഹത്തിൽ സൗഖ്യമില്ല, എന്റെ പാപം ഹേതുവായി എന്റെ അസ്ഥികളിൽ സ്വസ്ഥതയുമില്ല. എന്റെ അകൃത്യങ്ങൾ എന്റെ തലയ്ക്കു മീതെ കവിഞ്ഞിരിക്കുന്നു, ഭാരമുള്ള ചുമടുപോലെ അവ എനിക്കു അതിഘനമായിരിക്കുന്നു. എന്റെ ഭോഷത്വം ഹേതുവായി എന്റെ വ്രണങ്ങൾ ചീഞ്ഞു നാറുന്നു. ഞാൻ കുനിഞ്ഞു ഏറ്റവും കൂനിയിരിക്കുന്നു. ഞാൻ ഇടവിടാതെ ദുഃഖിച്ചു നടക്കുന്നു. സങ്കീ. 38 : 3 - 6

കൂനിപ്പോകുന്നതിന് മറ്റൊരു കാരണം. പാപത്തിന്റെ ബന്ധനം ആണ്.

ഒന്ന് : രോഗത്തിന്റെ ബന്ധനം. രണ്ട് : പാപത്തിന്റെ ബന്ധനം.

“പാപം ഹേതുവായി എന്റെ അസ്ഥികളിൽ സ്വസ്ഥതയു

മില്ല. എന്റെ ഭോഷത്വം ഹേതുവായി എന്റെ വ്രണങ്ങൾ ചീഞ്ഞു നാറുന്നു. ഞാൻ കുനിഞ്ഞു ഏറ്റവും കൂനിയിരിക്കുന്നു" ബന്ധനം, പാപത്തിന്റെ ബന്ധനം. അപ്പൊസ്തല പ്രവൃത്തികളുടെ എട്ടാം അദ്ധ്യായത്തിൽ ഇങ്ങനെ കാണാം.

> "നീ കൈപ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്നു ഞാൻ കാണുന്നു എന്നുപറഞ്ഞു." അപ്പൊ. 8 : 23

അനീതിയുടെ ബന്ധനം, പാപത്തിന്റെ ബന്ധനം. ശമര്യയിലെ ശീമോൻ എന്നു ഒരു മന്ത്രവാദി മാനസാന്തരപ്പെട്ടു. ആഭിചാരം വിട്ടു, ക്ഷുദ്രപ്രയോഗങ്ങൾ വിട്ടു. പക്ഷേ അവന്റെ ഹൃദയം ബന്ധനത്തിൽ നിന്നും മോചനം പ്രാപിച്ചില്ല. മറ്റുള്ളവർ എന്നെ ആദരിക്കണം, മറ്റുള്ളവരുടെ മുമ്പിൽ എനിക്ക് ആളാകണം. മറ്റുള്ളവരുടെ മുമ്പിൽ ഞാൻ പ്രസിദ്ധനാകണം എന്നിങ്ങനെ ഉള്ളതായ അവന്റെ ആഗ്രഹം. അത് പാപമാണെന്നുപോലും അവൻ മനസ്സിലാക്കിയില്ല.

അപ്പൊസ്തലനായ പത്രോസും യോഹന്നാനും ചെയ്യുന്നതായ അത്ഭുത പ്രവൃത്തികൾ അവനും ചെയ്യണം എന്ന് അവൻ ആഗ്രഹിച്ചു. ആഗ്രഹം നല്ലതാണ് എന്നു തോന്നാം. പക്ഷേ അതിന്റെ പിന്നിലുള്ള ഉദ്ദേശം തെറ്റായിരുന്നു. മനുഷ്യരുടെ മുമ്പിൽ പ്രസിദ്ധനാകാനുള്ള ആഗ്രഹത്തിൽ നിന്നാണ് നല്ലകാര്യം ചെയ്യാനുള്ള താത്പര്യം പോലെ വന്നത്. ഇന്നുള്ള പല നല്ല കാര്യങ്ങളും അങ്ങിനെയല്ലേ നടക്കുന്നത്. സാധുജനസേവനം, ആതുരശുശ്രൂഷ, അഗതിമന്ദിരം അനാഥാലയം മുതലായ പല നല്ല പ്രവർത്തികളും മനുഷ്യരുടെ മുമ്പിൽ പ്രശംസ പറ്റുന്നതിനും മനുഷ്യരുടെ ശ്രദ്ധയിൽ പെടുന്നതിനും അല്ലേ ഇന്നു നിർവ്വഹിച്ചുകൊണ്ടിരി

ക്കുന്നത്.

യേശുക്രിസ്തു തന്റെ ആദ്യത്തെ പ്രസംഗത്തിൽ, മല പ്രസംഗത്തിൽ പറഞ്ഞു - "വലങ്കൈ ചെയ്യുന്നതു എന്ത് എന്ന് ഇടങ്കൈ അറിയരുത്" എന്ന്. സ്വർഗ്ഗസ്ഥനായ പിതാവു പ്രതിഫലം തരണം എങ്കിൽ മനുഷ്യരിൽ നിന്നു പ്രതിഫലം ആഗ്രഹിക്കരുത് എന്ന്. മനുഷ്യരിൽ നിന്നു പ്രതിഫലം കിട്ടിയാൽ പ്രതിഫലം കിട്ടിപ്പോയി എന്ന് സത്യമായും ഞാൻ നിങ്ങളോടു പറയുന്നു എന്നാണ് കർത്താവു പറഞ്ഞത്.

ഞാൻ ഒരാളുടെ മേൽ കൈ വെച്ചാൽ അത്ഭുതങ്ങൾ നടക്കണം എന്ന് അവൻ ആവശ്യപ്പെട്ടു. അപ്പൊസ്തലനായ പത്രോസിന്റെ അരികിൽ വന്ന് കുറച്ചു പണം കൊടുത്തു ഈ അത്ഭുത കൃപാവരം എനിക്ക് തരണമെന്ന് ആവശ്യപ്പെട്ടു. സ്വർഗ്ഗത്തിലെ ദൈവം തരുന്നതാണ് കൃപ, എന്ന് ഗ്രഹിക്കാതെ മനുഷ്യരുടെ മുമ്പിൽ പണത്തിന് ആത്മീയ വരം വാങ്ങാം എന്ന് അവൻ ധരിച്ചുപോയി. അപ്പൊസ്തലനായ പത്രോസ് പറഞ്ഞു :

> "ദൈവത്തിന്റെ ദാനം പണത്തിന്നു വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കകൊണ്ടു നിന്റെ പണം നിന്നോടു കൂടെ നശിച്ചുപോകട്ടെ. നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ട് ഈ കാര്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല. നീ ഈ വഷളത്വം വിട്ടു മാനസാന്തരപ്പെട്ടു കർത്താവിനോടു പ്രാർത്ഥിക്ക, പക്ഷേ നിന്റെ ഹൃദയത്തിലെ നിരൂപണം ക്ഷമിച്ചു കിട്ടുമായിരിക്കും. നീ കൈപ്പുള്ള പകയിലും അനീതിയുടെ ബന്ധനത്തിലും അകപ്പെട്ടിരിക്കുന്നു എന്നു

ഞാൻ കാണുന്നു എന്നു പറഞ്ഞു."

അപ്പൊ. 8 : 20 - 23

അനീതിയുടെ ബന്ധനം വഷളത്വമാണ്, പാപമാണ്. അനേകം ആളുകൾ ഇന്ന് പാപത്തിന്റെ ബന്ധനത്തിലാണ്. പാപത്തിന്റെ ബന്ധനത്തിലുള്ള മനുഷ്യന് പാപത്തിൽ നിന്നു മോചനം തരാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചത്.

"അന്യായബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക, എല്ലാ നുകത്തേയും തകർക്കുക." യെശയ്യാ 58 : 6

അന്യായ ബന്ധനങ്ങൾ അഴിച്ചു കളയുക. എല്ലാ നുകത്തേയും തകർക്കുക. ഇങ്ങനെ നിന്റെ ബന്ധനങ്ങൾ അഴിഞ്ഞാൽ, അപ്പോൾ നടക്കുന്നത് എന്താണ്?

"അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും. നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറുതി വരും, നിന്റെ നീതി നിനക്കു മുമ്പായി നടക്കും, യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും. അപ്പോൾ നീ വിളിക്കും യഹോവ ഉത്തരം അരുളും, നീ നിലവിളിക്കും, ഞാൻ വരുന്നു എന്ന് അവൻ അരുളിച്ചെയ്യും...... നീ നനവുള്ള തോട്ടം പോലെയും, വെള്ളം വറ്റിപ്പോകാത്ത നീരുറവപോലെയും ആകും. നിന്റെ സന്തതി പുരാതന ശൂന്യങ്ങളെ പണിയും, തലമുറ തലമുറയായി കിടക്കുന്ന അടിസ്ഥാനങ്ങളെ

നീ കെട്ടിപ്പൊക്കും, കേടുതീർക്കുന്നവനെന്നും കുടി യിരിപ്പാൻ തക്കവണ്ണം പാതകളെ യഥാസ്ഥാന ത്താക്കുന്നവനെന്നും നിനക്കു പേർ പറയും... ഞാൻ നിന്നെ ദേശത്തിലെ ഉന്നതങ്ങളിൽ വാഹ നമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശം കൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും. യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നത്."

യെശയ്യാ. 58 : 9, 11 – 12, 14

എല്ലാം അനുഗ്രഹം, അന്ധകാരം മാറും പ്രകാശമാകും, ജീവിതം സന്തോഷമാകും. കുടുംബത്തിൽ ഐക്യമാകും, കുടുംബത്തിൽ സമാധാനമാകും. അനീതിയുടെ ബന്ധന ങ്ങൾ അഴിയട്ടെ. പാപത്തിന്റെ ബന്ധനം അഴിക്കാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ ബന്ധിതനായത്. ക്രൂശിൽ മൂന്നാണികളിൽ ബന്ധിതനായി. സ്വർഗ്ഗീയ രാജാ ധിരാജൻ ഒരു കുറ്റവാളിയെപ്പോലെ ക്രൂശിൽ മരിച്ചത് എന്തിന്? എന്റേയും നിങ്ങളുടെയും പാപത്തിന്റെ ബന്ധനം അഴിക്കു വാൻ.

ഈ ക്രിസ്തു ക്രൂശിന്മേൽ മരിച്ചത് എന്റെ പാപത്തിനു വേണ്ടി ആണെന്ന് നിങ്ങൾ വിശ്വസിക്കുമ്പോൾ ആ നിമിഷം യേശുക്രിസ്തുവിന്റെ തിരുരക്തം വന്ന് നിങ്ങളുടെ ബന്ധന ങ്ങളെ അഴിക്കും. നിങ്ങളുടെ കെട്ടുകളെ പൊട്ടിക്കും. അനീ തിയുടെ ബന്ധനങ്ങളെ അഴിക്കും. നിങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം തരും.

സ്വാതന്ത്ര്യം വേണമോ? ബന്ധനം അഴിയണമോ? സമാ ധാനം വേണമോ? പാപം മാറട്ടെ. പാപത്തിന്റെ പുറമെയുള്ള പ്രവൃത്തി മാത്രമല്ല, പുറമെയുള്ള വാക്കു മാത്രമല്ല, പാപ

ത്തിന്റെ വിചാരങ്ങൾ, പാപത്തിന്റെ ചിന്തകൾ, പാപത്തിന്റെ മനോരാജ്യങ്ങൾ, പാപത്തിന്റെ ആഗ്രഹങ്ങൾ, പാപത്തിന്റെ മോഹങ്ങൾ, പാപത്തിന്റെ താത്പര്യങ്ങൾ എല്ലാം ഹൃദയ ത്തിൽ നിന്നു മാറട്ടെ. ഹൃദയം ശുദ്ധമാകട്ടെ.

"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീ
കരണം തന്നെ." 1 തെസ്സ. 4 : 3

ഗിരിപ്രഭാഷണത്തിന്റെ ആദ്യത്തെ ഭാഗത്ത് മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ നമ്മുടെ കർത്താവ് പറഞ്ഞു.

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ
ദൈവത്തെ കാണും." മത്താ. 5 : 8

ബന്ധനത്തിൽ നിന്ന് മോചനം പ്രാപിച്ചു സ്വാതന്ത്ര്യം പ്രാപിച്ചു ക്രിസ്തുവിനെ സ്തുതിപ്പാൻ യോഗ്യരായിത്തീ രാൻ പാപത്തോട് യാത്ര പറയുവിൻ, പുതിയ ജീവിതം തുട ങ്ങുവിൻ.

# ആറ്

"സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തു നാളിൽ ഈ ബന്ധനം അഴിച്ചു വിടേണ്ടതല്ലയോ എന്ന് ഉത്തരം പറഞ്ഞു."

ലൂക്കൊ 13 : 16

സാത്താന്റെ ബന്ധനം. കഴിഞ്ഞ അദ്ധ്യായങ്ങളിൽ കൂനിയായ സ്ത്രീക്ക് കർത്താവ് സൗഖ്യം കൊടുക്കുന്നതിനോടു ബന്ധപ്പെടുത്തി മനുഷ്യ ജീവിതത്തിലെ ബന്ധനങ്ങളെക്കുറിച്ചു നാം ചിലത് ചിന്തിച്ചു.

| | | |
|---|---|---|
| ഒന്ന് | : | രോഗത്തിന്റെ ബന്ധനം |
| രണ്ട് | : | പാപത്തിന്റെ ബന്ധനം |
| മൂന്ന് | : | സാത്താന്റെ ബന്ധനം |

സാത്താൻ പതിനെട്ടു സംവത്സരമായി ബന്ധിച്ചിരുന്ന അബ്രാഹാമിന്റെ മകളായ ഇവളെ ശബ്ബത്തു നാളിൽ ഈ

ബന്ധനം അഴിച്ചു വിടേണ്ടതല്ലയോ എന്നാണ് യേശുക്രിസ്തു പറഞ്ഞത്.

അനേക മനുഷ്യരുടെ ജീവിതത്തിൽ സാത്താന്റെ ബന്ധനം മൂലം അനേകമനേകം കെടുതികൾ സംഭവിക്കുന്നുണ്ട്. ദുരാത്മാക്കളുടെ ബാധ, ഭൂതാത്മാക്കളുടെ ബാധ. പ്രേതാത്മാക്കളുടെ ബാധ, ദുഷ്ടപിശാചുകളുടെ ബാധ, സാത്താന്റെ ബാധ, അതാണ് സാത്താന്റെ ബന്ധനം.

തിരുവചനം വായിക്കുമ്പോൾ നാം കാണുന്നു. “സാത്താന്റെ പ്രവൃത്തികളെ ഒക്കെയും അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി” എന്ന്.

> “പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല, അവന്റെ വിത്തു അവനിൽ വസിക്കുന്നു, ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവന്നു പാപം ചെയ്‌വാൻ കഴികയുമില്ല.’
>
> 1 യോഹ 3 : 8 - 9

പിശാചിന്റെ ബന്ധനങ്ങൾ അഴിക്കാനാണ് ക്രിസ്തു വന്നത്. അതുകൊണ്ടാണ് യെശയ്യാ പ്രവാചകൻ മുൻകൂട്ടി പറയുന്നതു.

> “എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്ക

കൊണ്ടു യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു, ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദ വർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാനും സീയോനിലെ ദുഃഖിതൻമാർക്ക് വെണ്ണീറിന്നു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു.”

യെശയ്യാ 61 : 1 – 3

നിത്യനായ ദൈവം തന്റെ ഏകജാതനായ തിരുക്കുമാരനായ കർത്താവായ യേശുക്രിസ്തുവിനെ ഭൂമിയിലേക്ക് അയച്ചത് എന്തിന് എന്ന് യേശുക്രിസ്തുവിന്റെ തിരുഅവതാരത്തിനു 750 കൊല്ലം മുമ്പ് യെശയ്യാ പ്രവാചകൻ രേഖപ്പെടുത്തുകയാണ്.

ഒന്ന്. എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ. ദരിദ്രരോട് സുവിശേഷം അറിയിപ്പാൻ. ലൂക്കൊസിന്റെ സുവിശേഷം നാലാം അദ്ധ്യായം പതിനെട്ടാം വാക്യത്തിൽ നാം അങ്ങനെയാണ് കാണുന്നത്. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാൻ, ഹൃദയം തകർന്നവരെ മുറികെട്ടുവാൻ, തടവുകാർക്കു വിടുതൽ നൽകുവാൻ, ബദ്ധന്മാർക്കു സ്വാതന്ത്ര്യം നൽകുവാൻ. ബദ്ധന്മാർ – ബന്ധിതർ, ബന്ധിതർക്കു സ്വാതന്ത്ര്യം നൽകുവാൻ. യഹോവയുടെ പ്രസാദവർഷം പ്രസംഗിപ്പാൻ, ദൈവ

ത്തിന്റെ പ്രതികാരദിവസം പ്രസിദ്ധമാക്കാൻ, ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിപ്പാൻ, സീയോനിലെ ദുഃഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാര മാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും, കൊടുക്കുവാൻ, വിഷണ്ഡമനസ്സിനു പകരം സ്തുതി എന്ന മേലാട കൊടുക്കുവാൻ അതിനാണ് പിതാവായ ദൈവം തന്റെ ഏകജാതനായ തിരുക്കുമാരനെ അയച്ചിരിക്കുന്നത്.

സാത്താന്റെ ബന്ധനം ക്രിസ്തു അഴിക്കും. മനുഷ്യന്റെ മേൽ പിശാചിന് അവകാശമുള്ള പാപങ്ങൾ മാറ്റും, ശാപങ്ങൾ മാറ്റും, തലമുറകളായി വരുന്ന കെടുതികൾ മാറ്റും, അവന്റെ മേൽ സാത്താനുള്ള അവകാശം മാറ്റി സാത്താന്റെ ബന്ധനം അഴിക്കും. ക്രിസ്തു സാത്താന്റെ ബന്ധനം അഴിക്കുന്നവനാണ്. പൈശാചീക ബന്ധനം അഴിക്കുന്നു.

ഒരു മനോഹരമായ കഥ കേട്ടിട്ടുണ്ട്. അടിമവ്യവസായം നിലവിലിരുന്ന കാലത്താണ്. അന്ന് കന്നുകാലികളെ ചന്തയിൽ കൊണ്ടുപോയി വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതുപോലെ മനുഷ്യരെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ചന്തകൾ ഉണ്ടായിരുന്നു പോലും. അപരിഷ്കൃതമായ ആ സമൂഹത്തിൽ, മനുഷ്യനെ മനുഷ്യൻ അടിമയെപ്പോലെ ഭരിച്ചിരുന്നതായ ഒരുകാലം. നമ്മുടെ വീട്ടിലെ വളർത്തു മൃഗങ്ങളെ തല്ലുകയോ കൊല്ലുകയോ ചെയ്താൽ ആരും ചോദിക്കയില്ലല്ലോ. അതുപോലെ മനുഷ്യന് അടിമയെ തല്ലാം, കൊല്ലാം, ഉപദ്രവിക്കാം എന്തും ചെയ്യാം.

അങ്ങനെയുള്ളതായ കാലത്ത് ഒരു വീട്ടിൽ മൂന്ന് അടിമകൾ ഉണ്ടായിരുന്നു. ഒന്ന് : ഒരു പുരുഷൻ, രണ്ട് : അവന്റെ ഭാര്യ. മൂന്ന് : അവർക്കുള്ള ഒരു ഓമന മകൻ. ഈ മൂന്നു

പേരും ആ വീട്ടിൽ അടിമകളായിരുന്നു. യജമാനന്റെ ഇഷ്ടം മാത്രം ചെയ്തു ജീവിക്കുന്ന അടിമകളാണ്. അവർക്ക് ആഹാരം അവിടെനിന്ന് കൊടുക്കും. പക്ഷേ കൂലിയോ ശമ്പളമോ ഇല്ല. പക്ഷേ അവർക്ക് ഒരുമിച്ചു ജീവിക്കാനുള്ള സാഹചര്യം ഉണ്ടല്ലോ അത്രയും ഭാഗ്യം. അവർ അങ്ങനെ കഴിഞ്ഞു വരുമ്പോൾ ഈ യജമാനൻ തീരുമാനിച്ചു അവരെ വില്ക്കണം എന്ന്.

ഒരു ദിവസം അവരെ വിൽക്കാൻ ചന്തയിൽ കൊണ്ടു പോയി. ഒരാൾ വന്ന് ആ പുരുഷനെ വിലയ്ക്ക് വാങ്ങി ക്കൊണ്ടു പോയി. ഭാര്യയേയും മോനേയും മാറിമാറി നോക്കി, ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് ആ മനുഷ്യൻ പുതിയ യജ മാനന്റെ കൂടെപോയി. വേറെ ഒരാൾ വന്ന് ഭാര്യയെ വാങ്ങി ക്കൊണ്ടുപോയി. ആ സ്ത്രീ അലമുറക്കരഞ്ഞ് മോനെ ഇനി ഒരിക്കലും കാണുകയില്ലല്ലോ - എന്നോർത്ത് കരഞ്ഞു കൊണ്ട് ആ സ്ത്രീയും പുതിയ യജമാനന്റെ കൂടെപോയി. മോനെ മൂന്നാമത് ഒരാൾ വന്ന് വാങ്ങിക്കൊണ്ടുപോയി. ഒരു മിച്ചു ഒരു വീട്ടിൽ താമസിച്ചുകൊണ്ടിരുന്ന മൂന്ന് അടിമകൾ, അപ്പനും അമ്മയും മോനും ഇപ്പോൾ മൂന്ന് യജമാനന്മാരുടെ കീഴിൽ മൂന്നിടത്തായി. ഇവരെ കൂട്ടിക്കൊണ്ടു പോകുമ്പോൾ കരഞ്ഞുകൊണ്ടുപോകുന്ന ഈ അടിമകളെ നോക്കി ഒരു നല്ല മനുഷ്യൻ നില്പുണ്ടായിരുന്നു. ആ നല്ല മനുഷ്യൻ ഇവരുടെ അരികിലേക്ക് ചെന്നു.

അപ്പനെ വാങ്ങിക്കൊണ്ടുപോകുന്ന ആളോടു ചോദിച്ചു, ഈ അടിമയെ കൊടുക്കുമോ?

ഉവ്വ്, വലിയോരു വില അയാൾ പറഞ്ഞു. വലിയ വില! അയാൾ കൊടുത്തതിനേക്കാൾ എത്രയോ വലിയ വിലയാ

ണ്. ഈ നല്ല മനുഷ്യൻ ആ വിലകൊടുത്തു ആ അടിമയെ വാങ്ങി.

ഭാര്യയെ വാങ്ങിക്കൊണ്ടുപോകുന്ന ആളുടെ അടുക്കൽ ചെന്ന് ആ യജമാനനോടു ചോദിച്ചു. ഇതിനെ കൊടുക്കുമോ? കൊടുക്കും. വലിയ വില കൊടുത്ത് അതും വാങ്ങി.

മോനേയും വലിയ വിലകൊടുത്തു വാങ്ങി. ഇപ്പോൾ ഈ പുതിയ യജമാനന്റെ കീഴിൽ മൂന്നു പേരും ഒരു വീട്ടിൽ തന്നെ പാർക്കാൻ ഇടയായി.

വീട്ടിൽ കൊണ്ടു വന്നു, യജമാനൻ അവർക്ക് ആഹാരമെല്ലാം കൊടുത്തു കഴിഞ്ഞു അവരോടു പറഞ്ഞു. നിങ്ങൾ മൂന്നുപേരും, ഭർത്താവും ഭാര്യയും മോനും നിങ്ങൾ ഇനി മുതൽ അടിമകൾ അല്ല. നിങ്ങളെ സ്വതന്ത്രരാക്കിയിരിക്കുന്നു. നിങ്ങളെ വിട്ടിരിക്കുന്നു. പൂർണ്ണസ്വാതന്ത്ര്യം നിങ്ങൾക്ക് തന്നിരിക്കുന്നു. നിങ്ങൾക്ക് എവിടെ വേണമെങ്കിലും പോകാം. എവിടെ വേണമെങ്കിലും പാർക്കാം. ഇനി മേൽ നിങ്ങൾ സ്വതന്ത്രരാണ്, അടിമകൾ അല്ല.

അവർ മൂന്നുപേരും ആ യജമാനന്റെ കാൽക്കൽ വീണു. യജമാനനെ ഞങ്ങൾക്ക് സ്വാതന്ത്ര്യം വേണ്ടാ, ഞങ്ങൾക്ക് അങ്ങയുടെ കൂടെ പാർക്കാൻ അനുവാദം തന്നാൽ മതി. ഇത്രയും സ്നേഹം കാണിക്കുന്ന ഈ നല്ല യജമാനന്റെ അടുത്തു അടിമകളായി പാർക്കുന്നതാണ് ഞങ്ങൾക്ക് ഇഷ്ടം. അതാണ് ഞങ്ങളുടെ ഭാഗ്യം. അവർ ആ യജമാനന്റെ അരികിൽ സന്തോഷത്തോടെ പാർത്തു.

പ്രിയപ്പെട്ടവരെ, കർത്താവായ യേശുക്രിസ്തു നമുക്ക് പിശാചിങ്കൽ നിന്ന് സ്വാതന്ത്ര്യം തന്നെങ്കിൽ കിസ്തുവിനെ സ്നേഹിപ്പിൻ, ക്രിസ്തുവിനെ ആരാധിപ്പിൻ, ക്രിസ്തുവിനായി ജീവിതം വേർതിരിപ്പിൻ, ക്രിസ്തുവിനോടു വാക്കു പറയുവിൻ.

ഉടയവനേ, നീ എനിക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ചിന്തിയതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും.

# ഏഴ്

“ഞാൻ നിന്റെ നാമത്തിന്നു സ്തോത്രം ചെയ്യേ ണ്ടതിന്നു എന്റെ പ്രാണനെ കാരാഗൃഹത്തിൽ നിന്നു പുറപ്പെടുവിക്കേണമേ.”

സങ്കീ. 142 : 7

മനുഷ്യന്റെ ആത്മാവ് കാരാഗൃഹത്തിലാണ്. മനുഷ്യൻ ബന്ധനത്തിലാണ്. മനുഷ്യന്റെ ആത്മാവ് സാത്താന്റെ ജയി ലറയിലാണ്, പൈശാചികന്റെ ബന്ധനത്തിലാണ്.

രോഗത്തിന്റെ ബന്ധനം ഉണ്ട്, സാത്താന്റെ ബന്ധനം ഉണ്ട്, പാപത്തിന്റെ ബന്ധനം ഉണ്ട്, ശാപത്തിന്റെ ബന്ധനം ഉണ്ട്, വിവിധ കാരണങ്ങളാൽ മനുഷ്യർ സാത്താന്റെ ബന്ധനത്തിലാണ്.

കർത്താവേ, നീ എന്നെ കാരാഗൃഹത്തിൽ നിന്ന് വിടു വിക്കണമേ, കർത്താവേ ഞാൻ നിന്റെ നാമത്തിന്നു സ്തോത്രം ചെയ്യേണ്ടതിന്നു എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന്

പുറപ്പെടുവിക്കണമേ.

> "മോശയും അഹരോനും ചെന്നു ഫറവോനോടു : മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു എന്നു പറഞ്ഞു."
>
> പുറപ്പാട് 5 : 1

മരുഭൂമിയിൽ ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്കേണം.

> "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു : എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക."
>
> പുറ 8 : 1

എന്തിനാണ് ബന്ധനം അഴിയുന്നത്? ഒന്ന് : മരുഭൂമിയിൽ ഉത്സവം ആഘോഷിക്കാൻ. രണ്ട് : ദൈവത്തിന്റെ നാമത്തെ ആരാധിപ്പാൻ. മൂന്നു : ദൈവ നാമത്തെ സ്തോത്രം ചെയ്യാൻ. കർത്താവേ, നിന്റെ നാമത്തെ സ്തോത്രം ചെയ്യേണ്ടതിന്നു എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്നു പുറപ്പെടുവിക്കണമേ.

ബന്ധനം അഴിഞ്ഞില്ലെങ്കിൽ ആരാധനയില്ല. ബന്ധനം അഴിഞ്ഞില്ലെങ്കിൽ സ്തോത്രമില്ല. ബന്ധനം അഴിഞ്ഞില്ലെങ്കിൽ ഉത്സവമില്ല.

ഇന്ന് പെരുന്നാളുകൾ ഉണ്ട്, ഉത്സവങ്ങൾ ഉണ്ട്, ആഘോഷങ്ങൾ ഉണ്ട്, വലിയ വലിയ ഉത്സവ തമിർപ്പുകൾ ഉണ്ട്,

പെരുന്നാളുകളിൽ വലിയ ആഡംബരങ്ങൾ ഉണ്ട്, ഉത്സവങ്ങളിലും പെരുന്നാളുകളിലും വലിയവലിയ തോരണങ്ങൾ ഉണ്ട്, ദീപക്കാഴ്ചകൾ ഉണ്ട്, വലിയ ധാടിമോടി പ്രതാപങ്ങൾ ഉണ്ട്, വലിയ സദ്യകളും വിരുന്നുകളും ഉണ്ട്, നാടകക്കളരികളും കഥാപ്രസംഗങ്ങളും ഉണ്ട്. എന്നാൽ ബന്ധനം അഴിയുന്നില്ല.

സാക്ഷാലുള്ള ഉത്സവം എന്താണ്? ബന്ധനം അഴിയുമ്പോൾ ഉണ്ടാകുന്ന ഉത്സവം. രോഗബന്ധനം അഴിയുന്നു, ശാപബന്ധനം അഴിയുന്നു, പാപബന്ധനം അഴിയുന്നു, പൈശാചിക ബന്ധനം അഴിയുന്നു, ബന്ധനം അഴിയുമ്പോൾ ഉത്സവം ഉണ്ട്. മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്ക എന്നു ദൈവം അരുളിച്ചെയ്യുന്നു.

മരുഭൂമിയിൽ ഉത്സവം! നിങ്ങളുടെ ജീവിതത്തിൽ ഉത്സവം ഉണ്ടോ? നിങ്ങളുടെ ജീവിതത്തിൽ സന്തോഷം ഉണ്ടോ? നിങ്ങളുടെ കുടുംബത്തിൽ സമാധാനം ഉണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ഐക്യം ഉണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ ഐക്യമാണോ? കുടുംബജീവിതത്തിൽ മാതാപിതാക്കളും മക്കളും തമ്മിൽ സ്വൈര്യമാണോ? പരസ്പരം സന്തോഷമാണോ? അതോ ഇന്നും സഹോദരങ്ങൾ തമ്മിൽ ഈർഷ്യയിലും നീരസത്തിലും ആണോ? അമ്മയും മരുമകളും തമ്മിൽ ഇന്നും നീരസവും കൈപ്പും, വൈരാഗ്യവും പകയും വിദ്വേഷവും ഹൃദയത്തിൽ വെച്ചുകൊണ്ട് ജീവിക്കുകയാണോ?

ഇന്നും അനേക ജീവിതങ്ങളിൽ സന്തോഷമില്ല, സമാധാനമില്ല. പരസ്പരസ്നേഹമില്ല, ഐക്യമില്ല. പുറമേ ആഡംബര

ങ്ങൾ ഉണ്ട്, പുറമെ വിരുന്നു സൽക്കാരങ്ങൾ ഉണ്ട്, പുറമെ അതിഥി മര്യാദകൾ ഉണ്ട്, പുറമെയുള്ള സദ്യവട്ടങ്ങൾ ഉണ്ട്. പക്ഷെ ഉള്ളിൽ ആഘോഷമില്ല. ഉള്ളിൽ ഉത്സവമില്ല. ഉള്ള് ഞെളിപിരിക്കൊള്ളുകയാണ്. സമാധാനത്തിന്റെ ഒരു കണികപോലും ഇല്ല. മനുഷ്യജീവിതം ദുരിത പൂരിതമായി കൊണ്ടിരിക്കുകയാണ്.

ഒന്ന് : ഈ മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ട തിന്നു എന്റെ ജനത്തെ വിട്ടയക്ക എന്ന് ദൈവം അരുളിച്ചെയ്യുന്നു. രണ്ട് : മരുഭൂമിയിൽ എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്ക. ആരാധന! സത്യാരാധന തുടങ്ങണമെങ്കിൽ ബന്ധനം അഴിയണം.

ഫറവോ രാജാവിന്റെ അടിമത്വത്തിൽ കിടക്കുന്ന ജനത്തിന്ന് ആരാധനയില്ല. ഫറവോ രാജാവിന്റെ അടിമത്വത്തിൽ മിസ്രയീമിൽ, ഈജിപ്തിൽ കിടക്കുന്ന ജനം ആരാധനയില്ലാതെ കഴിയുകയാണ്. അബ്രഹാം ആരാധിപ്പാൻ പുറപ്പെട്ടവനാണ്. വിഗ്രഹങ്ങളെ ആരാധിച്ചിരുന്ന അബ്രാഹം സത്യ ദൈവത്തെ ആരാധിപ്പാൻ തുടങ്ങിയവനാണ്.

അബ്രാഹാമിന്റെ സന്തതി പരമ്പരകൾ, ഈജിപ്തിൽ അടിമകളായിപ്പോയി. അബ്രാഹാമിന്റെ മകൻ യിസഹാക്ക് ദൈവത്തെ ആരാധിച്ചിരുന്നു. യിസഹാക്കിന്റെ മകൻ യാക്കോബ് ബേഥേലിൽ യാഗപീഠം ഉണ്ടാക്കുകയും ആരാധന നടത്തുകയും ചെയ്തിരുന്നു. അബ്രഹാമും യിസഹാക്കും യാക്കോബും എവിടെയെല്ലാം പാർത്തിട്ടുണ്ടോ അവിടെയെല്ലാം യാഗപീഠം പണിയുന്നു, ആരാധന നടത്തുന്നു. യാക്കോബിന്റെ മകനായ യൗസേഫ് മിസ്രയീമിലേക്ക് അടിമയായി കൊണ്ടുപോകപ്പെട്ടു. മിസ്രയീമിന്റെ അധിപതിയായി, യാക്കോ

ബിനേയും മറ്റുമക്കളേയും യൗസേഫ് മിസ്രയീമിലേക്ക് കൊണ്ടുവന്നു. എന്നാൽ നാന്നൂറ്റിമുപ്പത് വർഷങ്ങൾക്ക് ശേഷം മേശെയുടെ കൈക്കീഴ് മിസ്രയീമിലെ യിസ്രായേൽ ജനം കനാൻ നാട്ടിലേക്ക് യാത്ര പുറപ്പെടുകയാണ്. ഫറവോന്റെ അടിമത്വത്തിൽ നിന്ന് മോചനം പ്രാപിച്ചു പോവുകയാണ്.

ഫറവോന്റെ ദേശത്തു ആരാധനയില്ല. ഫറവോന്റെ അടിമത്വത്തിൽ കഴിയുമ്പോൾ ആരാധനയില്ല. ഫറവോന്റെ കീഴിൽ കഴിയുമ്പോൾ ആരാധനയില്ല.

നിങ്ങൾക്ക് ആരാധന വേണമോ? ആരാധന തരാൻ ക്രിസ്തുവിന് കഴിയും, അതാണ് സ്തോത്രം. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്ന് നാം പ്രാർത്ഥിക്കുന്നു. എന്നാൽ അനേകർ ഇന്ന് യോഗ്യരാകുന്നില്ല. സ്തുതിയും സ്തോത്രവും നാവിൽ നിലയ്ക്കാതിരുന്നാലും ഹൃദയത്തിൽ സ്തോത്രം ഉണ്ടാകണമെന്നില്ല.

“നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ, ഞാൻ നിർത്തരുതേ” എന്ന് പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ സ്തുതിയും ഹാലേലുയ്യായും ചുണ്ടുകൊണ്ട് നിർത്താതെ ചൊല്ലും, പക്ഷേ ഹൃദയത്തിൽ ഇല്ല എന്നുള്ളതാണ് സത്യം. പാപം മാറി അതുകൊണ്ട് സ്തുതിക്കുക എന്നുള്ള അനുഭവം, എന്റെ താഴ്ചയിൽ എന്നെ ദൈവം ഓർത്തു, അതുകൊണ്ടു സ്തുതിക്കുക എന്നുള്ള അനുഭവം. എന്റെ ദൈവമേ, എന്റെ ജീവിതത്തിൽ എനിക്ക് അസാദ്ധ്യമായ പാപങ്ങളെ എല്ലാം എനിക്കിന്ന് ജയിക്കാൻ നീ കൃപ തന്നല്ലോ എന്നുള്ള നന്ദിയിൽ നിന്ന് ഉതിർന്നു വരുന്നതായ സ്തോത്രം,

ആ സ്തുതി ഇന്ന് അനേകരിൽ ഇല്ല എന്നുള്ളതാണ് സത്യം.

ഈ വചനം വായിക്കുമ്പോൾ സ്നേഹിതാ, നീ ചിന്തിച്ചു നോക്കൂ. നിന്റെ ഹൃദയത്തിൽ സ്തുതി ഉണ്ടോ? നിന്റെ ജീവിതത്തിൽ സ്തോത്രമുണ്ടോ? നിന്റെ ജീവിതത്തിൽ ആനന്ദാനുഭവം ഉണ്ടോ? നിന്റെ ജീവിതത്തിൽ സമാധാനം ഉണ്ടോ? നിന്റെ ജീവിതത്തിൽ സന്തോഷം ഉണ്ടോ?

ബന്ധനം അഴിയട്ടെ. കെട്ടുകൾ പൊട്ടട്ടെ. ഒന്ന് : രോഗത്തിന്റെ ബന്ധനം, രണ്ട് : പാപത്തിന്റെ ബന്ധനം, മൂന്ന് : സാത്താന്റെ ബന്ധനം.

ബന്ധനങ്ങൾ അഴിയുന്നത് ആരാധന നടത്തുവാൻ, സ്തോത്രം പാടുവാൻ, പോരാ, യാഗം കഴിച്ചു ഉത്സവം ആഘോഷിപ്പാൻ.

യാഗം കഴിച്ച് ഉത്സവം ആഘോഷിപ്പാൻ നമ്മെത്തന്നെ യാഗമായി ക്രൂശിന്റെ ചുവട്ടിൽ അർപ്പിക്കുക.

> "യാഗം കഴിച്ചു എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."
> സങ്കീ 50 : 5

യാഗം അർപ്പിപ്പിൻ. യാഗം കഴിച്ചു ആരാധന നടത്തുവിൻ. ഈ വചനം വായിക്കുന്ന ആരുടെയെല്ലാം ഹൃദയത്തിൽ തന്നെത്തന്നെ യാഗമായി ക്രൂശിന്റെ ബലിവേദിയിൽ അർപ്പിക്കാൻ താല്പര്യം വരുന്നു? ആർക്കെല്ലാം പുതിയ ആരാധന തുടങ്ങാൻ താല്പര്യം ഉണ്ട്? ആർക്കെല്ലാം ആത്മാവിലുള്ള ആരാധന, സ്നേഹത്തിലുള്ള ആരാധന, സത്യത്തി

ലുള്ള ആരാധന, സത്യത്തിലും ആത്മാവിലും ഉള്ള ആരാധ ന, സമാധാനത്തിലുള്ള ആരാധന തുടങ്ങുവാൻ ആഗ്രഹം ഉണ്ട്? അവർ പാപത്തോട് യാത്ര പറയട്ടെ. സാത്താനെ ഉപേക്ഷിക്കട്ടെ. അവരുടെ മേൽ ക്രിസ്തുവിന്റെ കരം വര ട്ടെ. ക്രിസ്തുവിന്റെ തിരുരക്തം പാപങ്ങൾ കഴുകിത്തരട്ടെ. പുതിയ ജീവിതം തുടങ്ങട്ടെ.

# എട്ട്

"നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ, അതിൽ കടക്കുമ്പോൾ ആരും ഒരിക്കലും കയറീട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നത് കാണും, അതിനെ അഴിച്ചുകൊണ്ടു വരുവിൻ. അതിനെ അഴിക്കുന്നതു എന്തു എന്ന് ആരെങ്കിലും നിങ്ങളോട് ചോദിച്ചാൽ : കർത്താവിന്നു ഇതിനെക്കൊണ്ടു ആവശ്യം ഉണ്ട് എന്നു പറവിൻ എന്നു പറഞ്ഞു. അയയ്ക്കപ്പെട്ടവർ പോയി തങ്ങളോടു പറഞ്ഞതുപോലെ കണ്ടു. കഴുതക്കുട്ടിയെ അഴിക്കുമ്പോൾ അതിന്റെ ഉടയവർ : കഴുതക്കുട്ടിയെ അഴിക്കുന്നതു എന്തു എന്നു ചോദിച്ചുതിന്നു: കർത്താവിന്നു ഇതിനെക്കൊണ്ടു ആവശ്യം ഉണ്ട് എന്നു അവർ പറഞ്ഞു."

ലൂക്കോ. 19 : 30–34

ഇതിനെ അഴിക്കുന്നതു എന്തിന്? ബന്ധനം അഴിയുന്നതു എന്തിന്? ബന്ധനം അഴിഞ്ഞാൽ ആരാധനയുണ്ട്, ബന്ധനം

അഴിഞ്ഞാൽ സ്തോത്രം ഉണ്ട്, ബന്ധനം അഴിഞ്ഞാൽ യാഗമുണ്ട്, ബന്ധനം അഴിഞ്ഞാൽ ഉത്സവം ഉണ്ട്. എന്തിനാണ് ബന്ധനം അഴിക്കുന്നത്.? ബന്ധനം അഴിയുന്നതു യേശുവിന് ആവശ്യമുള്ളതുകൊണ്ടാണ്.

കഴുതക്കുട്ടിയെ കെട്ടിയിട്ടിരിക്കുകയായിരുന്നു. പുറപ്പാട് പുസ്തകം പതിമൂന്നാം അദ്ധ്യായം പതിമൂന്നാം വാക്യവും, മുപ്പതിനാലാം അദ്ധ്യായം ഇരുപതാം വാക്യവും, വായിക്കുമ്പോൾ കാണാം, കഴുതക്കുട്ടിയെ കെട്ടിയിട്ടിരിക്കുന്നതു കഴുത്തൊടിച്ചുകൊല്ലുവാനാണ് എന്ന്.

എന്നാൽ കഴുത്തൊടിച്ചു കൊല്ലുവാൻ കെട്ടിയിട്ടിരിക്കുന്ന കഴുതക്കുട്ടിയെ അഴിച്ചുകൊണ്ടുവരുവാനാണ് യേശുക്രിസ്തു കല്പിച്ചത്. കൊല്ലുവാൻ വിധിക്കപ്പെട്ടിരിക്കുന്ന കഴുതക്കുട്ടിയെ അഴിച്ചുകൊണ്ടുവരുവാൻ കർത്താവായ യേശു തന്റെ ശിഷ്യന്മാരെ അയച്ചു.

നിത്യനാശത്തിലേക്ക് ഒഴുകിക്കൊണ്ടിരുന്ന നമ്മെ നിത്യസ്വർഗ്ഗത്തിന്റെ അവകാശികൾ ആക്കുവാൻ യേശുക്രിസ്തു ബന്ധനം അഴിച്ചു വിടുകയാണ്. നിത്യാന്ധകാരത്തിലേക്ക് കെട്ടപ്പെട്ടു കിടന്നിരുന്ന നമ്മെ, പിശാച് പാപത്തിന്റെ ചങ്ങലയിട്ടു, ശാപങ്ങളുടെ കുരുക്കിട്ട്, അനേകമനേകം കെടുതികളുടെ ബന്ധനത്തിൽ പെടുത്തി, സാത്താൻ നിത്യാഗ്നിയിലേക്ക്, വലിച്ചുക്കൊണ്ട് പോയിരുന്ന നമ്മെ യേശുക്രിസ്തു വിടുവിക്കുവാൻ തിരുനസ്സായി.

"അതിനെ അഴിക്കുന്നതു എന്ത് എന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ : കർത്താവിന്നു ഇതിനെക്കൊണ്ടു ആവശ്യം ഉണ്ട് എന്നു പറവിൻ." ലൂക്കോസ് 19 : 31

ബന്ധനം അഴിക്കുന്നത്, ക്രിസ്തുവിന് ആവശ്യമുള്ളതു കൊണ്ടാണ്. ക്രിസ്തുവിന് വാഹനമേറുവാനാണ്. ശിഷ്യന്മാർ തങ്ങളുടെ വസ്ത്രം കഴുതക്കുട്ടിമേൽ വിരിച്ചു. ക്രിസ്തു കഴുതക്കുട്ടിയുടെ മേൽ വാഹനമേറി. ജനങ്ങൾ സൈത്തിൻ കൊമ്പുകൾ വെട്ടിവിതറി. കുഞ്ഞുങ്ങൾ, പൂക്കൾ വാരിവിതറി. "ദാവീദ് പുത്രന് ഹോശന്നാ" എന്നുപാടി. ജനം വഴിയിൽ വസ്ത്രം വിരിച്ചു. മരിക്കാൻ വിധിക്കപ്പെട്ടു കിടന്ന, കഴുതയ്ക്ക് ബന്ധനം അഴിഞ്ഞപ്പോൾ യേശുവിനെ വഹിപ്പാൻ ഭാഗ്യം ലഭിച്ചു.

ആ കഴുതയുടെ പുറത്തു കർത്താവായ യേശുക്രിസ്തു കയറി ഇരിക്കുന്നു. മാത്രമല്ല കഴുതയ്ക്ക് നടക്കാൻ വഴിയിൽ വസ്ത്രം വിരിക്കുന്നു. കഴുതയുടെ മുന്നിൽ പൂക്കൾ വിതറുന്നു. കഴുതയുടെ മുന്നിൽ നൃത്തം ചെയ്യുന്നു. ദാവീദ് പുത്രനു ഹോശന്നാ എന്ന് ആഘോഷത്തിന്റെ സ്തുതിഗീതങ്ങൾ പൊഴിയുന്നു.

ഇതൊന്നും കഴുതയ്ക്ക് വേണ്ടിയല്ല, കഴുതയുടെ മേൽ വാഹനമേറുന്നവനു വേണ്ടിയാണ്. നിന്റെ ജീവിതത്തിൽ യേശുക്രിസ്തു വരുവാൻ നീ വിട്ടുകൊടുത്താൽ അവൻ നിന്റെ ബന്ധനം അഴിക്കുക മാത്രമല്ല, അവൻ നിന്നെ വാഹനമാക്കി നിന്റെ ഹൃദയത്തിൽ അവൻ വസിച്ച് നിന്നെ അവൻ നയിക്കും. നിന്റെ ജീവിതത്തിൽ നാളിതുവരെയും നീ നേടിയിട്ടില്ലാത്ത സൗഭാഗ്യം നിനക്ക് ലഭിക്കും. നിനക്ക് ലഭിക്കുന്നതായ നന്മകൾ, നിനക്ക് ലഭിക്കുന്നതായ അഭിവൃദ്ധികൾ, നിനക്ക് ലഭിക്കുന്നതായ ശ്രേയസ്സുകൾ, നിനക്ക് ലഭിക്കുന്നതായ സന്തോഷങ്ങൾ എല്ലാം ലഭിക്കുവാൻ കാരണം യേശു നിന്റെ മേൽ ഉണ്ട് എന്നതാണ്.

ക്രിസ്തു ഇല്ലെങ്കിൽ മകനേ, നീ ഒരു പൂജ്യമാണ്. "With Jesus I am a hero, Without Jesus I am a Zero."

യേശു ഉള്ളവരായി നിൽക്കുവാൻ നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാൻ പറ്റുമോ? നമ്മുടെ കെട്ടുകൾ അഴിഞ്ഞാൽ, നമ്മിൽ യേശു വാഹനമേറും, യേശു നമ്മിൽ വാഹനമേറി നമ്മെ തന്റെ ഹിതപ്രകാരം നയിക്കട്ടെ. നമ്മെ നേർ വഴിയിലൂടെ നയിക്കട്ടെ. സങ്കീർത്തനക്കാരൻ പറയുന്നു.

> "ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും, ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞു തരും." സങ്കീ. 32 : 8

> "നിന്റെ ആലോചനയാൽ നീ എന്നെ നടത്തും, പിന്നെത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും." സങ്കീ. 73 : 24

> "കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കയില്ല. നിന്റെ കണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും." യെശ. 30 : 20 – 21

നമ്മെ വഴി നടത്തുന്ന ദൈവം. നമുക്ക് ആലോചന പറഞ്ഞു തരുന്ന ദൈവം. ഇതിനുള്ള സൗഭാഗ്യം നമുക്ക്

ലഭിക്കണമെങ്കിൽ ബന്ധനങ്ങൾ അഴിയട്ടെ.

സാധു സുന്ദർസിംഗിനെക്കുറിച്ച് കേട്ടിട്ടുണ്ട്. സുന്ദർസിംഗ് ഒരു സിക്ക് ബ്രാഹ്മണ യുവാവ് ആയിരുന്നു. സുന്ദർസിംഗ് മനസ്സിൽ അസ്വസ്ഥനായിരുന്നു. നല്ല ബുദ്ധിമാനായ ആ യുവാവ് തീരെ സമാധാനം ഇല്ലാതെ വലഞ്ഞു.

ഒരു ദിവസം രാത്രി അദ്ദേഹം ഇരുന്നു ചിന്തിക്കാൻ തുടങ്ങി. ഒരു ദൈവമുണ്ടെങ്കിൽ ആ ദൈവം എനിക്ക് പ്രത്യക്ഷനാകണം. ഇല്ലെങ്കിൽ ഇന്നു വെളുപ്പിനു രാത്രി നാലുമണിക്ക് അടുത്തുള്ള റെയിൽ പാളത്തിൽ ഞാൻ തലവെച്ചു മരിക്കും. സുന്ദർസിംഗ് അങ്ങനെ ആത്മഹത്യ ചെയ്യുവാൻ തീരുമാനം എടുത്തു.

ഒരു ദൈവം ഉണ്ടെങ്കിൽ എനിക്ക് പ്രത്യക്ഷനാകണം. ശ്രീകൃഷ്ണനായാലും, മുഹമ്മദ്നബി ആയാലും ശ്രീ ബുദ്ധനായാലും ആരായാലും എന്റെ മുമ്പിൽ പ്രത്യക്ഷനാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. രാത്രി വളരെ വൈകി. അച്ഛൻ ഒരു മജിസ്രേട്ട് ആണ്. ഉയർന്ന ഉദ്യോഗസ്ഥനാണ്. വലിയ ബുദ്ധിജീവിയാണ്. അദ്ദേഹം പന്ത്രണ്ടു മണിക്ക് ശേഷം വന്നു നോക്കിയപ്പോൾ മകൻ അങ്ങനെ എന്തോ ചിന്തിച്ചുകൊണ്ടിരിക്കുന്നു. അച്ഛൻ പറഞ്ഞു: മോനേ, കിടക്ക്, ഇത്രയും രാത്രിയായില്ലേ? നീ കിടക്ക്, വിളക്ക് കെടുത്തി. സുന്ദർസിംഗ് കിടന്നു.

പക്ഷേ, ഉറക്കമില്ല. ഒരു ദൈവം ഉണ്ടെങ്കിൽ ആ ദൈവം എനിക്ക് പ്രത്യക്ഷനാകണം. ആ ദൈവത്തെ കണ്ടല്ലാതെ ഇനി ഞാൻ ജീവിച്ചിരിക്കില്ല. അങ്ങനെ ഒരു ദൈവം പ്രത്യക്ഷനാകുന്നില്ലെങ്കിൽ ഞാൻ റെയിൽ പാളത്തിൽ തലവെച്ചു

മരിക്കും.

രാത്രി വളരെ വൈകി എപ്പോഴോ മുറിയിൽ വലിയ പ്രകാശം. സുന്ദർസിംഗ് അമ്പരപ്പോടെ നോക്കി. വലിയോരു പ്രകാശം. സുന്ദർസിംഗ് ഓർത്തു, ഞാൻ ഉറങ്ങിപ്പോയിരിക്കുമോ? നേരം വെളുത്തിരിക്കുമോ? വാതിൽ തുറന്നു വെളിയിൽ നോക്കി. ഇല്ല, നേരം ഇരുട്ടു തന്നെ. നേരം വെളുത്തിട്ടില്ല, നല്ല ഇരുട്ട്. അകത്തു വന്നു, അകത്ത് ഉജ്ജ്വലമായ പ്രകാശം. നല്ല തേജസ്സ്. വീണ്ടും പുറത്തിറങ്ങി നോക്കി. പുറത്ത് നല്ല കൂരിരുട്ടാണ്. മൂന്നു പ്രാവശ്യം സുന്ദർസിംഗ് വാതിൽ തുറന്ന് പുറത്തിറങ്ങി നോക്കി.

മൂന്നാം പ്രാവശ്യം അകത്തു വന്നു. ആ ജ്വലിക്കുന്ന തേജസ്സിലേക്ക് നോക്കി അത്ഭുത സ്തിമിതനായി നിൽക്കുമ്പോൾ, ആ തേജസ്സിന്റെ മധ്യത്തിൽ ഒരാൾ നിൽക്കുന്നത് കണ്ടു. ഒരാൾ, തേജോമയനായ ക്രിസ്തു വന്നു നിൽക്കുന്നു. തേജോമയനായ ക്രിസ്തു! ആ കരങ്ങൾ രണ്ടും ആണിപ്പാടുള്ള കരങ്ങൾ, പാദം രണ്ടും ആണിപ്പാടുള്ള പാദങ്ങൾ. ആ കരം സുന്ദർസിംഗിന്റെ നേരെ നിവർത്തി ഉയർത്തി പറഞ്ഞു.

“My son, My son I want You, I want You.” എന്റെ മകനേ, എന്റെ മകനേ, എനിക്ക് നിന്നെ വേണം. എനിക്ക് നിന്നെ ആവശ്യമുണ്ട്. ആ വാക്ക് സുന്ദർസിംഗിന്റെ ഹൃദയത്തിലേക്ക് ആഴത്തിൽ ആഴത്തിൽ പതിഞ്ഞു.

എന്തൊരു ശാന്തത, എന്തൊരു സ്നേഹം, എന്തൊരു വിശുദ്ധിയുടെ തേജസ്സ്, ആ സ്വർഗ്ഗീയ പ്രഭയിലേക്ക് നോക്കിക്കൊണ്ട് സുന്ദർസിംഗ് മതിമറന്ന് അമ്പരന്നു ഇരുന്നുപോയി.

കുറേനേരം കഴിഞ്ഞു. ആ ഉയർത്തിയ കരം, സുന്ദർസിംഗിന്റെ നേരെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആ രൂപം അങ്ങ് മറഞ്ഞു മറഞ്ഞു മാഞ്ഞുപോയി.

സുന്ദർസിംഗ് അന്ന് ജീവിതം ക്രിസ്തുവിന് സമർപ്പിച്ചു, ആ വലിയ കാഴ്ച സുന്ദർസിംഗിനെ ആകെ രൂപാന്തരപ്പെടുത്തി.

യേശുക്രിസ്തു ജീവിക്കുന്നു, യേശുക്രിസ്തു നമ്മെ തന്റെ പ്രിയ മക്കളാക്കാൻ ആഗ്രഹിക്കുന്നു. ഇതിനെ അഴിച്ചു വിടുന്നത് എന്തിന് എന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ ഞങ്ങളുടെ കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യം ഉണ്ട് എന്ന് പറയുവിൻ.

നാഥാ, ഞാൻ ഇതാ എന്നെത്തന്നെ നിനക്ക് തരുന്നു. എന്റെ ഹൃദയത്തിലേക്ക് നീ എഴുന്നെള്ളി വരണമേ, എന്നിൽ നീ വസിക്കണമേ, എന്നെ നീ നടത്തണമേ, എന്നെ നീ ഭരിക്കണമേ.

# ഒൻപത്

"അവർ ബേത്ത്സയിദയിൽ എത്തിയപ്പോൾ ഒരു കുരുടനെ അവന്റെ അടുക്കൽ കൊണ്ടു വന്നു അവനെ തൊടേണമെന്നു അപേക്ഷിച്ചു. അവൻ കുരുടന്റെ കൈക്കു പിടിച്ചു അവനെ ഊരിന്നു പുറത്തു കൊണ്ടുപോയി അവന്റെ കണ്ണിൽ തുപ്പി അവന്റെ മേൽ കൈ വെച്ചു : നീ വല്ലതും കാണുന്നുണ്ടോ എന്ന് ചോദിച്ചു. അവൻ മേല്പോട്ട് നോക്കി : ഞാൻ മനുഷ്യരെ കാണുന്നു, അവർ നടക്കുന്നതു മരങ്ങൾ പോലെയത്രേ കാണുന്നതു എന്നു പറഞ്ഞു. പിന്നെയും അവന്റെ കണ്ണിന്മേൽ കൈ വെച്ചാറെ അവൻ സൗഖ്യം പ്രാപിച്ചു മിഴിച്ചു നോക്കി എല്ലാം സ്പഷ്ടമായി കണ്ടു. നീ ഊരിൽ കടക്കപോലും അരുത് എന്നു അവൻ പറഞ്ഞു അവനെ വീട്ടിലേക്കു അയച്ചു."

മർക്കൊ. 8 : 22-26

യേശുക്രിസ്തു മരിച്ചവരെ ഉയർപ്പിച്ചു, കണ്ണു കുരു

ടർക്കു കാഴ്ച്ച കൊടുത്തു, മുടന്തരെ സൗഖ്യമാക്കി, പന്ത്ര ണ്ടുകൊല്ലം രക്തവാർച്ച ഉണ്ടായിരുന്ന സ്ത്രീക്ക് പൂർണ്ണ സൗഖ്യം നൽകി, പതിനെട്ടു കൊല്ലം കൂനുബാധിച്ചിരുന്ന സ്ത്രീയെ കൂനുമാറ്റി. കുഷ്ഠരോഗിക്ക് സൗഖ്യം നൽകി, മുപ്പത്തിയെട്ടുകൊല്ലം തളർവാതം ബാധിച്ചു കിടന്ന മനു ഷ്യൻ കിടക്ക എടുത്തു നടക്കുമാറാക്കി. അനേകമനേകം അടയാളങ്ങളും അത്ഭുതങ്ങളും ക്രിസ്തു ചെയ്തു.

മർക്കൊസിന്റെ സുവിശേഷം എട്ടാം അദ്ധ്യായം ഇരു പത്തി രണ്ടു മുതൽ ഇരുപത്തി ആറുവരെയുള്ള വാക്യങ്ങ ളിൽ കാണുന്നതു ഒരു കുരുടനു യേശുക്രിസ്തു കാഴ്ച കൊടുത്ത സംഭവമാണ്. അനേകം കുരുടന്മാർക്ക് യേശു ക്രിസ്തു കാഴ്ച കൊടുത്തിട്ടുണ്ട്. എന്നാൽ ഇവിടെ ബേത്ത്സയിദാ ദേശത്തുള്ള ഒരു കുരുടന്റെ കാര്യമാണ് വിവരിച്ചിരിക്കുന്നത്.

ബേത്ത്സയിദാ ദേശത്തുള്ള ആ കുരുടൻ ജന്മനാ കുരു ടൻ ആയിരുന്നില്ല. അവന് എന്തോ രോഗം ബാധിച്ചോ അത ല്ലെങ്കിൽ ഒരുപക്ഷേ എന്തെങ്കിലും അപകടം സംഭവിച്ചോ എങ്ങനെയോ അവന്റെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു പോയ താണ്. അവൻ ഒരിക്കൽ കണ്ണു കാണുന്നവൻ ആയിരുന്നു. ഒരിക്കൽ ഈ പ്രകൃതിയും പ്രകൃതിയിലുള്ള വസ്തുക്കളും അവൻ കാണുകയും ആസ്വദിക്കുകയും ചെയ്തവനായിരു ന്നു. എന്നാൽ ഇപ്പോൾ അവനു കണ്ണു കാഴ്ചയില്ല. ഈ സംഭവം മറ്റു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. മർക്കോസ് എഴുതിയ സുവിശേഷത്തിൽ മാത്രമേ അക്കാര്യം പറഞ്ഞിട്ടുള്ളൂ.

മർക്കൊസിന്റെ സുവിശേഷം ഏഴാം അദ്ധ്യായത്തിന്റെ മുപ്പത്തി ഒന്നാം വാക്യം മുതൽ കാണുന്ന ഭാഗത്തു വിക്ക

നായോരു ചെകിടന്റെ കാര്യം കാണുന്നുണ്ട്. വിക്കനായ ചെകിടനെ യേശു സൗഖ്യമാക്കി, അവന്റെ വിക്ക് മാറ്റി, അവന്റെ ചെവിക്ക് കേൾവി കിട്ടി, സംസാരശേഷിയും കിട്ടി. ആ സംഭവവും മറ്റു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല.

യേശുക്രിസ്തു ബേത്ത്സയിദായിലെ കണ്ണുകുരുടന് കാഴ്ച കൊടുത്ത സംഭവത്തിൽ ഒരു പ്രത്യേകത കാണുന്നുണ്ട്. യേശുക്രിസ്തു അവനെ തൊട്ടിട്ടും അവന് കാഴ്ച കിട്ടുന്നില്ല. എന്നാൽ പിന്നേയും യേശു അവന്റെ കണ്ണിൽ കൈവച്ചു, അങ്ങനെയാണ് അവനു സൗഖ്യം കിട്ടിയത്.

തിരുവചനത്തിൽ സുവിശേഷങ്ങളിൽ കണ്ണു കുരുടർക്ക് കാഴ്ച കൊടുത്ത ഭാഗങ്ങളിൽ ഒന്നും ഇല്ലാത്ത ഒരു പ്രത്യേകതയാണ് ഈ സംഭവത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

കർത്താവായ യേശുക്രിസ്തു ബേത്ത്സയിദായിൽ എത്തി, അപ്പോൾ ഒരു കുരുടനെ യേശുക്രിസ്തുവിന്റെ അടുക്കൽ കൊണ്ടുവന്നു, അവനെ ഒന്ന് തൊടണം എന്നു യേശുവിനോട് ആളുകൾ അപേക്ഷിക്കുകയാണ്. ഒരു പക്ഷേ ബേത്ത്സയിദായിലെ ആളുകൾ ആയിരിക്കാം. യേശുക്രിസ്തുവിന്റെ അടുക്കലേക്ക് അവർ അവനെ കൊണ്ടുവന്നു. അതിന് കാരണം ഇതിന് മുമ്പ് ഒരിക്കൽ യേശുക്രിസ്തു ബേത്ത്സയിദായിൽ എത്തിയപ്പോൾ അവിടെ ഒരു മഹാത്ഭുതം പ്രവർത്തിച്ചിട്ടുണ്ട്.

ബേത്ത്സയിദായിൽ നിന്നാണ് യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരുവനായ ഫീലിപ്പോസ് വരുന്നത്. ഫീലിപ്പോസിന്റെ നാടാണ് ബേത്ത്സയിദാ. ബേത്ത്സയിദായിൽ

യേശുക്രിസ്തു മുമ്പ് ഒരവസരത്തിൽ മുന്നുദിവസം ശുശ്രൂഷ ചെയ്തു.

ബേത്ത്സയിദായിലെ മലഞ്ചെരിവിൽ ആയിരക്കണക്കിനാളുകൾ തടിച്ചു കൂടി. പുരുഷന്മാർ തന്നെ അയ്യായിരത്തോളം ഉണ്ടായിരുന്നു എന്നാണ് തിരുവചനം പറയുന്നത്. ആ സംഭവം മത്തായിയുടെ സുവിശേഷത്തിലും മർക്കോസിന്റെ സുവിശേഷത്തിലും ലൂക്കോസിന്റെ സുവിശേഷത്തിലും, യോഹന്നാന്റെ സുവിശേഷത്തിലും ഒരുപോലെ രേഖപ്പെടുത്തിയിട്ടുണ്ട്. ബേത്ത്സയിദായിലെ ആ അയ്യായിരക്കണക്കിന് ആളുകൾക്ക് യേശുക്രിസ്തു അഞ്ച് അപ്പവും രണ്ട് മീനും വാഴ്ത്തി നുറുക്കി വർദ്ധിപ്പിച്ചു പോഷിപ്പിച്ച കാര്യം.

അത്രയും വലിയ ഒരു മഹാത്ഭുതം നടന്ന സ്ഥലത്തു യേശുക്രിസ്തു കടന്നു ചെന്നപ്പോൾ യേശുക്രിസ്തുവിന്റെ അരികിലേക്ക് ഈ കുരുടനെ കൊണ്ടു വന്നു. കർത്താവിനോട് അപേക്ഷിച്ചു. അവന്റെ മേൽ ഒന്നു തൊടണം. അവന് സൗഖ്യം നൽകണം.

പക്ഷേ യേശുക്രിസ്തു അവന്റെ കൈക്ക് പിടിച്ചു അവനെ ബേത്ത്സയിദായുടെ അതിരിന്റെ പുറത്തേക്ക് കൊണ്ടുപോയി. എന്തുകൊണ്ടായിരിക്കാം യേശുക്രിസ്തു അവനെ ബേത്ത്സയിദായിൽ നിന്നു മാറ്റിക്കൊണ്ടു പോയത്. തന്നെയുമല്ല യേശുക്രിസ്തു അവന് സൗഖ്യം കൊടുത്തതിനു ശേഷം പിന്നെ പറയുന്നുണ്ട്, "നീ ഊരിൽ കടക്ക പോലും അരുത്" എന്ന്.

കർത്താവായ യേശുക്രിസ്തു അഞ്ച് അപ്പം കൊണ്ട്

അയ്യായിരം പേരെ പോഷിപ്പിച്ച ബേത്ത്സയിദായിൽ അത്രയും മഹാത്ഭുതം നടന്നിട്ടും അവിടെയുള്ള ജനങ്ങൾ യേശു ക്രിസ്തുവിനെ വിശ്വസിക്കുകയോ, യേശുക്രിസ്തുവിന്റെ സന്നിധാനത്തിൽ അംഗീകാരത്തോടെ വരികയോ ചെയ്ത തായി കാണാത്തതുകൊണ്ട് കർത്താവ് അവരെ നോക്കി ദുഃഖിക്കുന്നതായി മത്തായിയുടെ സുവിശേഷത്തിൽ നമുക്ക് കാണുവാൻ സാധിക്കും.

> "കോരസീനേ, നിനക്കു ഹാ കഷ്ടം, ബേത്ത്സയിദേ, നിനക്കു ഹാ കഷ്ടം, നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടു തന്നെ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിങ്ങളെക്കാൾ സോരിന്നും സീദോന്നും സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു."
>
> മത്താ. 11 : 21 – 22

ബേത്ത്സയിദായിൽ വീര്യപ്രവൃത്തി നടന്നിട്ടും അവിടെയുള്ള ജനങ്ങൾ അവിശ്വാസികൾ ആയിരുന്നു. അവരുടെ അവിശ്വാസം നിമിത്തം കർത്താവിന് അവിടെ ഒന്നും പ്രവർത്തിക്കാൻ കഴിയുന്നില്ല.

ആ കണ്ണു കുരുടനെ കർത്താവു, ആ ഊരിന്നു പുറത്തേക്ക് കൊണ്ടുപോവുകയാണ്. അവനെ സഹായിക്കണമെന്നുണ്ട്. പക്ഷേ ബേത്ത്സയിദായിൽ വച്ച് സാധിക്കുന്നില്ല., ആ ദേശത്ത് വെച്ച് സാധിക്കുന്നില്ല. ആ ദേശം ശാപയോഗ്യമായി തീർന്നിരിക്കുന്നു.

സ്നേഹിതരെ, വളരെ ഗൗരവമേറിയ ഒരു കാര്യമാണ് തിരുവചനം നമ്മെ പഠിപ്പിക്കുന്നത്. അത്ഭുതങ്ങളും അടയാളങ്ങളും നടന്നു, വിശ്വസിക്കാൻ തക്കതായ അനേകമനേകം കാര്യങ്ങൾ നേരിട്ടു കണ്ടു, നേരിട്ട് അനുഭവിച്ചതായ ദൈവമക്കൾ അവിശ്വാസികളായിപ്പോയാൽ തന്മൂലം അനേകമനേകം പേർക്കു കിട്ടേണ്ട അനുഗ്രഹങ്ങളും അത്ഭുതകരമായ ഭാഗ്യ അനുഭവങ്ങളും ലഭിക്കാതെ പോകും എന്നുള്ളതാണ് ഭയാനകമായ കാര്യം.

കർത്താവായ യേശുക്രിസ്തു അത്ഭുതം ചെയ്തിട്ടും അയ്യായിരക്കണക്കിന് ആളുകൾക്ക് കേവലം അഞ്ച് അപ്പവും രണ്ടു മീനും കൊണ്ട് നിറയെ പുഷ്ടഭോജനം നൽകിയതു നേരിട്ടു കണ്ടു അറിഞ്ഞിട്ടും ആ ജനം അവിശ്വാസികൾ ആയിപ്പോയി. മർക്കോസിന്റെ സുവിശേഷം ആറാം അദ്ധ്യായത്തിന്റെ ആദ്യത്തെ ഖണ്ഡികയിൽ അവരുടെ അവിശ്വാസം നിമിത്തം കർത്താവിന് വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കാൻ കഴിഞ്ഞില്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

അവിശ്വാസം നിമിത്തം, അവിടെ ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുകയില്ല. വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നാണ് കർത്താവ് ബേഥാന്യയിലെ മാർത്തയോടും മറിയയോടും പറയുന്നത്.

ബേത്ത്സയിദായിലെ ജനങ്ങൾ അവിശ്വാസികളായി പോയി അത്ഭുതം കാണുകയും അത്ഭുതം അനുഭവിച്ചിട്ടും അവിശ്വാസികളായി തീർന്നപ്പോൾ കർത്താവ് വേദനയോടെ ഞരങ്ങിക്കൊണ്ടു പറഞ്ഞു. ബേത്ത്സയിദേ നിനക്ക് ഹാ കഷ്ടം! കോരസീനേ നിനക്ക് ഹാ കഷ്ടം! നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നുവെങ്കിൽ അവർ എത്ര പണ്ടു തന്നെ രട്ടിലും വെണ്ണീറിലും

ഇരിക്കുമായിരുന്നു. അവർ അനുതപിക്കുമായിരുന്നു, അവർ ഏങ്ങലടിച്ചു കരഞ്ഞു അനുതാപത്തോടെ ദൈവത്തിങ്കലേക്ക് വരുമായിരുന്നു. നിങ്ങളോ അവിശ്വാസികൾ ആയിപ്പോയി. വീര്യപ്രവൃത്തികൾ നടന്നിട്ടും നിങ്ങൾ ദൈവത്തിൽ വിശ്വ സിക്കുന്നില്ല, ദൈവത്തിൽ ശരണപ്പെടുന്നില്ല, സ്വന്തം ജീവി തത്തിലെ പാപങ്ങളെ ഓർത്തു അനുതപിക്കുന്നില്ല എന്ന് കർത്താവ് സങ്കടത്തോടെ പറഞ്ഞു.

ഇന്ന് നാം ഓരോരുത്തരും പഠിക്കേണ്ട ഏറ്റവും വലിയ പാഠം, ക്രിസ്തു സമ്പൂർണ്ണ സത്യമാണെന്നുള്ളതാണ് – So real a God - നമുക്ക് മനസ്സിലായി, സാക്ഷാൽ ക്രിസ്തുദൈവ മാണ് എന്ന് – So near a God - ക്രിസ്തു ഏറ്റവും അടു ത്താണ് എന്ന് നമുക്ക് മനസ്സിലായി – So dear a God - യേശു നമുക്ക് ഏറ്റവും പ്രിയങ്കരനാണ് എന്ന് മനസ്സിലായി.

ഇപ്പോൾ ബഹുമാന്യ സ്നേഹിതാ, ഒരു സത്യ മാനസാ ന്തരത്തിലേക്ക് നിങ്ങൾ വരുമോ? നിങ്ങൾക്കു വേണ്ടി ക്രൂശിൽ മരിച്ച ക്രിസ്തു ഇതാ ഉയർത്തെഴുന്നേറ്റു ജീവിക്കു ന്നവനായി നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്നു. ക്രിസ്തു വിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുവിൻ, ക്രിസ്തുവിനോട് വാക്കു പറയൂ.

നാഥാ ഇന്നുമുതൽ, ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും. യേശുവേ നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ, ഇന്നുമുതൽ ഞാൻ ഒരു പുതിയ മനു ഷ്യനായി ജീവിക്കും.

# പത്ത്

"അവർ ബേത്ത്സയിദയിൽ എത്തിയപ്പോൾ ഒരു കുരുടനെ അവന്റെ അടുക്കൽ കൊണ്ടു വന്നു അവനെ തൊടേണമെന്നു അപേക്ഷിച്ചു. അവൻ കുരുടന്റെ കൈക്കു പിടിച്ചു അവനെ ഊരിന്നു പുറത്തു കൊണ്ടുപോയി അവന്റെ കണ്ണിൽ തുപ്പി അവന്റെ മേൽ കൈ വെച്ചു : നീ വല്ലതും കാണുന്നുണ്ടോ എന്ന് ചോദിച്ചു. അവൻ മേല്പോട്ട് നോക്കി : ഞാൻ മനുഷ്യരെ കാണുന്നു, അവർ നടക്കുന്നതു മരങ്ങൾ പോലെയത്രേ കാണുന്നതു എന്നു പറഞ്ഞു. പിന്നെയും അവന്റെ കണ്ണിന്മേൽ കൈ വെച്ചാറെ അവൻ സൗഖ്യം പ്രാപിച്ചു മിഴിച്ചു നോക്കി എല്ലാം സ്പഷ്ടമായി കണ്ടു. നീ ഊരിൽ കടക്കപോലും അരുത് എന്നു അവൻ പറഞ്ഞു അവനെ വീട്ടിലേക്കു അയച്ചു."

മർക്കൊ. 8 : 22–26

യേശുക്രിസ്തു ആ കുരുടനെ തൊടുവാനാണ് അവർ

ആഗ്രഹിച്ചത്. അങ്ങനെ സൗഖ്യം കിട്ടും എന്ന് അവർ പ്രതീക്ഷിച്ചു. എന്നാൽ യേശുക്രിസ്തു അവന്റെ കൈക്കു പിടിച്ചു അവനെ ഊരിന്നു പുറത്തുകൊണ്ടുപോയി. അവനും യേശുവും മാത്രം ബേത്ത്സയിദാ പട്ടണത്തിനു പുറത്തു വെളിയിൽ ഒരിടത്തു നിൽക്കുകയാണ്. യേശു അവന്റെ കണ്ണിലേക്ക് തുപ്പി, തന്റെ കരം അവന്റെ മേൽ വെച്ചു.

അവന്റെ കണ്ണിലേക്ക് യേശു തുപ്പി. സൃഷ്ടാവിന്റെ അത്ഭുതകൃപ എങ്ങനെയെല്ലാമാണ് വ്യാപരിക്കുന്നത് എന്ന് ആർക്കറിയാം? എപ്പോഴാണ് ദൈവത്തിന്റെ കൃപ ഒരുവന്റെ മേൽ തൊടുന്നത് എന്ന് ആർക്കറിയാം? അത്ഭുതം സംഭവിക്കുന്നു. യേശു അവന്റെ കണ്ണിലേക്ക് തുപ്പി.

മർക്കോസിന്റെ സുവിശേഷം ഏഴാം അദ്ധ്യായത്തിന്റെ മുപ്പത്തി ഒന്നു മുതൽ ഉള്ള വാക്യങ്ങളിൽ വിക്കനായൊരു ചെകിടനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന്, അവന്റെ മേൽ കൈ വെക്കേണം എന്നു അപേക്ഷിച്ചപ്പോൾ യേശു അവനെ പുരുഷാരത്തിൽ നിന്നു വേറിട്ടു കൂട്ടിക്കൊണ്ടു പോയി അവന്റെ ചെവിയിൽ വിരൽ ഇട്ടു, തുപ്പി അവന്റെ നാവിനെ തൊട്ടു എന്നും നാം വായിക്കുന്നുണ്ട്.

ഇവിടെയും അങ്ങനെ തന്നെയാണ് : യേശു ഈ കുരുടന്റെ കണ്ണിലേക്ക് തുപ്പി എന്നിട്ട് അവന്റെ മേൽ കൈവെച്ചു. എന്തൊരത്ഭുതം! അവന്റെ കണ്ണു തുറന്നു.

പക്ഷേ, ഒരു വികലമായ കാഴ്ചയേ അവനു കിട്ടിയുള്ളൂ. ശരിയായ കാഴ്ച കിട്ടിയില്ല. ശരിയായ ഒരു കാഴ്ചപ്പാടു കിട്ടിയില്ല. വികലമായൊരു കാഴ്ച. യേശു ചോദിച്ചു. “നീ വല്ലതും കാണുന്നുണ്ടോ?” അവൻ മേല്പോട്ട് നോക്കി,

ഞാൻ മനുഷ്യരെ കാണുന്നു, അവർ നടക്കുന്നതു മരങ്ങൾ പോലെയത്രേ കാണുന്നതു എന്നു പറഞ്ഞു. മനുഷ്യരെ കാണുന്നുണ്ട്, മനുഷ്യർ നടക്കുന്നതും കാണുന്നുണ്ട്. പക്ഷേ മരങ്ങൾ ചലിക്കുന്നതുപോലെ തോന്നുന്നു. മരങ്ങൾ നടക്കുന്നത് പോലെ തോന്നുന്നു.

മനുഷ്യർ ആണെന്ന് അറിയാം, മരങ്ങൾ നടക്കുന്നത് പോലെ തോന്നുന്നു. ഒരു മാനസാന്തരം ലഭിച്ചു. ക്രിസ്തു തൊട്ടു, വചനം കേട്ടു, ദൈവത്തിന്റെ വചനം ശ്രദ്ധിച്ചു, പ്രകടമായ ചില പാപങ്ങൾ മാറി. ഒരു മാനസാന്തരം അനുഭവിച്ചു, സത്യം. പക്ഷെ വ്യക്തമായ ഒരു കാഴ്ചപ്പാടു കിട്ടിയിട്ടില്ല. ശരിയായ ഒരു കാഴ്ചപ്പാട് ലഭിച്ചിട്ടില്ല. ഇന്നും ഇപ്രകാരമുള്ള അനേകർ ഉണ്ട്.

യേശു കൈക്ക് പിടിച്ചു, യേശു ഊരിന്നു പുറത്തു കൊണ്ടുപോയി. പഴയ സാഹചര്യങ്ങളിൽ നിന്ന് ഒരു വേർപാട് ലഭിച്ചു. പഴയ ചുറ്റുപാടുകളിൽ നിന്ന് ഹൃദയത്തിൽ ഒരു വേർതിരിവു ലഭിച്ചു. പഴയ സാഹചര്യങ്ങൾ, പലതും മാറി, പക്ഷേ ആളത്വം മാറിയില്ല.

എന്നാൽ ഇപ്പോൾ പഴയതുപോലെയല്ല കണ്ണു കാണുന്നുണ്ട്, പക്ഷേ ശരിയായി കാണുന്നില്ല. അനേകം വിശ്വാസികൾ ഇങ്ങനെയാണ്. മാനസാന്തര ജീവിതം ഉണ്ട്, പലകാര്യങ്ങളിലും ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. ഒരു പ്രാർത്ഥനാ ജീവിതം തുടങ്ങി, ബൈബിൾ വായിക്കുന്നുണ്ട്, കൂട്ടായ്മകളിൽ സംബന്ധിക്കുന്നുണ്ട്, തിരുവചന ശുശ്രൂഷകളിൽ പങ്കെടുക്കുന്നുണ്ട്. പ്രാർത്ഥനാ യോഗങ്ങളിൽ വരുന്നത് സന്തോഷമാണ്, തിരുവചനം കേൾക്കുന്നത് മധുരമാണ്, കൂട്ടായ്മയിൽ ചേർന്നു പോകുന്നതു സന്തോഷമാണ്. പക്ഷേ ശരി

യായ കാഴ്ചപ്പാട് കിട്ടിയിട്ടില്ല. ഇങ്ങനെയുള്ള എത്രയോ ആളുകൾ ഇന്നും ഉണ്ട്. ആത്മീയത്തിന്റെ ആദ്യപാഠത്തിൽ എത്തി നിൽക്കുകയാണ്. മുന്നോട്ടു വളരുന്നില്ല.

ആത്മീയത്തിന്റെ ആദ്യപാഠം! ജഡീക ക്രിസ്ത്യാനികൾ എന്ന് അവരെക്കുറിച്ച് അപ്പൊ. പൗലോസ് പറയും. പ്രാകൃതരുണ്ട്, പ്രാകൃതമനുഷ്യർ. ജഡീകരുണ്ട്, ജഡീകമനുഷ്യരുണ്ട്. ആത്മീയരുണ്ട്, ആത്മീയ മനുഷ്യരുണ്ട്.

പ്രാകൃതമനുഷ്യർ, ജഡീക മനുഷ്യർ, ആത്മീയ മനുഷ്യർ, പ്രാകൃതമനുഷ്യർ (The Natural Man) – സ്വാഭാവീകമായ മനുഷ്യർ, ഒരു മാറ്റവും ഇല്ലാത്ത പഴയ ആള്.

ജഡീക മനുഷ്യൻ, പ്രാകൃത മനുഷ്യൻ അല്ല, തീരെ പ്രാകൃതമായ സ്വഭാവമല്ല. വെറിക്കൂത്തും മദ്യപാനവും റൗഡിസവും, കൊള്ളരുതായ്മയും, ധിക്കാര മനോഭാവവും, അസഭ്യ ജീവിതവും അശ്ലീല വർത്തമാനങ്ങളും, ദുഷിച്ച പടങ്ങളും,ബ്ലൂ ഫിലിമുകളും, ഏറ്റവും ഹീനമായ ജീവിത ഗതികളും എല്ലാം ആയിക്കഴിയുന്ന പ്രാകൃത മനുഷ്യനെപ്പോലെ അല്ല.

എന്നാൽ അതിൽ നിന്നുമാറി പല കാര്യങ്ങളിലും വ്യത്യാസം വന്നു, പലതിനോടും യാത്ര പറഞ്ഞു. പക്ഷേ ഇന്നും ജഡീക മനുഷ്യനാണ്. ഈർഷ്യമാറിയില്ല, വൈരാഗ്യം മാറിയില്ല, പകമാറിയില്ല, മുഷിച്ചിൽ മാറിയില്ല, അസൂയമാറിയില്ല, സ്ഥാനമോഹം മാറിയില്ല, സ്വാർത്ഥത മാറിയില്ല, ദ്രവ്യാഗ്രഹം മാറിയില്ല,, കപടഭക്തി മാറിയില്ല, മനുഷ്യരുടെ മുൻപിൽ വിളങ്ങുവാനുള്ള ആഗ്രഹം മാറിയില്ല, മനുഷ്യരുടെ അംഗീകരണത്തിന് വേണ്ടിയുള്ള വാഞ്ഛ മാറിയില്ല. പുറമെ ചില മാറ്റങ്ങൾ വന്നു. The Carmal Man – ജഡീക മനുഷ്യൻ. അവ

രെക്കുറിച്ച് അപ്പൊ. പൗലോസ് കൊരിന്ത്യർക്കുള്ള ലേഖനത്തിൽ പറയും :

> "ഭക്ഷണമല്ല, പാൽ അത്രേ ഞാൻ നിങ്ങൾക്കു തന്നത്, ഭക്ഷിപ്പാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു, ഇപ്പോഴും കഴിവായിട്ടില്ല, ഇന്നും നിങ്ങൾ ജഡീകന്മാരല്ലോ. നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡീകന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ." 1 കൊരി. 3 : 2 – 3

കൊരിന്തിലെ വിശ്വാസികളെക്കുറിച്ചു അപ്പൊസ്തലൻ പറയുകയാണ്. ഇന്നും ഈർഷ്യയും പിണക്കവും ഇരിക്കുന്നു. പരസ്പരം കിടമത്സരം നിൽക്കുന്നു. പരസ്പരം അഭിപ്രായ വ്യത്യാസവും പരിഭവങ്ങളും പരാതികളും ഹൃദയത്തിൽ ഇരിക്കുന്നു. അവകാശവാദങ്ങൾ ഹൃദയത്തിൽ നിൽക്കുന്നു. ഇഷ്ടക്കേടും മുഷിച്ചിലും ജീവിതത്തിൽ നിൽക്കുന്നു. പ്രകടമായ പാപങ്ങൾ മാറി, വിഗ്രഹാരാധന മാറി, ആഭിചാര പ്രയോഗങ്ങളും മന്ത്രവാദങ്ങളും മാറി, ഗ്രീക്കു ദേവന്മാരെ ഉപാസിച്ചു കൊണ്ടിരുന്നതായ പ്രാചീന ദേവാരാധനകൾ മാറി. എന്നാൽ ജീവിതത്തിൽ ഇന്നും ഇഴുകിചേർന്നിരിക്കുന്നതായ മുറുകെപ്പറ്റുന്നതായ അനേകം പാപങ്ങൾ നിൽക്കുന്നു. അനേകം ദൈവമക്കൾ അങ്ങനെയാണ്. അനേകം വിശ്വാസികൾ അങ്ങനെയാണ്.

"ജീവനുള്ളവൻ എന്നു നിനക്കു പേർ ഉണ്ട് എങ്കിലും നീ മരിച്ചവനാകുന്നു." എന്ന് വെളിപ്പാട് പുസ്തകം മൂന്നാം അദ്ധ്യായത്തിൽ സർദ്ദീസിലെ സഭയ്ക്കുള്ള ദൂതിൽ പറയുന്നത് ഇതുപോലുള്ള അനുഭവത്തിൽ കഴിയുന്നവരെക്കുറിച്ചാ

ണ്.

ജീവനുള്ളവർ എന്നാണ് പേര്, ക്രിസ്ത്യാനി എന്നാണ് പറയുന്നത്, വിശ്വാസി എന്നാണ് പറയുന്നത്. കൂട്ടായ്മക്കാർ എന്നാണ് പറയുന്നത്, പക്ഷേ ജീവിതത്തിൽ ഇല്ല. ജീവിതത്തിൽ സമൂലമായ പരിവർത്തനം വന്നിട്ടില്ല. സ്വഭാവം മാറിയിട്ടില്ല, ക്രിസ്തു സദൃശമായി തീരണമെന്നുള്ള വാഞ്ഛ വന്നിട്ടില്ല, ക്രിസ്തുവിന്റെ Image പ്രാപിക്കണം എന്നുള്ളതായ താല്പര്യം വന്നിട്ടില്ല. ക്രിസ്തുവിന്റെ പ്രകൃതമുള്ളവനായി തീരണം എന്നുള്ളതായ ദാഹം വന്നിട്ടില്ല. ജീവിതത്തിൽ നിഷ്ഠ, ജീവിതത്തിൽ പാപം ഒരണുപോലും വരരുത്, – ആ താല്പര്യം വന്നിട്ടില്ല. ജഡീക ക്രിസ്ത്യാനികൾ.

ഈ ഭയാനകമായ അവസ്ഥ മാറിക്കിട്ടണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. നീ വല്ലതും കാണുന്നുണ്ടോ എന്ന് ചോദിച്ചു. ബേത്ത്സയിദായിലെ കണ്ണു കുരുടന് അല്പം കാഴ്ച കിട്ടി. പക്ഷേ മനുഷ്യരെ കാണുന്നത് മരങ്ങൾ പോലെ അത്രേ എന്നു പറഞ്ഞു.

നിങ്ങളുടെ കാഴ്ചപ്പാട് എങ്ങനെയുണ്ട്? പ്രകൃതം മാറിയോ? പാപം മാറിയോ? കോപം മാറിയോ? വഴക്കും പിണക്കവും മാറിയോ? വാശിയും ശണ്ഠയും മാറിയോ? തർക്ക സ്വഭാവം മാറിയോ? ആരേയും എതിർക്കുന്ന ഹൃദയം മാറിയോ? മാതാപിതാക്കളെ പൂർണ്ണമായും അനുസരിക്കാൻ സാധിക്കുന്നുണ്ടോ? ഭർത്താവിന് പൂർണ്ണമായും വിനയപ്പെടാൻ കഴിയുന്നുണ്ടോ? ഭാര്യയെ പൂർണ്ണമായി സ്നേഹിക്കാൻ കഴിയുന്നുണ്ടോ? കുടുംബജീവിതം ഭദ്രമാണോ? ഇന്നും പക്ഷഭേദങ്ങൾ നിലവിലുണ്ടോ? മുഖസ്തുതിയിൽ സന്തോഷം വരുന്നുണ്ടോ? സ്വയമഹത്വവും സ്വയപ്രശംസയും കൈമുത

ലാണോ? ഓർക്കൂ, സ്വാർത്ഥതയിൽ ഇന്നും ലയിച്ചും അലിഞ്ഞും ചേർന്നു നിൽക്കുകയാണോ? ശ്രദ്ധിക്കൂ : പാപം ജീവിതത്തിൽ ഉണ്ടോ എന്ന് പരിശോധിക്കുവിൻ.

ഇന്ന് ഈ വചനം നിങ്ങൾ വായിക്കുമ്പോൾ ഒരു തീരുമാനത്തിലേക്ക് വരൂ. കർത്താവേ, ഒരു സമ്പൂർണ്ണമായ രൂപാന്തരം എനിക്ക് തരണമേ, പൂർണ്ണമായ കാഴ്ച എനിക്ക് തരണമേ, യഥാർത്ഥമായി കാണുവാൻ, സ്പഷ്ടമായി തെളിഞ്ഞു കാണുവാൻ ഉള്ള ഒരു കൃപ എനിക്കു നൽകണമെ, നാഥാ, നീ എന്നോട് മനസ്സലിയണമെ.

## പതിനൊന്ന്

"എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല, അതു അവന്നു ഭോഷത്വം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. ആത്മികനോ സകലത്തേയും വിവേചിക്കുന്നു, താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. കർത്താവിന്റെ മനസ്സു അറിഞ്ഞു അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു."

1 കൊരി 2 : 14 – 16

"എന്നാൽ സഹോദരന്മാരെ, നിങ്ങളോടു എനിക്ക് ആത്മികന്മാരോടു എന്നപോലെ അല്ല ജഡികന്മാരോടു എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളായവരോടു എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളൂ. ഭക്ഷണമല്ല പാൽ അത്രേ ഞാൻ നിങ്ങൾക്കു തന്നത്, ഭക്ഷിപ്പാൻ നിങ്ങൾക്ക്

കഴിവില്ലായിരുന്നു, ഇപ്പോഴും കഴിവായിട്ടില്ല, ഇന്നും നിങ്ങൾ ജഡികന്മാരല്ലോ."

1 കൊരി 3 : 1 – 2

അപ്പൊ. പൗലോസ് ഈ ഭാഗത്തു പറയുന്നതു കൊരിന്തിലെ ക്രിസ്ത്യാനികൾ ജഡികന്മാർ ആണെന്നാണ്. ആത്മീയമായി ഒരു അനുഭവം അവർക്കു ലഭിച്ചില്ല. ആത്മീയമായ ഒരു അവസ്ഥയിലേക്ക് അവർ വളർന്നില്ല. പക്ഷേ പ്രാകൃതന്മാർ അല്ല താനും.

പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അതു അവന്നു ഭോഷത്വമാകുന്നു, ആത്മീയമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതല്ല. തിരുവചനം ശ്രദ്ധിക്കുന്നില്ല, തിരുവചനം കൊക്കൊള്ളുന്നില്ല, തിരുവചനം ഗ്രഹിക്കുന്നില്ല.

പ്രാകൃത മനുഷ്യൻ – The Natural Man – അനേകം ആളുകൾ അങ്ങനെയാണ്. വെറിക്കൂത്തുകളിൽ രസിക്കുന്നു. സ്വർഗ്ഗമുണ്ടോ നരകമുണ്ടോ എന്നു ചിന്തിക്കുന്നില്ല. ദൈവമുണ്ടോ പിശാചുണ്ടോ എന്ന് ആലോചിക്കുന്നില്ല. നന്മയേതു തിന്മയേതു എന്നു തിരിച്ചറിയുന്നില്ല. അവരവർക്കു തോന്നിയതു പോലെ ജീവിക്കുന്നു. ഈ ലൗകീക ജീവിതത്തിലെ കാര്യങ്ങളിൽ മാത്രം തങ്ങി ജീവിക്കുന്നു. സുഖിക്കുക, രസിക്കുക, ഭക്ഷണം കഴിക്കുക, ഇണചേരുക, ഉറങ്ങുക തുടങ്ങിയുള്ള കാര്യങ്ങളിൽ മാത്രം മനസ്സു തങ്ങി നിൽക്കുന്നതാണ് പ്രാകൃത മനുഷ്യന്റെ സ്വഭാവം.

വെറിക്കൂത്തുകൾ, സിനിമാ ശാലകൾ, നാടക രംഗങ്ങൾ ചീട്ടുകളി കേന്ദ്രങ്ങൾ, അനാശാസ്യ പ്രവർത്തനങ്ങൾ, ബലാത്സംഗങ്ങൾ, സ്ത്രീ പീഡനങ്ങൾ, കൊലപാതകങ്ങൾ, കൊള്ള

കൾ, കവർച്ചകൾ, വാടകക്കൊലകൾ, കൂലിത്തല്ല്, അഴിമതി, കൈക്കൂലി എന്നിങ്ങനെയുള്ള അനേകമനേകം കാര്യങ്ങളിലൊന്നും ഒരു തിന്മകാണാതെ, തിന്മയാണെന്നു പോലും അറിയാതെ, മരണത്തിനുശേഷമുള്ള നിത്യതയെക്കുറിച്ച് ചിന്തിക്കാതെ, നരകമുണ്ടോ സ്വർഗ്ഗമുണ്ടോ എന്ന് ഓർക്കാതെ, അങ്ങനെ കഴിഞ്ഞുപോകുന്ന ഒരു വിഭാഗം ആളുകൾ.

പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല, ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ തിരിച്ചറിയുന്നില്ല. ക്രിസ്തു ആര് എന്ന് ചിന്തിക്കുന്നില്ല. ദൈവം ഉണ്ടോ എന്നുപോലും ഓർക്കുന്നില്ല. ദൈവാത്മാവ് തരുന്ന ഉപദേശത്തെ കൈക്കൊള്ളുന്നില്ല. അതു സ്വീകരിപ്പാനോ കേൾപ്പാനോ മനസ്സില്ല. അതു ഉൾക്കൊള്ളാൻ മനസ്സില്ല. അതു ഗ്രഹിക്കാനും സാധിക്കുന്നില്ല.

എന്നാൽ ജഡീക ക്രിസ്ത്യാനികൾ ഉണ്ട്. അവർ എങ്ങനെയുള്ളവരാണ്? കൊരിന്തിലുള്ള ദൈവമക്കൾ അനേകർ അങ്ങനെയാണ്. അവർക്ക് കൃപാ വരങ്ങൾ ഉണ്ട്, ചിലർക്കു അന്യ ഭാഷയുണ്ട്, ചിലർക്കു ദർശനങ്ങൾ ഉണ്ട്, ചിലർക്ക് വെളിപ്പാടുകൾ ഉണ്ട്, ചിലർ പ്രാർത്ഥിച്ചു ഭൂതങ്ങളെ പുറത്താക്കുന്നുണ്ട്, ചിലർ പ്രവചിക്കുന്നുണ്ട്. പക്ഷേ കാതലായ സ്നേഹം എന്ന വികാരം അവർക്കില്ല. സ്നേഹം എന്ന അടിസ്ഥാന സമ്പത്തു അവർക്കില്ല. പരസ്പരം സ്നേഹമില്ല, പരസ്പരം ഈർഷ്യ. “കേവലം ജഡികന്മാരല്ലോ" എന്നു അപ്പൊസ്തലൻ പറയുന്നു.

നിങ്ങൾ കേവലം ജഡികന്മാരല്ലോ, ചിലർ ഞങ്ങൾ പൗലോസിന്റെ പക്ഷക്കാർ എന്നു പറയുന്നു. ചിലർ ഞങ്ങൾ അപ്പൊല്ലോസിന്റെ പക്ഷക്കാർ എന്നു പറയുന്നു. ചിലർ ഞങ്ങൾ കേഫാവിന്റെ പക്ഷക്കാർ എന്നു പറയുന്നു. ചിലർ

ഞങ്ങൾ ക്രിസ്തുവിന്റെ പക്ഷക്കാർ എന്നു പറയുന്നു. പക്ഷം, അവിടെ അഭിപ്രായ വ്യത്യാസം വളർത്തി, കക്ഷി മത്സരം വളർത്തി ഗ്രൂപ്പിസം വളർത്തി, എന്നാൽ എല്ലാം ക്രിസ്തുവിന്റെ നാമത്തിൽ നടക്കുന്നു എന്നു ഭാവിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള അനേകം വിശ്വാസികൾ, മാനസാന്തരപ്പെട്ടവർ തന്നെ എങ്കിലും അവർക്കു യഥാർത്ഥമായ കാഴ്ചപ്പാട് കിട്ടിയിട്ടില്ല.

സാക്ഷാലുള്ള കാഴ്ച ലഭിച്ചിട്ടില്ല. ആ ബേത്ത്സയിദായിലെ കണ്ണു കുരുടനെപ്പോലെ അവർ കാണുന്നുണ്ട്. മനുഷ്യർ നടക്കുന്നത് മരങ്ങൾ പോലെയാണ്. ശരിയായ കാഴ്ച കിട്ടുന്നില്ല. യേശു അവരെ തൊട്ടു ശരിയാണ്, പ്രാകൃത മനുഷ്യൻ അല്ല. യേശു തന്നെയാണ് അവരിൽ പ്രവർത്തിച്ചത്, അതുകൊണ്ടാണ് ഈ കാഴ്ചപ്പാട് കിട്ടിയത്. കണ്ണു അടഞ്ഞിരുന്നതല്ലേ? തീർത്തും അന്ധകാരത്തിലല്ലേ? മഹാപാപങ്ങൾ പലതും മാറിപ്പോയി.

ഇങ്ങനെയുള്ള അവസ്ഥയിലാണോ നിങ്ങൾ? ഈ വാക്കുകളെ കേൾക്കുന്ന ആരെങ്കിലും ഇതുപോലുള്ള അവസ്ഥയിലാണോ? ഇന്നും ജയജീവിതം ലഭിച്ചിട്ടില്ല. ഇന്നും സ്നേഹം നിറഞ്ഞിട്ടില്ല. ഇന്നും ആത്മീയമായി വിവേചിച്ചു നന്മയേതു തിന്മയേതു എന്ന് തിരിച്ചറിഞ്ഞു തിന്മയെ തള്ളാനും നന്മയെ കൊള്ളാനും കഴിഞ്ഞിട്ടില്ല. പാപം കണികപോലും പാടില്ല എന്നുള്ള നിർബന്ധം വന്നിട്ടില്ല.

ഹൃദയത്തിന്റെ ഒരു കോണിൽപോലും ഒരു ചിന്തയുടെ അംശത്തിൽ പോലും പൈശാചികൻ അവകാശം പറയരുത് എന്നുള്ള നിഷ്ഠ വന്നിട്ടില്ല. സ്നേഹിതാ, നിന്റെ അവസ്ഥ എന്താണ്? പ്രിയ സഹോദരി, നിന്റെ അവസ്ഥ എന്താണ് എന്നു നീ ഒന്ന് ചിന്തിക്കൂ : ശരിയായ കാഴ്ചപ്പാടു കിട്ടിയോ?

നീ ആത്മീയനോ? ആത്മീയൻ ക്രിസ്തുവിന്റെ മനസ്സുള്ള വൻ ആകുന്നു. “നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു.” 1 കൊരി. 2 : 16

അപ്പൊസ്തലൻ പറയുകയാണ്. ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകണം. അതാണ് ആത്മീയന്റെ ലക്ഷണം.

നിങ്ങൾ ക്രിസ്തുവിന്റെ മനസ്സു പ്രാപിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? ക്രിസ്തുവിന്റെ ഹൃദയം പ്രാപിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? ക്രിസ്തുവിന്റെ അതേ സ്വഭാവം പ്രാപിക്കാൻ ആഗ്രമുണ്ടോ?

അതു എന്തൊരു പദവിയാണ്! തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദിമ മനുഷ്യനെ സൃഷ്ടിച്ച നിത്യനായ ദൈവം, മനുഷ്യന് കൊടുത്ത സ്വരൂപം ഏത്? ദൈവം കൊടുത്ത സാദൃശ്യമേത്?

എന്താണ് ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും എന്നു പറഞ്ഞാൽ? അതു പുറമേ കാണുന്ന ഒരു ആകൃതിയല്ല, പുറമെ കാണുന്ന ഒരു രൂപമല്ല, അത് ആത്മാവിന്റെ അവസ്ഥയാണ്. ആത്മാവ് ദൈവത്തിന്റെ സ്വഭാവം ഉള്ളതായിത്തീരുന്നു. The Inner Man - അകത്തേ മനുഷ്യൻ എന്ന് കൊരിന്ത്യർക്കെഴുതിയ രണ്ടാമത്തെ ലേഖനം നാലാം അദ്ധ്യായത്തിൽ അപ്പൊസ്തലനായ പൗലോസ് പറയുന്നു.

> “അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു.”

2 കൊരി 4 : 16

അകത്തെ മനുഷ്യൻ നാൾക്കുനാൾ ബലം പ്രാപിക്കും. പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു ക്ഷയിച്ചു പോകും. രോഗം ബാധിച്ചാകാം, വാർദ്ധക്യം വന്നാകാം, പുറമേയുള്ള മനുഷ്യൻ ക്ഷയിച്ചു ക്ഷയിച്ചു വരും. ശരീരം ക്ഷയിച്ചു ക്ഷയിച്ചു പോകുമ്പോഴും അകമെയുള്ളവൻ നാൾക്കുനാൾ ബലം പ്രാപിക്കും.

ഈ മഹാഭാഗ്യം അനുഭവിക്കാൻ നിങ്ങൾക്ക് കൊതിയുണ്ടോ.? യേശുക്രിസ്തുവിന്റെ അതേ സ്വഭാവം പ്രാപിക്കണം. യേശുക്രിസ്തു സ്നേഹിച്ചതുപോലെ എനിക്കു സ്നേഹിക്കണം. പരിശുദ്ധ സ്നേഹം, ഉപാധിയില്ലാത്ത സ്നേഹം, ത്യാഗോജ്ജ്വലമായ സ്നേഹം, മറ്റുള്ളവർക്കു വേണ്ടി കരുതുന്ന സ്നേഹം, എതിർക്കുന്നവരേയും ലാളിക്കുന്ന സ്നേഹം, ഉപദ്രവിക്കുന്നവരെ സ്നേഹിക്കുന്ന സ്നേഹം, തെറ്റു ചെയ്യുന്നവരോടും ക്ഷമിക്കുന്ന സ്നേഹം, ഗോഗുൽത്തായിലെ നിത്യസ്നേഹം.

കർത്താവേ, എനിക്ക് യേശുവിന്റെ സ്നേഹം തരണമേ, യേശുവിന്റെ സ്വഭാവം തരണമേ, കർത്താവേ യേശുവിന്റെ വിശുദ്ധി തരണമേ യേശുവിനു ആരോടും പക്ഷഭേദമില്ല. ആരോടും മുഖപക്ഷമില്ല, ആരുടേയും പ്രീതിവേണ്ടാ, ആരേയും പ്രസാദിപ്പിക്കേണ്ടാ.

ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു. എന്ന് യേശു പറഞ്ഞു. യേശു നല്ല വഴി കാണിച്ചു തരാമെന്നല്ല പറഞ്ഞത്, ഞാൻ തന്നേയാണ് വഴിയെന്നാണ്. യേശു സത്യം ചൂണ്ടിക്കാണിച്ചു തരാമെന്നല്ല പറഞ്ഞത്, ഞാൻ

തന്നെയാണ് സത്യം എന്നാണ്. ഞാൻ ജീവന്റെ പാത നിങ്ങൾക്ക് മനസ്സിലാക്കി തരാമെന്നല്ല. ഞാൻ തന്നെയാണ് ജീവൻ, ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു.

യേശുവിനെ നിങ്ങൾ കൈക്കൊള്ളുമോ? നിങ്ങളുടെ അവസ്ഥ നിങ്ങൾ തിരിച്ചറിയുമോ? യേശുവിന്റെ പ്രകൃതം പ്രാപിക്കണം, യേശുവിന്റെ ഛായ പ്രാപിക്കണം, യേശുവിന്റെ സ്വഭാവം പ്രാപിക്കണം. യേശുവിന്റെ Image പ്രാപിക്കണം. ഈ ആഗ്രഹം നിങ്ങൾക്കു വരുന്നുണ്ടോ? അവന്റെ സ്വരൂപവും സാദൃശ്യവും തിരികെത്തരാൻ ദൈവം ആഗ്രഹിക്കുന്നു. സ്വരൂപവും സാദൃശ്യവും നഷ്ടപ്പെട്ടവർക്കു തിരികെ തരാമെന്നു കർത്താവ് വാക്കു പറയുന്നു. ഇന്ന് നിങ്ങൾ ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നേ നിങ്ങളുടെ ഹൃദയം തുറക്കുവിൻ. പ്രാർത്ഥിപ്പിൻ.

നാഥാ, ഞാൻ ഇതുവരേയും ആത്മീയ മനുഷ്യൻ ആയില്ല. കർത്താവേ, ഞാൻ ഇതുവരേയും ഒരു Spiritual man ആയില്ല. കർത്താവേ, എനിക്ക് ആത്മീയനാകാൻ കഴിഞ്ഞില്ല, ഒരു ആത്മീയ സ്ത്രീ ആകാൻ കഴിഞ്ഞില്ല, എന്റെ ദൈവമേ, ഇത്രയും കാലം പാഴായിപ്പോയി. എനിക്കു പൂർണ്ണമായ ഒരു കാഴ്ച തരണമേ, ആത്മീയമായി കാണുവാനുള്ള ഒരു കാഴ്ച തരണമേ. എല്ലാം മിഴിച്ചു നോക്കി സ്പഷ്ടമായി കാണുവാനുള്ള കൃപതരണമേ.

ബേത്ത്സയിദായിലെ കണ്ണുകുരുടനു, ആദ്യം വികലമായ കാഴ്ചയേ ലഭിച്ചുള്ളൂ. മനുഷ്യർ നടക്കുന്നതു മരങ്ങൾ പോലെ അത്രേ എന്നു പറഞ്ഞു. ഇന്നും ശരിയായ കാഴ്ചപ്പാട് ലഭിക്കാത്തവർ ഇപ്പോൾ തന്നേ യേശുവിനോടു

പറയുവിൻ. ക്രിസ്തു നിങ്ങൾക്കു ശരിയായ കാഴ്ച്ചപ്പാട് തരും, ക്രിസ്തു നിങ്ങളെ അനുഗ്രഹിക്കും. ക്രിസ്തു തന്റെ കരം നിങ്ങളുടെ മേൽ വെയ്ക്കും. ക്രിസ്തു നിങ്ങളുടെ കണ്ണിനെ തൊടും, ക്രിസ്തു നിങ്ങൾക്ക് കാഴ്ച തരും. ക്രിസ്തു ആത്മീയ മനുഷ്യനാക്കി നിങ്ങളെ രൂപാന്തരപ്പെടുത്തി എടുക്കും.

## പന്ത്രണ്ട്

"പിന്നെയും അവന്റെ കണ്ണിന്മേൽ കൈ വെച്ചാറെ അവൻ സൗഖ്യം പ്രാപിച്ചു മിഴിച്ചു നോക്കി എല്ലാം സ്പഷ്ടമായി കണ്ടു. നീ ഊരിൽ കടക്കപോലും അരുത് എന്നു അവൻ പറഞ്ഞു അവനെ വീട്ടിലേക്കു അയച്ചു."

മർക്കൊ. 8 : 25 - 26

പിന്നെയും യേശു അവന്റെ കണ്ണിൽ കൈ വെച്ചു. യേശു മനസ്സലിഞ്ഞു. അവനു കാഴ്ചവേണം, അവനു ശരിയായിക്കാണണം, പൂർണ്ണമായ കാഴ്ച കിട്ടണം. യേശു അവന്റെ കണ്ണിൽ കൈവെച്ചു. എവിടെയാണോ അവന് കേടുള്ളത് അവിടെ കൈ വെച്ചു. എവിടെയാണോ പ്രശ്നമുള്ളതു അവിടെത്തന്നെ കർത്താവ് തൊട്ടു.

യേശു കരം വെച്ചാൽ അവിടെ സൗഖ്യമാണ്. യേശു കരം വെച്ചാൽ അവിടെ ജയമാണ്. യേശുകരം വെച്ചാൽ അവിടെ ശാന്തിയാണ്. യേശു കരം വെച്ചാൽ അവിടെ

അത്ഭുത സൗഖ്യമാണ്. യേശു കരം വെയ്ക്കട്ടെ.

നിങ്ങൾ യേശുവിനോടു പറയുമോ? കർത്താവേ, നിന്റെ കരം എന്റെ മേൽ ഒന്നു വെച്ചാൽ എന്റെ ആന്തരീക കണ്ണു തുറക്കുമല്ലോ, എന്റെ അകത്തു സുബോധം ഉദിക്കുമല്ലോ, എല്ലാം മിഴിച്ചു നോക്കി സ്പഷ്ടമായി കാണാൻ എനിക്കു കഴിയുമല്ലോ.

എന്റെ ജീവനുള്ള ദൈവമേ, നീ എന്നോട് മനസ്സലിയ ണമേ, എന്നോട് കരുണതോന്നണമേ, കർത്താവേ, നിന്റെ കരം എന്റെ മേൽ ഒന്നു വെയ്ക്കണമേ.

നിങ്ങൾ പ്രാർത്ഥിക്കുമോ?. കർത്താവു നിങ്ങളെ തൊട ട്ടെ, കർത്താവു നിങ്ങൾക്ക് സൗഖ്യം നൽകട്ടെ. നിങ്ങൾക്ക് തോൽവിയുള്ള ഭാഗത്ത് കർത്താവു തൊടുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? നിങ്ങളുടെ കോപമുള്ള ഹൃദയത്തിൽ തൊടു വാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? കോപമുള്ള മനസ്സിൽ തൊടുവാൻ ആഗ്രഹമുണ്ടോ? നിങ്ങളുടെ വൈരാഗ്യമുള്ള ഹൃദയത്തിൽ തൊടുവാൻ ആഗ്രഹമുണ്ടോ? പകയും വിദ്വേ ഷവുമുള്ള നിങ്ങളുടെ ഹൃദയത്തിൽ തൊടുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? തോറ്റുകൊണ്ടിരിക്കുന്ന നിനക്ക് ജയം തരു വാൻ യേശുവിന്റെ കരം നിന്റെ മേൽ വെയ്ക്കണമെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ?

നിങ്ങളുടെ പാപങ്ങൾ ഏറ്റു പറഞ്ഞു ഉപേക്ഷിച്ചു കർത്താവിന്റെ കരുണക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ കരു ണയുള്ള കർത്താവ് അത്ഭുതം പ്രവർത്തിക്കും. നിങ്ങൾക്കു കർത്താവ് ജയം തരും. നിങ്ങളുടെ പാപം കർത്താവ് മാറ്റി ത്തരും, നിങ്ങളുടെ സ്വഭാവം കർത്താവ് മാറ്റിത്തരും. നിങ്ങ

ളുടെ കണ്ണിന് കാഴ്ച തരും. വേദന എവിടെ ഉണ്ട് അക്കാര്യം യേശുവിനോട് പറയൂ. പാപം എവിടെ ഉണ്ട് അക്കാര്യം യേശുവിനോട് തുറന്നു പറയൂ. മേലിൽ വരികയില്ല എന്നു ദൈവത്തോടു വാക്കു പറയൂ.

മകനേ, നിന്റെ ഹൃദയത്തിൽ ഏറ്റവും ഹീനമായ മ്ലേച്ഛ മായ മോഹങ്ങൾ വരികയാണോ? മകളെ ഒരിക്കലും പാടി ല്ലാത്ത അഴുക്കായ ചിന്തകൾ നിന്നെ അലട്ടുകയാണോ? നിന്റെ സ്വപ്നങ്ങളിൽ അശുദ്ധി കടന്നു വരികയാണോ?

നിന്റെ മ്ലേച്ഛ മോഹങ്ങൾ, വ്യഭിചാരാസക്തികൾ നിന്നിൽനിന്നു മാറ്റി കളയുവാൻ യേശു ക്രിസ്തുവിനു കഴി യും. അവന്റെ കരം ഒന്നു തൊട്ടാൽ മതി. കർത്താവേ, എനിക്ക് ആഗ്രഹമാണ്, ഞാൻ അറിഞ്ഞു അരുതാത്ത ഒരു കാര്യത്തിലേക്ക് നീങ്ങുകയില്ല. മനസ്സറിഞ്ഞ് ഒരു ചിന്തയിൽ പോലും തെറ്റുപറ്റാൻ ഇടവരാതെ ഞാൻ എന്നെത്തന്നെ സൂക്ഷിക്കും. കർത്താവേ, നിന്റെ കരം എന്നെ ഒന്നു തൊടണമേ, എന്നെ ഒന്നു പിടിക്കണമേ, പ്രാർത്ഥിക്കൂ. ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് കൊടുക്കൂ. ക്രിസ്തുവിനോടു വാക്കു പറയൂ.

അവനോടു യേശു “നീ ഊരിൽ കടക്കപോലും അരുത്” എന്ന് പറഞ്ഞ് അവനെ വീട്ടിലേക്ക് അയച്ചു.”

ബേത്ത്സയിദാ അവിശ്വാസത്തിൽ തകർന്നുപോയി. ബേത്ത്സയിദാ ദേശത്തു അവിശ്വാസം കൊടികുത്തി വാഴു കയാണ്. യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങൾ കണ്ട ദേശത്തു അവിശ്വാസം വളരുന്നു. അതുകൊണ്ട് അവൻ ഇനിയും ക്രിസ്തു ചെയ്ത അത്ഭുതം അനുഭവിച്ചുകൊണ്ട്

അവിശ്വാസികളുടെ ഇടയിലേക്ക് ചെന്നാൽ അവനുള്ള വിശ്വാസം തന്മൂലം നഷ്ടപ്പെട്ടു പോകാൻ ഇടയുണ്ട്. അവനു ലഭിച്ച അനുഗ്രഹം നഷ്ടപ്പെടാൻ ഇടയുണ്ട്. അതുകൊണ്ട് നീ ഇനി തിരികെ ബേത്ത്സയിദയിലേക്ക് പോകണ്ടാ. നീ ഊരിലേക്ക് കടക്കുകപോലും ചെയ്യണ്ടാ, മാറിക്കൊള്ളൂ എന്ന് പറഞ്ഞു.

നിങ്ങൾ അവിശ്വാസികളോടു മാറി നിൽക്ക. ദൈവത്തെ വിശ്വസിക്കാതെ, ദൈവത്തെ തള്ളിപ്പറയുന്ന, ദൈവത്തെ നിഷേധിക്കുന്ന ആളുകളുമായുള്ള കൂട്ടുകെട്ടുകൾ വിടൂ. "Birds with the same feather flock together എന്ന് കേട്ടിട്ടില്ലേ?. ഒരേ തൂവലുള്ള പക്ഷികൾ കൂട്ടുകൂടി സഞ്ചരിക്കും, കൂട്ടു കൂടി പറക്കും.

നാം പാപികളോടു വേർപാടു പാലിക്കുക. ദുഷ്ടന്മാരുടെ ആലോചന പ്രകാരം നടക്കരുത്, പാപികളുടെ വഴിയിൽ നിൽക്കരുത്, പരിഹാസികളുട ഇരിപ്പിടത്തിൽ ഇരിക്കുകയും അരുത്. അങ്ങനെ സമ്പൂർണ്ണമായി വേർപെട്ടൊരു ജീവിതം നയിക്കൂ, ദൈവത്തിൽ ആശ്രയിക്കൂ, പുതിയ ജീവിതം തുടങ്ങൂ. സത്യമാനസാന്തര ജീവിതം തുടങ്ങൂ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# പതിമൂന്ന്

"യേശു അവിടെ നിന്നു പോകുമ്പോൾ രണ്ടു കുരുടന്മാർ, ദാവീദ് പുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചും കൊണ്ടു പിൻതുടർന്നു. അവൻ വീട്ടിൽ എത്തിയപ്പോൾ കുരുടന്മാർ അവന്റെ അടുക്കൽ വന്നു. ഇതു ചെയ്‌വാൻ എനിക്കു കഴിയും എന്നു വിശ്വസിക്കുന്നുവോ എന്നു യേശു ചോദിച്ചതിന്നു : ഉവ്വു, കർത്താവേ എന്നു അവർ പറഞ്ഞു. അവൻ അവരുടെ കണ്ണുതൊട്ടു : നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞു, ഉടനെ അവരുടെ കണ്ണു തുറന്നു. പിന്നെ യേശു : നോക്കുവിൻ, ആരും അറിയരുത് എന്ന് അമർച്ചയായി കല്പിച്ചു. അവരോ പുറപ്പെട്ടു ആ ദേശത്തിലൊക്കെയും അവന്റെ ശ്രുതിയെ പരത്തി."

മത്താ. 9 : 27 – 31

യേശു ചെയ്ത അത്ഭുത പ്രവൃത്തികൾ ഏറെയാണ്.

ഇന്നും ഉയർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു അതിശയങ്ങളും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. രോഗികളെ സൗഖ്യമാക്കുന്നു, ഭൂത ഗ്രസ്തർക്ക് ഭൂതബാധ മാറ്റുന്നു. കുടുംബങ്ങളിൽ ശാന്തി അയക്കുന്നു, അസ്വസ്ഥ ഹൃദയങ്ങൾക്ക് സമാധാനം നൽകുന്നു, ആശ്വാസം ഇല്ലാത്തവർക്ക് ആശ്വാസം പകരുന്നു. ജീവിതം വഴിമുട്ടി നിൽക്കുന്നവർക്കു മുന്നോട്ടുള്ള ഗതി കാണിച്ചു കൊടുക്കുന്നു. കടത്തിൽ മുങ്ങിപ്പോയവരെ വിടുവിക്കുന്നു. വിവിധ പ്രശ്നങ്ങളിൽ പെട്ട് ഉഴലുന്നവർക്ക് പ്രശ്ന പരിഹാരം നൽകുന്നു. ഇന്നും അനേകമനേകം ആളുകൾക്ക്, ലോകത്തെമ്പാടും യേശു സമാധാനവും ശാന്തിയും പാപക്ഷമയും പാപമോചനവും രോഗസൗഖ്യവും നൽകി അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നു.

രണ്ടു കണ്ണുകുരുടർക്കു കാഴ്ച കൊടുത്ത വസ്തുതയാണ് ഇവിടെ നാം വായിച്ചത്. ഈ കുരുടന്മാർ കാഴ്ചയില്ലാതെ ജനിച്ചവർ അല്ല, അവർ കാഴ്ച ഉണ്ടായിരുന്നവർ ആണ്. എന്നാൽ എന്നോ എന്തുകൊണ്ടോ അവരുടെ കാഴ്ച നഷ്ടപ്പെട്ടു. രോഗം മൂലം ആകാം. ഏതെങ്കിലും ആപത്ത് വന്നതുമൂലമാകാം. എങ്ങനെയോ അവരുടെ കാഴ്ച നഷ്ടപ്പെട്ടു. ഒരിക്കൽ കാഴ്ച ഉണ്ടായിരുന്നു എന്നാൽ ഇപ്പോൾ അവർക്ക് കാഴ്ച ഇല്ല.

വേദപുസ്തകം നാം വായിക്കുമ്പോൾ യേശു കുറഞ്ഞത് ആറു കുരുടരെ എങ്കിലും പല അവസരങ്ങളിലായി സൗഖ്യമാക്കിയ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ആറു കുരുടരിൽ ഇവിടെ രണ്ടു കുരുടരെ നാം കാണുകയാണ്. അവരുടെ പേര് എന്താണെന്ന് നമുക്ക് അറിഞ്ഞുകൂടാ, സുവിശേഷകനായ വി. മത്തായി അക്കാര്യം രേഖപ്പെടുത്തിയിട്ടില്ല.

എന്നാൽ അവർ കുരുടർ ആയിരുന്നു. അവർ ക്രിസ്തുവിനെ വിളിക്കുന്നത് "ദാവീദ് പുത്രാ" എന്നാണ്. അവർ യഹൂദന്മാരായിരുന്നു, യഹൂദമത വിശ്വാസികൾ ആയിരുന്നു. അന്നത്തെ യഹൂദന്മാർ യേശുവിനെ വിശ്വസിക്കുകയോ ദാവീദിന്റെ വംശത്തിൽ പിറന്ന ദാവീദിന്റെ സിംഹാസനത്തിൽ ആരൂഢനാകുന്ന മിശിഹാ ആണെന്ന് അംഗീകരിക്കകയോ ചെയ്തിരുന്നില്ല. എന്നാൽ ബഹുഭൂരിപക്ഷം യഹൂദന്മാരും ക്രിസ്തുവിനെ അംഗീകരിക്കാതെ ഇരുന്ന കാലത്ത് ക്രിസ്തുവിനെ ഒരു ന്യൂനപക്ഷം യഹൂദന്മാർ അംഗീകരിച്ചു. അങ്ങനെ അംഗീകരിച്ചവരിൽ രണ്ടു പേർ ആയിരുന്നു ഈ കുരുടന്മാർ.

ന്യൂനപക്ഷം ആളുകൾ, വളരെ കുറച്ച് ആളുകൾ മാത്രം ക്രിസ്തുവിനെ അംഗീകരിച്ചപ്പോൾ ആ കൂട്ടത്തിൽ പെടുക അതൊരു ഭാഗ്യമാണ്, അതൊരു വലിയ പദവിയുമാണ്.

ബഹുഭൂരിപക്ഷത്തിന്റെ കൂടെ നിൽക്കാതെ സത്യത്തിന്റെ കൂടെ നിൽക്കുമ്പോഴാണ് ദൈവത്തിന്റെ പ്രസാദം ലഭിക്കുന്നത്. എതിർക്കുകയും മത്സരിക്കുകയും മറുതലിക്കുകയും ചെയ്യുന്ന ബഹുഭൂരിപക്ഷത്തിന്റെ കൂടെ പോകാതെ, സ്വീകരിക്കുകയും വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ന്യൂനപക്ഷത്തിന്റെ കൂടെ നിൽക്കാൻ സാധിക്കുമ്പോൾ അത് അനുഗ്രഹത്തിന്റെ നാന്ദിയാകും.

ദാവീദ് പുത്രാ ഞങ്ങളോട് കരുണ തോന്നേണമേ എന്ന് അവർ യാചിച്ചു. അവർ യേശുവിനോടു അങ്ങനെ യാചിക്കുവാൻ കാരണം ഒരു പക്ഷേ ആളുകൾ യേശുവിനെ അനുഗമിക്കുന്ന ശബ്ദം കേട്ട് അവർ ചോദിച്ചതാകാം. എന്താണ് ഈ ശബ്ദകോലാഹലം എന്ന് അവർ അന്വേഷിച്ചതാകാം.

ആളുകൾ പരസ്പരം പറയുന്നത് അവർ കേട്ടതാകാം. എങ്ങ നെയോ അവർ യേശുക്രിസ്തുവിന്റെ പിറകെ പോകാൻ തയ്യാറായി. ആളുകളിൽ ആരെങ്കിലും അവരെ സഹായിച്ച തായിരിക്കണം.

ആളുകൾ നടന്നു നീങ്ങുമ്പോൾ യേശു താമസിക്കുന്ന ഇടംവരെയും യേശുവിന്റെ പിറകെ അവർ ചെന്നു. "അവൻ വീട്ടിൽ എത്തിയപ്പോൾ കുരുടന്മാർ അവന്റെ അടുക്കൽ വന്നു." തക്കസമയത്തു അവരെ സഹായിക്കാൻ ആരെങ്കിലും അവരെ പിടിച്ചു കാണും, അവരെ നയിച്ചു കാണും, അവർ ദാവീദ് പുത്രാ ഞങ്ങളോട് കരുണതോന്നേണമേ എന്ന് നില വിളിച്ചുകൊണ്ടാണ് അവർ പിൻതുടർന്നത്. അവർ ഇടക്കി ടക്ക് ഇങ്ങനെ നിലവിളിച്ചു കൊണ്ടിരിക്കുകയാണ്. ദാവീദ് പുത്രാ ഞങ്ങളോട് കരുണതോന്നേണമേ.

വീട്ടിൽ എത്തുന്നത്വരെയും യേശു അവരെ നോക്കു കയോ സംസാരിക്കുയോ ചെയ്യുന്നില്ല. യേശു വീട്ടിൽ ചെന്ന പ്പോൾ അവരും ആളുകളുടെ സഹായത്തോടെ ആ വീട്ടിൽ എത്തി.

അവർ യേശുവിന്റെ മുൻപിൽ ചെന്ന് പിന്നേയും നില വിളിക്കുകയാണ്. ദാവീദ് പുത്രാ ഞങ്ങളോടു കരുണ തോ ന്നേണമേ. യേശു അവരോട് ചോദിച്ചു. ഇതു ചെയ്‌വാൻ എനിക്ക് കഴിയും എന്നു വിശ്വസിക്കുന്നുവോ? അവരുടെ വിശ്വാസത്തെ യേശുക്രിസ്തു പരീക്ഷിക്കുകയാണ്. പരി ശോധിക്കുകയാണ്. വിശ്വസിക്കുന്നവനാണ് അനുഗ്രഹം ലഭി ക്കുന്നത്. ഒരു ചിന്താക്കുഴപ്പവും ഇല്ലാതെ വിശ്വസിച്ചു ജീവ രക്ഷ പ്രാപിക്കാൻ ആരെല്ലാം ആഗ്രഹിക്കുന്നോ അവർക്ക് ദൈവം കൃപതരും.

നമ്മുടെ ജീവിതത്തിൽ വിശ്വാസത്തോടെ യാചിക്കുക, വിശ്വാസത്തോടെ ക്രിസ്തുവിനെ സമീപിക്കുക, വിശ്വാസ ത്തോടെ മുട്ടിപ്പായി പ്രാർത്ഥിക്കൂ. ക്രിസ്തുവിൽ നിന്ന് കരുണ ലഭിക്കും. നൂറ്റിഇരുപത്തി മൂന്നാം സങ്കീർത്തനത്തിൽ ദാവീദ് പാടും.

> "സ്വർഗ്ഗത്തിൽ വസിക്കുന്നവനായുള്ളോവേ, നിങ്കലേക്കു ഞാൻ എന്റെ കണ്ണു ഉയർത്തുന്നു, ദാസന്മാരുടെ കണ്ണു യജമാനന്റെ കയ്യിലേക്കും ദാസിയുടെ കണ്ണു യജമാനത്തിയുടെ കയ്യിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണു ഞങ്ങളുടെ ദൈവ മായ യഹോവയിങ്കലേക്കു അവൻ ഞങ്ങളോടു കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു."
>
> സങ്കീ. 123 : 1 - 2

യഹോവേ, നീ എന്നോട് കൃപ ചെയ്യുവോളം ഞാൻ നിന്നെ നോക്കിക്കൊണ്ടിരിക്കുന്നു. പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നത്വരേയും, മുട്ടിക്കൊണ്ടിരിക്കുകയാണ്. ക്രിസ്തു തന്റെ മലപ്രസംഗത്തിൽ പറഞ്ഞു,

> "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും, അന്വേഷിപ്പിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവന്നും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെ ത്തുന്നു, മുട്ടുന്നവന്നു തുറക്കും. മകൻ അപ്പം ചോദിച്ചാൽ അവന്നു കല്ലു കൊടുക്കുന്ന മനു ഷ്യൻ നിങ്ങളിൽ ആരുള്ളൂ? മീൻ ചോദിച്ചാൽ അവന്നു പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു

നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും.” മത്താ 7 : 7 – 11

മുട്ടിപ്പായി യാചിക്കുക, വിശ്വാസത്തോടെ യാചിക്കുക. മടുത്തു പോകാതെ യാചിക്കുക. ലൂക്കൊസിന്റെ സുവിശേഷം പതിനെട്ടാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ കർത്താവു ഒരു ഉപമ പറയുന്നുണ്ട്. ഉപമയുടെ ലക്ഷ്യം മടുത്തുപോകാതെ പ്രാർത്ഥിക്കണം എന്നുള്ളതാണ്.

"മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നുള്ളതിന്നു അവൻ അവരോടു ഒരു ഉപമ പറഞ്ഞതു : ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ലാത്ത ഒരു ന്യായാധിപൻ ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു. ആ പട്ടണത്തിൽ ഒരു വിധവയും ഉണ്ടായിരുന്നു. അവൾ അവന്റെ അടുക്കൽ ചെന്നു : എന്റെ പ്രതിയോഗിയോടു പ്രതിക്രിയ നടത്തി രക്ഷിക്കണമേ എന്നു പറഞ്ഞു. അവന്നു കുറേ കാലത്തേക്കു മനസ്സില്ലായിരുന്നു, പിന്നെ അവൻ : എനിക്കു ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമില്ല എങ്കിലും വിധവ എന്നെ അസഹ്യമാക്കുന്നതുകൊണ്ട് ഞാൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും, അല്ലെങ്കിൽ അവൾ ഒടുവിൽ വന്നു എന്നെ മുഖത്തടിക്കും – എന്നു ഉള്ളംകൊണ്ട് പറഞ്ഞു. അനീതിയുള്ള ന്യായാധിപൻ പറയുന്നത് കേൾപ്പിൻ. ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും

> അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു".
>
> ലൂക്കൊ 18 : 1 – 7

രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദൈവം ദീർഘക്ഷമയുള്ളവൻ ആണ്. മടുത്തു പോകാതെ പ്രാർത്ഥിക്കുന്ന, ഒരാളുടെ കാര്യത്തിൽ ദൈവം കാരുണ്യത്തോടെ മറുപടി തരുന്നവനാണ്. പ്രാർത്ഥനക്ക് ഉത്തരം തരുന്നവനാണ്.

"ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു" എന്നാണ് കർത്താവ് പറഞ്ഞത്. പ്രതിയോഗിയോട് പ്രതിക്രിയ ചെയ്തു ന്യായം പാലിച്ചു തരണമേ എന്നു പ്രാർത്ഥിക്കുന്ന വിധവയ്ക്ക്, മുട്ടിപ്പായി മടുത്തുപോകാതെ പ്രാർത്ഥിക്കുന്ന വിധവയ്ക്ക്, പ്രതിക്രിയ നടത്തിക്കൊടുക്കുന്നു.

നമുക്കും മുട്ടിപ്പായി ദൈവസന്നിധിയിൽ പ്രാർത്ഥിക്കാം. ഇവിടെ ഈ കുരുടന്മാർ മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ടു കർത്താവിന്റെ പിന്നാലെ യാത്ര ചെയ്തു. യേശു ഭവനത്തിൽ ചെന്നപ്പോൾ അവന്റെ അടുക്കൽ ചെന്നു. ഇതു ചെയ്‌വാൻ എനിക്കു കഴിയും എന്നു വിശ്വസിക്കുന്നുവോ എന്ന് യേശു ചോദിച്ചതിന്ന് "ഉവ്വ് കർത്താവേ" എന്ന് അവർ പറഞ്ഞു.

യേശുക്രിസ്തു ഇപ്പോൾ നിന്റെ പ്രാർത്ഥനയ്ക്ക് മറുപടി തരാൻ ശക്തനാണെന്ന് നീ വിശ്വസിക്കുന്നുവോ? അതിനു അവിടെത്തേക്ക് മനസ്സലിവ് ഉണ്ട് എന്ന് നീ വിശ്വസിക്കുന്നുവോ? യേശുക്രിസ്തു നിന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു എന്ന് നീ വിശ്വസിക്കുന്നുവോ? എന്ന് ചോദിക്കുന്നു എങ്കിൽ "ഉവ്വ് കർത്താവേ" എന്നു പറയാൻ നിനക്ക് സാധിക്കുമോ? സ്നേഹിതരേ, നമുക്ക് കഴിയുമോ?

ഉവ്വ് കർത്താവേ, കർത്താവേ, ഉവ്വ് ഞാൻ വിശ്വസിക്കുന്നു. ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ വിശ്വാസത്തോടെ പ്രാർത്ഥിപ്പിൻ. ക്രിസ്തുവിന്റെ പരമ ശക്തിയിൽ ഉള്ള വിശ്വാസം. ക്രിസ്തുവിന്റെ സ്നേഹത്തിൽ ഉള്ള വിശ്വാസം. ക്രിസ്തുവിന്റെ കരുണയിൽ ഉള്ള വിശ്വാസം. പ്രാർത്ഥിപ്പിൻ,, കരുണയ്ക്കായി യാചിപ്പിൻ.

## പതിനാല്

"യേശു അവിടെ നിന്നു പോകുമ്പോൾ രണ്ടു കുരുടന്മാർ, ദാവീദ് പുത്രാ, ഞങ്ങളോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചും കൊണ്ടു പിൻതുടർന്നു. അവൻ വീട്ടിൽ എത്തിയപ്പോൾ കുരുടന്മാർ അവന്റെ അടുക്കൽ വന്നു. ഇതു ചെയ്‌വാൻ എനിക്കു കഴിയും എന്നു വിശ്വസിക്കുന്നുവോ എന്നു യേശു ചോദിച്ചതിന്നു : ഉവ്വു, കർത്താവേ എന്നു അവർ പറഞ്ഞു. അവൻ അവരുടെ കണ്ണുതൊട്ടു : നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞു, ഉടനെ അവരുടെ കണ്ണു തുറന്നു. "

മത്താ. 9 : 27 – 30

രണ്ടു കുരുടന്മാർക്ക് കർത്താവായ യേശുക്രിസ്തു അന്ധത മാറ്റിക്കൊടുത്ത അത്ഭുത സംഭവമാണ് ഇവിടെ വിവരിച്ചിരിക്കുന്നത്. കഴിഞ്ഞ അദ്ധ്യായത്തിൽ അവരുടെ വിശ്വാസത്തെക്കുറിച്ചും അവർ മടുത്തുപോകാതെ യേശു

വിനെ പിൻചെന്നതിനെക്കുറിച്ചും യേശു വീട്ടിൽ എത്തിയ പ്പോൾ നിലവിളിച്ചുകൊണ്ടു പിൻതുടർന്നു അവർ യേശു വിന്റെ അരികിലേക്ക് എത്തിയെന്നും വീണ്ടും യാചിച്ചു എന്നും എല്ലാം ചിന്തിച്ചല്ലൊ.

വിശ്വാസവും മടുത്തുപോകാത്ത പ്രാർത്ഥനയും അനുഗ്ര ഹത്തിന്നു നിദാനമാണ് എന്ന് നാം മനസ്സിലാക്കി. അതി നോട് ബന്ധപ്പെട്ട അടുത്ത ചിന്ത നമുക്ക് കർത്താവിന്റെ കൃപയിൽ ശരണപ്പെട്ടു ധ്യാനിക്കാം.

അന്ധത എന്നതു ആത്മീയമായ അജ്ഞതയും അവിശ്വാ സവും കുറിക്കുകയാണ്. യെശയ്യാ പ്രവാചകന്റെ പുസ്തകം ആറാം അദ്ധ്യായം പത്താം വാക്യത്തിൽ നമ്മുടെ കർത്താ വിന്റെ തിരുവചനം വ്യക്തമായി പറയുന്നു.

> "അപ്പോൾ അവൻ അരുളിച്ചെയ്തതു, നീ ചെന്നു ഈ ജനത്തോടു പറയേണ്ടതു. നിങ്ങൾ കേട്ടുകൊണ്ടിട്ടും തിരിച്ചറികയില്ല, നിങ്ങൾ കണ്ടു കൊണ്ടിട്ടും ഗ്രഹിക്കയുമില്ല. ഈ ജനം കണ്ണു കൊണ്ടു കാണുകയോ ചെവികൊണ്ട് കേൾക്കയോ ഹൃദയംകൊണ്ട് ഗ്രഹിക്കയോ മനസ്സു തിരിഞ്ഞു സൗഖ്യം പ്രാപിക്കയോ ചെയ്യാതെ ഇരിക്കേണ്ടതിന്നു നീ അവരുടെ ഹൃദയം തടിപ്പിക്കയും അവരുടെ ചെവി മന്ദമാ ക്കുകയും അവരുടെ കണ്ണു അടച്ചുകളകയും ചെയ്ക." യെശയ്യാ. 6 : 9 – 10

കേട്ടിട്ടും തിരിച്ചറിയാത്തവരും കണ്ടിട്ടും ഗ്രഹിക്കാത്ത വരും ഹൃദയം കൊണ്ടു ഗ്രഹിക്കുകമാത്രമല്ല മനസ്സു തിരിഞ്ഞു സൗഖ്യം പ്രാപിക്കുക പോലും ചെയ്യാതെ ഇരിക്കുകയും

ചെയ്യുന്ന തഴമ്പിച്ച മനസ്സാക്ഷിയുള്ള ആളുകളെ കുറിച്ചു പ്രവാചകൻ പറയുന്ന ദൈവത്തിന്റെ അരുളപ്പാട് ഇങ്ങനെ യാണ്. അവരുടെ കണ്ണ് അടഞ്ഞു പോയിരുന്നു. പക്ഷെ കാണുന്നില്ല.

കേൾക്കുന്നുണ്ട് പക്ഷേ ഗ്രഹിക്കുന്നില്ല. മനസ്സു തിരിഞ്ഞു ദൈവത്തിങ്കലേക്ക് ഉള്ളം ഉയർത്തുന്നില്ല. മാനസാന്തരം ലഭി ക്കുന്നില്ല. തന്മൂലം സൗഖ്യം പ്രാപിക്കുന്നില്ല. അവരുടെ അവിശ്വാസം മൂലം ഹൃദയം തഴമ്പിച്ചുപോയി, അവർ ആത്മീ യമായി അന്ധത ബാധിച്ചു എന്നാണ് നാം വായിക്കുന്നത്.

> "അതിന്നു അവൻ : സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞു പോകും. അവരെ വിടുവിൻ, അവർ കുരുടന്മാരായ വഴികാട്ടികൾ അത്രേ, കുരുടൻ കുരുടനെ വഴി നടത്തിയാൽ ഇരുവരും കുഴി യിൽ വീഴും എന്നു ഉത്തരം പറഞ്ഞു."
>
> മത്താ. 15 : 13 – 14

അന്ന് യഹൂദാ ജാതിയിൽ ഉള്ള മതതീക്ഷ്ണതയുള്ള പരീശന്മാരെക്കുറിച്ച് കർത്താവ് പറയുകയാണ്. അവർ കുരു ടന്മാരായ വഴികാട്ടികൾ എന്ന്. കുരുടൻ കുരുടനെ വഴി നട ത്തിയാൽ ഇരുവരും കുഴിയിൽ വീഴും

നമ്മുടെ ഹൃദയം തകരുന്നില്ലെങ്കിൽ, അനുതപിക്കുന്നി ല്ലെങ്കിൽ, നാം ആത്മീയമായി അന്ധരാണ്. റോമർക്കെഴുതിയ ലേഖനത്തിൽ അപ്പൊ. പൗലോസ് പറുയന്നു :

> "സഹോദരന്മാരെ, നിങ്ങൾ ബുദ്ധിമാന്മാരെന്നു

> നിങ്ങൾക്കു തന്നേ തോന്നാതിരിപ്പാൻ ഈ രഹസ്യം അറിയാതിരിക്കരുതു എന്നു ഞാൻ ആഗ്ര ഹിക്കുന്നു, ജാതികളുടെ പൂർണ്ണ സംഖ്യ ചേരുവോളം യിസ്രായേലിനു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു."
> റോമ 11 : 25

കാഠിന്യം ഭവിക്കുന്നു, ഹൃദയകാഠിന്യം. അപ്പൊ. പത്രോസ് തന്റെ രണ്ടാം ലേഖനത്തിൽ എന്താണ് അന്ധത, കുരുടൻ ആരാണ് എന്നു പറയുന്നുണ്ട്.

> "അതു നിമിത്തം തന്നേ നിങ്ങൾ സകല ഉത്സാഹവും കഴിച്ചു, നിങ്ങളുടെ വിശ്വാസത്തോടു വീര്യവും വീര്യത്തോടു പരിജ്ഞാനവും പരിജ്ഞാനത്തോടു ഇന്ദ്രിയ ജയവും, ഇന്ദ്രിയ ജയത്തോടു സ്ഥിരതയും സ്ഥിരതയോടു ഭക്തിയും ഭക്തിയോടു സഹോദരപ്രീതിയും സഹോദരപ്രീതിയോടു സ്നേഹവും കൂട്ടിക്കൊൾവിൻ. ഇവ നിങ്ങൾക്കുണ്ടായി വർദ്ധിക്കുന്നു എങ്കിൽ നിങ്ങൾ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ചു ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല. അവയില്ലാത്തവനോ കുരുടൻ അത്രേ. അവൻ ഹ്രസ്വദൃഷ്ടിയുള്ളവനും തന്റെ മുമ്പിലത്തെ പാപങ്ങളുടെ ശുദ്ധീകരണം മറന്നവനും തന്നേ."
> 2 പത്രോ. 1 : 5 – 9

ആത്മീയമായ അന്ധത ബാധിച്ചവർ പാപത്തിൽ നിന്ന് വിമോചനം പ്രാപിക്കുന്നില്ല, ശുദ്ധീകരണവും പ്രാപിക്കുന്നില്ല. ക്രിസ്തു നൽകിയ പാപമോചനത്തെയും വിശുദ്ധീക

രണത്തെയും, കുറിച്ചുള്ള വിശ്വാസം പോലും നഷ്ടപ്പെട്ട് അത് മറന്നുപോയവരെപ്പോലെ കഴിയുകയാണ്.

ഉത്സാഹം, വിശ്വാസം, വീര്യം, പരിജ്ഞാനം, ഇന്ദ്രീയ ജയം, സ്ഥിരത, ഭക്തി, സഹോദര പ്രീതി, സ്നേഹം ഇവ ഇല്ലാത്തവൻ കുരുടൻ ആണ്.

നിങ്ങൾ നോക്കുമോ? നിങ്ങൾ ആത്മീയമായി അന്ധരാണോ? നിങ്ങൾക്ക് തകർന്ന ഹൃദയം ലഭിച്ചിട്ടുണ്ടോ? നുറുങ്ങിയ മനസ്സു ലഭിച്ചിട്ടുണ്ടോ? തിരുവചനം പറയുന്നു :

> "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സു. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ, നീ നിരസിക്കുന്നില്ല."
>
> സങ്കീ. 51 : 17

യാഗം അർപ്പിക്കുന്നതിനെക്കാളും വഴിപാടുകൾ അർപ്പിക്കുന്നതിനെക്കാളും ദൈവത്തിനു പ്രസാദകരം തകർന്ന ഹൃദയത്തോടെ ദൈവത്തിന്റെ കരുണയ്ക്കു വേണ്ടി യാചിക്കുക എന്നുതാണ്.

> "ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു."
>
> സങ്കീ. 34 : 18

ആരുടെ അടുത്താണ് ദൈവം വരുന്നത്? ആരെയാണ് ദൈവം രക്ഷിക്കുന്നത്? ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു." നുറുങ്ങിയ ഹൃദയം, തകർന്ന മനസ്സ്.

പാപത്തെ ഓർത്തു അനുതാപം വരുന്നുണ്ടോ? അതോ ഇന്നും ന്യായീകരണം പറഞ്ഞു സ്വന്തം പാപങ്ങൾ തിരിച്ചറിയാതെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി അഭിമാനകരമായ പാരമ്പര്യത്തിന്റെ പുകഴ്ച പറഞ്ഞു, നിങ്ങൾ ആശ്വാസം കൊണ്ടിരിക്കുകയാണോ? മനസ്സു മരവിച്ചിരിക്കുകയാണോ? ഹൃദയം കല്ലിച്ചിരിക്കുകയാണോ?

അയ്യോ ഞാൻ പാപിയായ മനുഷ്യൻ എന്ന് യെശയ്യാവിനെപ്പോലെ അനുതപിക്കുകയാണാവശ്യം. "എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ, ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു." എന്നാണ് യെശയ്യാവ് പറഞ്ഞത് (യെശ. 6 : 5) അനുതാപം വരുമ്പോഴാണ് തകർച്ച കിട്ടുന്നത്. അപ്പോഴാണ് ആത്മീയമായ കാഴ്ച ലഭിക്കുന്നത്.

യെഹെസ്കേൽ പ്രവാചകന്റെ പുസ്തകം മുപ്പത്തി ആറാം അദ്ധ്യായത്തിൽ അങ്ങനെയാണ് പറയുന്നത്.

> "ഞാൻ നിങ്ങൾക്ക് പുതിയോരു ഹൃദയം തരും, പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും, കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും."
>
> യെഹ 36 : 26

ഈ മഹാഭാഗ്യം നിങ്ങൾക്കു വേണമോ? ക്രിസ്തു ക്രൂശിൽ മുന്നാണികളിൽ തൂങ്ങി ചോരയും, നീരും ഒഴുക്കി പിടയുമ്പോൾ തകർന്ന ഹൃദയത്തോടെ പ്രാർത്ഥിച്ചു : "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്ത്"?

ക്രൂശിന്മേൽ കിടന്നുകൊണ്ട് കർത്താവ് ആദ്യമായി പറഞ്ഞതു "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ" എന്നാണ്.

ആ ക്രൂശിലെ സ്നേഹം നിങ്ങൾ ഉൾക്കൊള്ളുമോ? ആ ക്രൂശിലെ സ്നേഹത്തെ നിങ്ങൾ കാണുമോ? ആ ക്രൂശിലെ ത്യാഗത്തെ നിങ്ങൾ അറിയുമോ? ആ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്തിന്റെ മഹത്വം നിങ്ങൾ അറിയുമോ? വിശ്വസിക്കുമോ? എങ്കിൽ നിങ്ങൾക്ക് തകർന്ന ഹൃദയം ലഭിക്കും, നിങ്ങളുടെ പാപാവസ്ഥ കണ്ടു നിങ്ങൾ അനുതപിക്കും, തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ ദൈവം നിരസിക്കുന്നില്ല.

# പതിനഞ്ച്

"അവർ യെരീഹോവിൽ നിന്നു പുറപ്പെട്ടപ്പോൾ വലിയോരു പുരുഷാരം അവനെ അനുഗമിച്ചു. അപ്പോൾ വഴിയരികെ ഇരിക്കുന്ന രണ്ട് കുരുടന്മാർ യേശു കടന്നു പോകുന്നതു കേട്ടു: കർത്താവേ, ദാവീദ് പുത്രാ, ഞങ്ങളോട് കരുണ തോന്നണമേ എന്നു നിലവിളിച്ചു. മിണ്ടാതിരിപ്പാൻ പുരുഷാരം അവരെ ശാസിച്ചപ്പോൾ അവർ: കർത്താവേ, ദാവീദ് പുത്രാ ഞങ്ങളോട് കരുണ തോന്നണമേ എന്നു അധികം നിലവിളിച്ചു. യേശു നിന്നു അവരെ വിളിച്ചു. ഞാൻ നിങ്ങൾക്ക് എന്തു ചെയ്യേണമെന്നു നിങ്ങൾ ഇച്ഛിക്കുന്നു എന്നു ചോദിച്ചു. കർത്താവേ, ഞങ്ങൾക്കു കണ്ണു തുറന്നു കിട്ടേണം എന്നു അവർ പറഞ്ഞു. യേശു മനസ്സലിഞ്ഞു അവരുടെ കണ്ണുതൊട്ടു. ഉടനെ അവർ കാഴ്ച പ്രാപിച്ചു. അവനെ അനുഗമിച്ചു."

മത്തായി 20 : 29 – 34

ക്രിസ്തു, ജനത്തിരക്കുള്ളതായ യെരീഹോവിന്റെ തെരുവിൽ രണ്ടു ഭിക്ഷക്കാരായ കുരുടന്മാർ ഇരിക്കുന്നതിന്റെ അരികത്തു കൂടെ നടക്കുകയായിരുന്നു. വലിയോരു പുരുഷാരം യേശുവിന്റെ കൂടെ നടക്കുന്നുണ്ട്. ആ വഴിയോരത്തിരുന്ന കുരുടന്മാർ യാചകരായിരുന്നു..

അവർ കണ്ണുകാഴ്ച ഉള്ളവർ ആയിരുന്നു, പക്ഷേ അവരുടെ കാഴ്ച നഷ്ടപ്പെട്ടവരാണ്. അവരിൽ ഒരാളുടെ പേര് ബർത്തിമായി എന്നാണ്.

> "അവർ യെരീഹോവിൽ എത്തി, പിന്നെ അവൻ ശിഷ്യന്മാരോടും വലിയ പുരുഷാരത്തോടും കൂടെ യെരീഹോവിൽ നിന്നു പുറപ്പെടുമ്പോൾ തിമായിയുടെ മകനായ ബർത്തിമായി എന്ന കുരുടനായ ഒരു ഭിക്ഷക്കാരൻ വഴിയരികെ ഇരുന്നിരുന്നു. നസറായനായ യേശു എന്നു കേട്ടിട്ടു അവൻ ദാവിദുപുത്രാ, യേശുവേ, എന്നോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചു തുടങ്ങി. മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചിട്ടും : ദാവീദ് പുത്രാ , എന്നോട് കരുണ തോന്നേണമേ എന്നു അവൻ ഏറ്റവും അധികം നിലവിളിച്ചു പറഞ്ഞു. അപ്പോൾ യേശു നിന്നു, അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേല്ക്ക, നിന്നെ വിളിക്കുന്നു എന്നു പറഞ്ഞ് അവർ കുരുടനെ വിളിച്ചു. അവൻ തന്റെ പുതപ്പു ഇട്ടും കളഞ്ഞു ചാടി എഴുന്നേറ്റു യേശുവിന്റെ അടുക്കൽ വന്നു. യേശു അവനോടു : ഞാൻ നിനക്കു എന്തു ചെയ്തുതരേണമെന്നു നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചതിന്നു : എനിക്കു

> കാഴ്ച പ്രാപിക്കേണമെന്നു കുരുടൻ അവനോടു പറഞ്ഞു. യേശു അവനോടു : പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ അവനെ അനുഗമിച്ചു." മർക്കൊ. 10 : 46 – 52

മത്തായിയുടെ സുവിശേഷത്തിൽ നിന്നും വിഭിന്നമായി യെരീഹോവിന്റെ തെരുവിൽ ബർത്തിമായി എന്ന ഒരു കുരുടൻ ഇരന്നുകൊണ്ടു ഇരിക്കുന്നതായിട്ടാണ് മർക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നത്. രണ്ടു കുരുടന്മാരിൽ ഈ ഒരു കുരുടനാണ് ഉച്ചത്തിൽ സംസാരിക്കുന്നത് അവന്റെ പേരാണ് മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇതേ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അവിടേയും ബർത്തിമായിയെക്കുറിച്ചു മാത്രമേ പറയുന്നുള്ളൂ. ലൂക്കോസിന്റെ സുവിശേഷം പതിനെട്ടാം അദ്ധ്യായം മുപ്പത്തി അഞ്ചു മുതൽ ഉള്ള വാക്യങ്ങൾ.

> "അവൻ യെരീഹോവിന്നു അടുത്തപ്പോൾ ഒരു കുരുടൻ ഇരന്നുകൊണ്ട് വഴിയരികെ ഇരുന്നിരുന്നു. പുരുഷാരം കടന്നു പോകുന്നതു കേട്ടു. ഇതെന്തു എന്നു അവൻ ചോദിച്ചു. നസറായനായ യേശു കടന്നുപോകുന്നു എന്നു അവർ അവനോടു അറിയിച്ചു. അപ്പോൾ അവൻ : യേശുവേ, ദാവീദ്പുത്രാ, എന്നോട് കരുണ തോന്നേണമേ എന്നു നിലവിളിച്ചു. മുൻ നടക്കുന്നവർ അവനെ മിണ്ടാതിരിപ്പാൻ ശാസിച്ചു, അവനോ : ദാവീദ്പുത്രാ എന്നോട് കരുണ തോന്നേണമേ എന്നു ഏറ്റവും അധികം നിലവിളിച്ചു. യേശു നിന്നു, അവനെ തന്റെ അടുക്കൽ കൊണ്ടു വരു

> വാൻ കല്പിച്ചു. അവൻ അടുക്കെ വന്നപ്പോൾ : ഞാൻ നിനക്കു എന്തു ചെയ്യേണം എന്നു ചോദിച്ചു. കർത്താവേ, എനിക്കു കാഴ്ച കിട്ടേണം എന്നു അവൻ പറഞ്ഞു. യേശു അവനോടു : കാഴ്ച പ്രാപിക്ക : നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു ദൈവത്തെ മഹത്വീകരിച്ചും കൊണ്ടു അവനെ അനുഗമിച്ചു, ജനം എല്ലാം കണ്ടിട്ടു ദൈവത്തിന്നു പുകഴ്ച കൊടുത്തു."
> ലൂക്കൊ 18 : 35 – 43

ബർത്തിമായിയും അവന്റെ കൂട്ടുകാരനായ വേറൊരു ഭിക്ഷക്കാരനും ഇരന്നുകൊണ്ട് യെരീഹോ തെരുവോരത്തു ഇരിക്കുകയായിരുന്നു. അവർക്ക് ആരവാരം കേൾക്കാം, ആളുകളുടെ തിക്കും തിരക്കും അവർക്കു മനസ്സിലായി. എന്താണിത്? അന്വേഷിച്ചു. നസറായനായ യേശു കടന്നു പോകുന്നു എന്നു പുരുഷാരം അവനോടു അറിയിച്ചു.

അവർ കേട്ടിട്ടേയുള്ളൂ യേശു ചെന്നിടത്തെല്ലാം രോഗികൾ ചെല്ലുമെന്നും രോഗികൾ, ദുഃഖിതന്മാർ, ഭൂതബാധിതന്മാർ മുതലായവർ യേശുവിന്റെ അരികത്തു ചെന്ന് സൗഖ്യം പ്രാപിക്കുന്നു എന്നും. പക്ഷേ, യേശു അവരുടെ അരികത്തു കൂടി കടന്നുപോകുന്ന ഒരു വിശേഷ സന്ദർഭം അവർക്കു ലഭിച്ചിരിക്കുകയാണ്.

അവർ ഉച്ചത്തിൽ നിലവിളിച്ചു. "യേശുവേ, ദാവീദ് പുത്രാ എന്നോട് കരുണ തോന്നേണമേ, പുരുഷാരം അവരെ ശാസിച്ചു. "മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചു" അവരോ ഏറ്റവും അധികം നിലവിളിച്ചു. ലൂക്കൊസിന്റെ

സുവിശേഷത്തിൽ നാം വായിക്കുന്നത് : “മുൻ നടക്കുന്നവർ അവനെ മിണ്ടാതിരിപ്പാൻ ശാസിച്ചു” എന്നാണ്.

യേശുവിന്റെ കൂടെ നടക്കുന്നവർ ആണ്. പക്ഷേ യേശുവിന്റെ ദയയും മനസ്സലിവും സ്നേഹവും ഇല്ലാത്തവർ ആണ്. ക്രിസ്തുവിന്റെ സ്വഭാവം അറിയാത്തവരും ക്രിസ്തുവിന്റെ കൂടെ നടക്കുന്നുണ്ട്. മനുഷ്യാത്മാക്കളെ കുറിച്ചുള്ള ക്രിസ്തുവിന്റെ സ്നേഹവും, ദാഹവും തിരിച്ചറിയാത്തവരും ക്രിസ്തുവിന്റെ അനുയായികളായിട്ട് കൂടെ ഉണ്ട്. അതല്ലയോ ക്രിസ്തീയ സമൂഹത്തിന്റെ ഏറ്റവും വലിയ അപചയം, ഏറ്റവും വലിയ ദുരന്തം.

സുവിശേഷകന്മാർ ഞെട്ടലോടെ കേൾക്കേണ്ടതാണ് ഇത്. ദൈവവേലക്കാർ വിറയലോടെ ഗ്രഹിക്കേണ്ടതാണ് ഇത്. സുവിശേഷ പ്രവർത്തകർ, മിഷനറി പ്രവർത്തകർ യേശുക്രിസ്തുവിന്റെ നാമത്തിൽ ആതുര ശുശ്രൂഷ ചെയ്യുന്നവർ, യേശുക്രിസ്തുവിന്റെ നാമത്തിൽ പലപല മനോഗുണപ്രവൃത്തികൾ ചെയ്യുവാൻ ഉത്സാഹത്തോടെ സമർപ്പിച്ചു മുന്നോട്ടു വന്നവർ, യേശുക്രിസ്തുവിന്റെ സ്നേഹമോ, ക്രിസ്തുവിന്റെ ആത്മാക്കളെ കുറിച്ചുള്ള ഭാരമോ ഉൾക്കൊള്ളാതെ, അത്യാവശ്യക്കാരായി നിലവിളിക്കുന്നവർക്ക് വിലങ്ങു തടിയായി നിൽക്കുന്നുണ്ട്.

എന്റെ ദൈവമേ ഈ ഹതഭാഗ്യം എനിക്കു വരരുതേ എന്ന് നാം പ്രാർത്ഥിക്കേണ്ടതാണ്. ഈ കെടുതി എന്റെ ജീവിതത്തിൽ വരല്ലേ, യേശുവിനെ അറിയാതെ യേശുവിന്റെ അനുയായി ആയിത്തീരാൻ ഇടവരല്ലേ. യേശുവിന്റെ അനുയായിയാകാൻ ജീവിതം സർപ്പിച്ച എനിക്ക് യേശുവിനെ അറിയുന്നവനായി തീരാൻ ഇടവരണമേ, യേശു

വിന്റെ സ്വഭാവം അനുകരിക്കുന്നവനായി തീരാൻ ഇടയാക ണമേ, എന്ന് പ്രാർത്ഥിക്കാം.

ഈ മഹാഭാഗ്യം നിങ്ങൾക്കു വേണമോ? യേശുവിനെ അറിഞ്ഞും യേശുവിനെ അനുഭവിച്ചും യേശുവിന്റെ സ്വഭാവം ഉൾക്കൊണ്ടും, യേശുവിന്റെ ഛായ പ്രാപിച്ചും നമുക്ക് നിൽക്കാം, അതിനായി നമുക്ക് സമർപ്പിക്കാം.

“തൻസാമ്യം നാം പൂണ്ടിടുവാൻ
നമ്മുടെ സാമ്യമവൻ പൂണ്ടു”

എന്ന് പിതാക്കന്മാർ പാടിയിട്ടുണ്ട്, ഇന്ന് അർത്ഥമറി യാതെ പാടുന്നവരും ഉണ്ട്. നമുക്ക് അനുഭവിച്ചുകൊണ്ട് പാടാം. നമുക്ക് അനുഭവിച്ചുകൊണ്ട് പ്രാർത്ഥിക്കാം. ക്രിസ്തു വിന്റെ സ്വഭാവം, ക്രിസ്തുവിന്റെ സാമ്യം, ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ അതേ പ്രതിരൂപമായി തീരുന്ന സൗഭാഗ്യം നമുക്ക് അനുഭവിക്കാം.

## പതിനാറ്

“അപ്പോൾ അവൻ : യേശുവേ, ദാവീദ് പുത്രാ, എന്നോടു കരുണ തോന്നണമേ എന്നു നിലവിളിച്ചു. മുൻ നടക്കുന്നവർ അവനെ മിണ്ടാതിരിപ്പാൻ ശാസിച്ചു, അവനോ : ദാവീദ് പുത്രാ എന്നോട് കരുണ തോന്നണമേ എന്നു ഏറ്റവും അധികം നിലവിളിച്ചു. യേശു നിന്നു, അവനെ തന്റെ അടുക്കൽ കൊണ്ടു വരുവാൻ കല്പിച്ചു.’

ലൂക്കൊ. 18 : 38 – 40

യേശു നിന്നു, അവനെ തന്റെ അടുക്കൽ കൊണ്ടു വരുവാൻ കല്പിച്ചു. മുട്ടിപ്പായി പ്രാർത്ഥിക്കുന്നവന്റെ അരികത്തു നിൽക്കുന്ന ക്രിസ്തു! മറ്റുള്ളവരുടെ എതിർപ്പുകളെ ഗൗനിക്കാതെ ക്രിസ്തുവിന്റെ കരുണയ്ക്കു വേണ്ടി നാം യാചിച്ചാൽ ക്രിസ്തു നിൽക്കും. യേശു നിന്നു, മർക്കോസിന്റെ സുവിശേഷത്തിൽ നാം കാണുന്നത് :

“മിണ്ടാതിരിപ്പാൻ പലരും അവനെ ശാസി

> ച്ചിട്ടും : ദാവീദു പുത്രാ, എന്നോട് കരുണ തോന്നേണമേ എന്നു അവൻ ഏറ്റവും അധികം നിലവിളിച്ചു പറഞ്ഞു. അപ്പോൾ യേശു നിന്നു : അവനെ വിളിപ്പിൻ എന്നു പറഞ്ഞു." മർക്കൊ 10 : 48

"യേശു നിന്നു, അവനെ വിളിപ്പിൻ എന്നു പറഞ്ഞു." നമ്മെ സ്നേഹപൂർവ്വം മാടി അടുപ്പിക്കുന്ന ക്രിസ്തുവിന്റെ വാത്സല്യം! ഈ സ്നേഹത്തെ നാം കണ്ടാൽ ആ സ്നേഹത്തിന്നു മുന്നിൽ നമ്മെത്തന്നെ അടിയറ വെക്കും.

> "യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക, ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽ തന്നേ രസിച്ചുകൊൾക, അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക, അവനിൽ തന്നേ ആശ്രയിക്ക അവൻ അത് നിർവ്വഹിക്കും." സങ്കീ. 3 7 : 3 – 5

നിന്റെ വഴി യഹോവയെ ഭരമേല്പിക്ക, അവൻ നിന്നെ രക്ഷിക്കും.

ബർത്തിമായി കരഞ്ഞു. ബർത്തിമായിയുടെ കൂടെ ഇരിക്കുന്ന ആ പാവം കുരുടനും കരഞ്ഞു. "ദാവീദ് പുത്രാ, ഞങ്ങളോടു കരുണതോന്നേണമേ." പുരുഷാരം ശാസിച്ചു, മിണ്ടാതിരിപ്പാൻ പറഞ്ഞു. പക്ഷേ അവർ അടങ്ങിയില്ല. അവർ ആവശ്യക്കാരാണ്. ആരെല്ലാം തടഞ്ഞാലും ആവശ്യക്കാരൻ നിൽക്കുകയില്ല.

സമൂഹം നമ്മെ തടഞ്ഞു എന്നു വരും, ക്രിസ്തുവിന്റെ

അനുഗ്രഹം പ്രാപിക്കുന്നതിനു, ക്രിസ്തുവിനെ വിളിച്ചു അപേക്ഷിക്കുന്നതിനു, പ്രാർത്ഥനാ യോഗത്തിനു പോകുന്നതിനു, കൂട്ടായ്മ പാലിക്കുന്നതിനു, കൂട്ടായ്മകളിൽ പങ്കെടുക്കുന്നതിനു, ദൈവമക്കളായുള്ള കൂട്ടായ്മയിൽ സമയം ചെലവഴിക്കുന്നതിനു, മാനസാന്തരപ്പെടുന്നതിന് എല്ലാം പലരും തടഞ്ഞു എന്നു വരും. സ്വന്തക്കാർ തടയും. ബന്ധക്കാർ തടയും, പക്ഷേ അത്യാവശ്യക്കാരൻ ക്രിസ്തുവിനോടു പിന്നേയും പ്രാർത്ഥിച്ചു കൊണ്ടേയിരിക്കും. അവൻ പിറകോട്ടു മാറുകയില്ല. അപ്പോൾ ആണ് യേശു പറയുന്നത്, അവനെ വിളിപ്പിൻ.

യേശുവിന്റെ ശിഷ്യന്മാർ അവനെ ചെന്നു വിളിച്ചു -

> "ധൈര്യപ്പെടുക, എഴുന്നേല്ക്ക, നിന്നെ വിളിക്കുന്നു എന്നു അവർ പറഞ്ഞു കുരുടനെ വിളിച്ചു."
> മർക്കോ 10 : 49

എന്തൊരു വാത്സല്യം, ആ ശിഷ്യന്മാർ ചെന്ന് യേശുവിന്റെ വാത്സല്യം അവനെ അറിയിച്ചു. നിന്നെ വിളിക്കുന്നു – നിന്നെ വ്യക്തിപരമായി വിളിക്കുന്നു. ഇതുവരെയും ശാസിച്ചവർ തന്നെ, മിണ്ടാതിരിപ്പാൻ തർജ്ജനം ചെയ്തവർ തന്നെ ഇപ്പോൾ വിളിക്കുകയാണ്. യേശു നിന്നെ വിളിക്കുന്നു.

യേശു വിളിച്ചാൽ ആർക്കു തടുക്കാൻ കഴിയും. ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആർ? റോമർ ലേഖനം എട്ടാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയും.

> "ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്കു പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ

> നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്ന വൻ അവനോടു കൂടെ സകലവും നമുക്കു നൽകാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? യേശു ക്രിസ്തു മരിച്ചവൻ, മരിച്ചിട്ടു ഉയർത്തെഴുന്നേറ്റ വൻ തന്നേ, അവൻ ദൈവത്തിന്റെ വലത്തു ഭാഗ ത്തിരിക്കയും നമുക്കു വേണ്ടി പക്ഷവാദം കഴി ക്കയും ചെയ്യുന്നു. യേശുക്രിസ്തുവിന്റെ സ്നേഹ ത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ട തയോ, സങ്കടമോ, ഉപദ്രവമോ പട്ടിണിയോ നഗ്ന തയോ ആപത്തോവാളോ?" റോമർ 8 : 31 – 35

ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർതിരി പ്പാൻ ഒരു ശക്തിക്കും കഴിയുകയില്ല. കഷ്ടത വരട്ടെ, സങ്കടം വരട്ടെ, ഉപദ്രവം വരട്ടെ, പട്ടിണി വരട്ടെ, നഗ്നത വര ട്ടെ, ആപത്തു വരട്ടെ, വാൾ വരട്ടെ, ക്രിസ്തുവിന്റെ സ്നേഹ ത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാർ?

> "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു, അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു." എന്നു എഴുതിയിരിക്കുന്ന വല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ച കൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താ വായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹ ത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല

എന്നു ഞാൻ ഉറച്ചിരിക്കുന്നു.” റോമ. 8 : 36 – 39

ഞാൻ ഉറച്ചിരിക്കുന്നു. കർത്താവായ യേശു ക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ ആർക്കും കഴിയുകയില്ല.

ഈ ഉറപ്പേറിയ നിർണ്ണയമാണ് ക്രിസ്തീയ ജീവിതത്തിന്റെ കാമ്പും കാതലും, യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു മറ്റൊന്നിനും എന്നെ വേർപിരിപ്പാൻ കഴിയുകയില്ല എന്ന് ഉറപ്പ്.

ആ ഉറപ്പു കിട്ടിയാൽ നമ്മുടെ പ്രാർത്ഥനയ്ക്കു മുന്നിൽ സർവ്വവല്ലഭൻ നിന്നു തരും. അവൻ നിന്നു കേൾക്കും. ക്ഷമയോടെ കേൾക്കും. അവനു ഒരു ബദ്ധപ്പാടുമില്ല.

സ്നേഹിതാ, നിനക്ക് പറയാനുള്ളതെല്ലാം തുറന്ന് പറയാം, നിന്റെ നാഥനോട് അറിയിക്കാനുള്ളതെല്ലാം തുറന്ന് പറയാം. നിന്റെ പാപങ്ങൾ ഏറ്റു പറയാം. നിന്റെ ജീവിതത്തിൽ അലട്ടുന്ന പ്രശ്നങ്ങൾ തുറന്നു പറയാം. നിന്നെ വഴിമുട്ടിക്കുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും എല്ലാം അവന്റെ മുമ്പിൽ തുറക്കാം. നിന്റെ ഹൃദയം ദൈവസന്നിധിയിൽ പകരാം.

> പണ്ട് ഹന്നാ പറഞ്ഞതുപോലെ : “യജമാനനേ, ഞാൻ മനോവ്യസനമുള്ളോരു സ്ത്രീ, ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല, യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ചെയ്തത്.” 1 ശമു 1 : 15

അവളുടെ മുഖം പിന്നെ വാടിയതുമില്ല. പ്രാർത്ഥനയ്ക്കു

ഉത്തരം ലഭിച്ചവളായിട്ടാണ് അവൾ ദേവാലയത്തിൽ നിന്ന് പോയത്. ഹൃദയം പകർന്നു പ്രാർത്ഥിച്ചാൽ, ദൈവത്തിൽ നിന്ന് അനുഗ്രഹം ലഭിക്കും, അവളുടെ മുഖം പിന്നെ വാടി യതുമില്ല.

സ്നേഹിതാ, നിന്റെ വാട്ടം മാറണമോ? സഹോദരീ നിന്റെ ഹൃദയത്തിന്റെ മ്ലാനത മാറണമോ? നിന്റെ ജീവിതത്തിന്റെ വിരസത മാറണമോ? മകനേ, നിനക്ക് ശോഭനമായ ഭാവി ലഭിക്കണമോ? യേശുക്രിസ്തുവിന്റെ സന്നിധിയിൽ മുട്ടി പ്പായി പ്രാർത്ഥിപ്പിൻ. അവൻ നൽകും.

യേശു നിന്നു. അവനെ വിളിപ്പിൻ എന്നു പറഞ്ഞു. വ്യക്തിപരമായി വിളിക്കുന്നു. Personal salvation, Personal Faith, Personal affection, Personal Call വ്യക്തിപരമായ രക്ഷ, വ്യക്തി പരമായ വിശ്വാസം, വ്യക്തിപരമായ വാത്സല്യം. ക്രിസ്തു വിനു വ്യക്തിപരമായ വാത്സല്യം. ക്രിസ്തുവിനോടു വ്യക്തി പരമായ വിശ്വാസം. ക്രിസ്തു തരുന്ന വ്യക്തിപരമായ രക്ഷ. നമ്മെ സ്നേഹിക്കുന്ന ക്രിസ്തു നമ്മെ വിളിക്കുന്നു. വ്യക്തി പരമായ വിളി. ഈ സ്നേഹത്തിന്റെ വിളി നിങ്ങൾ ഇപ്പോൾ കേൾക്കുമോ? ആ വിളിക്ക് നിങ്ങൾ ശ്രദ്ധകൊടുക്കുമോ? അവനോടു നിങ്ങൾ വാക്കു പറയുമോ?

യേശുവേ, ഞാൻ ഇതാ വരുന്നു. ചാടി എഴുന്നേ ല്ക്കുമോ? യേശുവിന്റെ അരികിലേക്ക് ഓടി വരുവിൻ. അനുഗ്രഹം പ്രാപിപ്പിൻ, പാപമോചനം അനുഭവിപ്പിൻ.

# പതിനേഴ്

"യേശു നിന്നു : അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേല്ക്ക, നിന്നെ വിളിക്കുന്നു എന്നു അവർ പറഞ്ഞു കുരുടനെ വിളിച്ചു. അവൻ തന്റെ പുതപ്പ് ഇട്ടും കളഞ്ഞു ചാടിയെഴുന്നേറ്റു യേശുവിന്റെ അടുക്കൽ വന്നു. യേശു അവനോടു : ഞാൻ നിനക്കു എന്തു ചെയ്തു തരേണമെന്നു നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചതിന്നു : റബ്ബൂനീ, എനിക്കു കാഴ്ച പ്രാപി ക്കേണമെന്നു കുരുടൻ അവനോടു പറഞ്ഞു. യേശു അവനോടു : പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ അവനെ അനുഗമിച്ചു." മർക്കൊ. 10 : 49 – 52

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഈ സംഭവം കാണുന്നത് ഇങ്ങനെയാണ് :

"ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു ദൈവത്തെ മഹത്വീകരിച്ചുംകൊണ്ടു അവനെ അനുഗമിച്ചു, ജനം എല്ലാം കണ്ടിട്ടു ദൈവത്തിന്നു പുകഴ്ച കൊടുത്തു." ലൂക്കൊ. 18 : 43

ബർത്തിമായി എന്ന കുരുടനായ മനുഷ്യൻ യെരീഹോവിന്റെ തെരുവിൽ ഇരുന്നു ഭിക്ഷ യാചിക്കുകയായിരുന്നു. യേശുവേ, ദാവീദ് പുത്രാ, എന്നോട് കരുണതോന്നേണമേ എന്ന് നിലവിളിച്ചുകൊണ്ടിരുന്നു.

യേശു നിന്നു, അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ശിഷ്യന്മാർ ചെന്നു. അവനെ വിളിച്ചു. ധൈര്യപ്പെടുക, എഴുന്നേല്ക്ക, നിന്നെ വിളിക്കുന്നു എന്നു അവർ പറഞ്ഞു അവനെ വിളിച്ചു. അവൻ തന്റെ പുതപ്പു ഇട്ടും കളഞ്ഞു ചാടിയെഴുന്നേറ്റു യേശുവിന്റെ അടുക്കൽ വന്നു.

പുതപ്പ് അവന് ഒരു തടസ്സമാകണ്ടാ എന്ന് അവൻ കരുതി. എന്തെല്ലാം നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിന്റെ അരികിലേക്കു പോകുന്നതിനു തടസ്സമായിട്ടു ഉണ്ടോ, എല്ലാം മാറ്റിക്കൊള്ളുക. സുഖസൗകര്യങ്ങളാകാം. വെറിക്കൂത്തുകൾ ആകാം, സൽക്കാരങ്ങൾ ആകാം, സിനിമയാകാം, ടിവി സീരിയലുകൾ ആകാം, നാടകക്കളരികൾ ആകാം, കൂട്ടുകെട്ടുകൾ ആകാം, ദുശ്ശീലങ്ങൾ ആകാം, ദുഃസ്വഭാവങ്ങൾ ആകാം, മ്ലേച്ഛമായ ബന്ധങ്ങൾ ആകാം.

എല്ലാം ഇട്ടുകളയുക, എല്ലാം വിട്ടുകളയുക. യേശുവിന്റെ അടുക്കൽ ചെല്ലാം. ആത്മാവിൽ കാഴ്ച പ്രാപിക്കാം. ആത്മാവിൽ ബന്ധനം അഴിയാം. അന്ധത മാറിക്കിട്ടും. നിത്യജീവനും കിട്ടും. എല്ലാം വിട്ടുകളഞ്ഞു എഴുന്നേല്ക്ക.

അവൻ ചാടി എഴുന്നേറ്റു, പുതപ്പിട്ടും കളഞ്ഞ് ചാടി എഴുന്നേറ്റു യേശുവിന്റെ അരികിലേക്ക് പാഞ്ഞെത്തി. ശിഷ്യന്മാർ അവനെ നടത്തി ഭാഗ്യം. ആവശ്യക്കാരൻ ക്രിസ്തുവിന്റെ അരികിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ അവനെ വിളിക്കുന്നതും എഴുന്നേല്പിക്കുന്നതും പിടിക്കുന്നതും നടത്തുന്നതും എല്ലാം ഭാഗ്യമാണ്. അങ്ങനെയുള്ള ശിഷ്യന്മാരാണ് ഇന്ന് ആവശ്യം.

സ്നേഹിതരേ, നമുക്ക് ക്രിസ്തുവിന്റെ ശിഷ്യന്മാരാകാം, നമുക്ക് ക്രിസ്തുവിന്റെ വേലക്കാരാകാം, ആവശ്യക്കാരെ ക്രിസ്തുവിന്റെ അരികിലേക്ക് ആനയിക്കുന്നവരായി തീരാം. അവശരെ, ദുഃഖിതരെ, ക്ഷീണിതരെ, ബലഹീനരെ കൈത്താങ്ങൽ കൊടുത്തു ക്രിസ്തുവിന്റെ അരികിലെത്തിക്കുവാൻ നമ്മാൽ ആവതു യത്നിക്കാം. നമുക്ക് ക്രിസ്തുവിനു വേണ്ടി ക്രിസ്തുവിന്റെ സ്ഥാനാപതികളായി ഈ തലമുറയിൽ നിൽക്കാം.

ബർത്തിമായി യേശുവിനെ വിളിക്കുന്നതു റബ്ബൂനീ എന്നാണ്. എന്റെ യജമാനനേ എന്നാണ് അർത്ഥം. എന്റെ എന്നു പറയുന്നതിൽ ഒരു Personal Relationship ഉണ്ട്, വ്യക്തിപരമായ വിശ്വാസം ഉണ്ട്, രണ്ട് പ്രാവശ്യം അവൻ "യേശുവേ, ദാവീദു പുത്രാ" എന്നു വിളിക്കുന്നുണ്ട്.

എന്നാൽ ഇവിടെ അവൻ വിളിക്കുന്നത് റബ്ബൂനീ എന്ന് വ്യക്തിപരമായ വിശ്വാസത്തോടെയാണ്. യേശുവിനെ റബ്ബൂനീ എന്നു വിളിക്കുന്നതായി വേറെ ഒരാളെ നാം തിരുവചനത്തിൽ കാണുന്നുണ്ട്. അത് മഗ്ദലന മറിയാം ആണ്. വി. യോഹന്നാന്റെ സുവിശേഷം ഇരുപതാം അദ്ധ്യായം പതിനാറാം വാക്യത്തിൽ റബ്ബൂനീ എന്ന് വിളിച്ചു മഗ്ദലമറിയാം ഉയർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പാദപീഠത്തിങ്കൽ വീഴു

ന്നതു നാം കാണുന്നു. പാദം കെട്ടിപ്പിടിക്കുന്നതു നാം കാണുന്നു.

യേശുവിനെ കാണുന്നില്ല എന്നു പറഞ്ഞു കരഞ്ഞു കൊണ്ടു നിന്ന മഗ്ദലന മറിയാമിന്റെ അരികിൽ യേശു പ്രത്യക്ഷനായി "സ്ത്രീയേ നീ കരയുന്നതു എന്തു"? എന്നു ചോദിച്ചു. "മറിയയേ" എന്നു വിളിച്ച ശബ്ദം കേട്ടു അവൾ റബ്ബൂനീ എന്ന് തിരിച്ചറിഞ്ഞു വിളിക്കുന്നു. Personal faith, Personal affection, Personal relationship - വ്യക്തിപരമായ വിശ്വാസം , വ്യക്തിപരമായ സ്നേഹം, വ്യക്തിപരമായ ബന്ധം, ദൃഢബന്ധം.

ഈ വചനം വായിക്കുമ്പോൾ ക്രിസ്തുവിനോടു നിങ്ങൾക്കു വ്യക്തിപരമായ വിശ്വാസം ഉണ്ടോ എന്നു നോക്കുവിൻ. ക്രിസ്തുവിനോടു എന്റെ നാഥാ എന്നു പറയത്തക്ക വണ്ണം, എന്റെ കർത്താവേ എന്നു പറയത്തക്കവണ്ണ മുള്ള വ്യക്തിപരമായ സ്നേഹം നിങ്ങൾക്ക് വരുന്നുണ്ടോ? വിശ്വാസം നിങ്ങൾക്ക് വരുന്നുണ്ടോ?

നിന്റെ വിശ്വാസംപോലെ നിനക്ക് ഭവിക്കട്ടെ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു.

“നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.” വിശ്വാസം! നയീൻ പട്ടണത്തിൽ ശീമോന്റെ പൂമേടയിൽ ക്രിസ്തുവിന്റെ പാദപീഠത്തിൽ വന്നു പാപങ്ങൾ ഏറ്റു പറഞ്ഞു അനുതപിച്ച സ്ത്രീയോടു യേശു പറയുന്നു. സ്ത്രീയേ നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോക. നിന്റെ അനേകങ്ങളായ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു.

വി. മർക്കോസിന്റെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ രക്തവാർച്ചയുള്ള സ്ത്രീ യേശുവിന്റെ അരികത്തു വന്നു യേശുവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു അവൾ സൗഖ്യം പ്രാപിച്ചു. ക്രിസ്തു പറയുന്നു :

> "മകളേ, നന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധയൊഴിഞ്ഞു സ്വസ്ഥയായിരിക്ക." മർക്കോസ് 5 : 3

മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. വിശ്വാസം! വിശ്വസിക്കുന്നവർക്കാണ് രക്ഷ, വിശ്വസിക്കുന്നവർക്കാണ് കൃപ, വിശ്വസിക്കുന്നവർക്കാണ് അനുഗ്രഹം. വിശ്വസിക്കുന്നവർക്കാണ് സമൃദ്ധി, വിശ്വസിക്കുക! വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും.

ബേഥാന്യയിലെ ലാസറിന്റെ കല്ലറക്കൽ നിന്നു യേശുക്രിസ്തു മാർത്തയോടു പറയുന്നത് – "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" എന്നാണ്. വിശ്വാസം മൂലമാണ് രക്ഷ. വിശ്വസിക്കുന്നവർക്കാണ് പരിശുദ്ധാത്മാവിനെ ലഭിക്കുന്നത്.

സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു എന്നു കർത്താവ് ഒരിക്കൽ പറഞ്ഞു. വിശ്വാസം വലിയത്! സുറോഫൊയ്ക്യ ജാതിയിലുള്ള പുറജാതി സ്ത്രീ, കനാന്യ സ്ത്രീ അവളുടെ മകൾക്കു ഭൂതോപദ്രവം കഠിമായിരിക്കുന്നു എന്നു പറഞ്ഞു നിലവിളിച്ചു കൊണ്ടു ക്രിസ്തുവിന്റെ പിന്നാലെ വന്നപ്പോൾ അവളുടെ വിശ്വാസം കണ്ടു കർത്താവ് പറഞ്ഞത് : "സ്ത്രീയേ, നിന്റെ വിശ്വാസം വലിയതു, നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ." വി. മത്തായി 15 : 28

വലിയ വിശ്വാസം, ദൃഢമായ വിശ്വാസം.

നമുക്കു വിശ്വാസികൾ ആകാം. ക്രിസ്തു എനിക്കു വേണ്ടി ക്രൂശിൽ മരിച്ചു എന്ന് വിശ്വസിക്കാം. ക്രിസ്തുവിന്റെ തിരുരക്തം എന്റെ സകല പാപവും പോക്കി എന്നെ ശുദ്ധീകരിക്കുന്നു എന്നു വിശ്വസിക്കുക. യേശുക്രിസ്തു ക്രൂശിൽ മരിച്ചതു മൂലം പൈശാചികന്റെ ബന്ധനങ്ങളെ അഴിക്കുന്നു എന്ന് വിശ്വസിക്കുക.

ക്രിസ്തുവിൽ ഞാൻ വിശ്വസിക്കുമ്പോൾ ഞാൻ പുതിയ സൃഷ്ടിയായി എന്നു വിശ്വസിക്കുക. പാപമില്ലാത്ത ഒരു പുതിയ ജീവിതം ഞാൻ നയിക്കുമെന്നു തീരുമാനിക്കുക. "ഒരുത്തൻ ക്രിസ്തുവിൻ ആയാൽ അവൻ പുതിയ സൃഷ്ടിയാകുന്നു" എന്നു ക്രിസ്തു പറഞ്ഞ വചനം വിശ്വസിക്കുക. പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും എന്നു ദൈവസന്നിധിയിൽ വാക്കുപറയുക.

വിശ്വാസത്താൽ രക്ഷ, വിശ്വാസത്താൽ ക്രിസ്തീയ ജീവിതം, വിശ്വാസത്താൽ വിശുദ്ധ ജീവിതം.

ക്രിസ്തുവിൽ വിശ്വസിക്കുക, അനുഗ്രഹം പ്രാപിക്കുക.

## പതിനെട്ട്

"യേശു അവനോടു : കാഴ്ച പ്രാപിക്ക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു ദൈവത്തെ മഹത്വീകരിച്ചും കൊണ്ടു അവനെ അനുഗമിച്ചു, ജനം എല്ലാം കണ്ടിട്ടു ദൈവത്തിന്നു പുകഴ്ച കൊടുത്തു." ലൂക്കൊ 18 : 42 - 43

കാഴ്ച നഷ്ടപ്പെട്ടവൻ കാഴ്ച പ്രാപിച്ചു. ഭാഗ്യം! എത്രയോ നാളുകളായി കണ്ണു കാഴ്ചയില്ലാത്തവനായി, വഴി യോരത്തു ഭിക്ഷ യാചിച്ചിരുന്നവൻ ഇപ്പോൾ എല്ലാം സ്പഷ്ട മായി കാണുന്നു. ജനക്കൂട്ടം നീങ്ങുന്നു, യേശു നിൽക്കുന്നു, ശിഷ്യന്മാർ ചുറ്റും നിൽക്കുന്നു. എല്ലാവരും അതിശയം കൂറി നിൽക്കുന്നു. യെരീഹോവിന്റെ തെരുവ്, തെരുവിലെ വിവിധ കാഴ്ചകൾ അവൻ അത്ഭുത പരതന്ത്രനായി നോക്കി നിൽക്കുകയാണ്.

യേശുവിന്റെ തിരുമുഖത്ത് നിന്ന് കണ്ണുപറിക്കാതെ നിൽക്കുകയാണിപ്പോൾ, അവൻ യേശുവിനെ സ്തുതിക്കാൻ തുടങ്ങി. "ക്ഷണത്തിൽ അവൻ കാഴ്ച പ്രാപിച്ചു ദൈവത്തെ മഹത്വീകരിച്ചും കൊണ്ടു അവനെ അനുഗമിച്ചു." യേശു നടന്നു നീങ്ങുകയാണ്. അവൻ യേശുവിന്റെ കൂടെ സ്തുതി ച്ചുകൊണ്ട്, നടക്കുകയാണ്.

നന്ദിയുണ്ടെങ്കിൽ സ്തുതിക്കും. നന്ദിക്കുള്ള വകയുണ്ടോ? യേശുക്രിസ്തു നിങ്ങൾക്കു എന്തെങ്കിലും നന്മചെയ്തു എന്ന് നിങ്ങൾക്ക് അറിയാമോ? മകനേ, നിന്റെ ആയുസ്സ് അവൻ നീട്ടിത്തന്നില്ലേ? നിനക്ക് ആരോഗ്യം മടക്കിത്തന്നില്ലേ? നിന്റെ രോഗം മാറ്റിയില്ലേ? നിനക്ക് പരീക്ഷ പാസ്സാക്കി തന്നില്ലേ? തൊഴിലില്ലാത്ത നിനക്ക് ഒരു തൊഴിൽ തന്നില്ലേ? ജീവി ക്കാൻ മാർഗ്ഗമില്ലാതിരുന്ന നിനക്ക് ഇന്ന് ജീവിത മാർഗ്ഗം തന്നില്ലേ? ഭക്ഷണത്തിനു വറുതി പൂണ്ടിരുന്ന നിന്റെ കുടും ബത്തിൽ ഭക്ഷണത്തിനു ക്ഷാമം മാറ്റിയില്ലേ? കടങ്ങൾ തീർത്തു തന്നില്ലേ?

നിന്റെ ജീവിതത്തിൽ ഒരു പൊന്നോമനക്കുഞ്ഞിനുവേണ്ടി നാളുകൾ നീ കരഞ്ഞു, നിനക്ക് ലാളിക്കാൻ ഒന്നല്ല രണ്ട് കുഞ്ഞുങ്ങളെ ദൈവം തന്നില്ലേ? ദൈവം നിന്നെ അനുഗ്രഹി ച്ചില്ലേ?

ദൈവം നിനക്ക് അനുഗ്രഹങ്ങൾ തന്നതായി നിനക്ക് അറിയാമോ? നിത്യനരകം ഒഴിവാക്കി തന്നില്ലേ? നിന്റെ ദുശ്ശീ ലങ്ങൾ മാറ്റിയില്ലേ? മകനേ, നിന്റെ മദ്യപാനം മാറ്റിയില്ലേ? മകളേ, നിന്റെ കുടുംബത്തിൽ സമാധാനം തന്നില്ലേ? എന്നും മറ്റുള്ളവർക്കു പേടി സ്വപ്നമായിരുന്ന നിന്റെ ജീവിതം ഇന്ന് അനേകർക്കു ആശ്വാസമായി തീർന്നില്ലേ? ദൈവം നിനക്കു

മാറ്റം തന്നില്ലേ? കുഞ്ഞേ, നിനക്ക് ഒരു മാനസാന്തരം തന്നില്ലേ? മോളെ, നിനക്ക് ദൈവം ഒരു നല്ല ഭർത്താവിനെ തന്നില്ലേ? മകനേ, നിനക്ക് ഒരു നല്ല ഭാര്യയെ തന്നില്ലേ? വാത്സല്യമുള്ള മാതാപിതാക്കളെ തന്നില്ലേ? നിന്റെ ജീവിതത്തിൽ ദൈവം നന്മ ചെയ്തില്ലേ? നിത്യജീവന്റെ സന്തോഷം നിനക്ക് തന്നില്ലേ? ദൈവം നിന്നെ അനുഗ്രഹിച്ചില്ലേ? നന്ദിയുണ്ടോ? ദൈവം തന്ന നന്മകൾ ഓർത്തു അവനെ സ്തുതിപ്പിൻ.

ദാവീദ് ഒരിക്കൽ സ്തുതിച്ചു.

"എൻ മനമേ, യഹോവയെ വാഴ്ത്തുക, എന്റെ സർവ്വാന്തരംഗവുമേ, അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക. എൻ മനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു, നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു..... ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നത് പോലെ അവന്റെ ദയ അവന്റെ ഭക്തന്മാരോടു വലുതായിരിക്കുന്നു. ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതു പോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു. അപ്പന്നു മക്കളോടു കരുണ തോന്നുന്നതു പോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ, നാം പൊടി എന്നു അവൻ ഓർക്കുന്നു." സങ്കീ. 103 : 1–3, 11 – 14

"യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന്നു എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം

എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷി
ക്കും.” സങ്കീ. 116 : 12 - 13

136-ാം സങ്കീർത്തനത്തിൽ ദാവീദ് പിന്നേയും പാടി : “ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവന്നു സ്തോത്രം ചെയ്വിൻ; അവന്റെ ദയ എന്നേക്കുമുള്ളത്, നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തുവന്നു സ്തോത്രം ചെയ്വിൻ അവന്റെ ദയം എന്നേക്കുമുള്ളത്. ദൈവാധി ദൈവത്തിനു സ്തോത്രം ചെയ്വിൻ, അവന്റെ ദയ എന്നേക്കുമുള്ളത്. സങ്കീ. 136 : 4 - 23 - 2

ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവത്തെ അനുഗമിച്ചു. പിതാക്കന്മാർ പ്രാർത്ഥിക്കുന്നത് നമുക്കറിയാമല്ലൊ.

“സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കി തീർക്കണമേ”

“നിൻ സ്തുതിയും ഹാലേലുയ്യായും കർത്താവേ, ഞാൻ നിർത്തരുതേ” എന്നു പ്രാർത്ഥിക്കുന്ന പിതാക്കന്മാരുടെ പാരമ്പര്യമുണ്ടല്ലോ. “നിന്നെ സ്തുതിക്കുന്നതിൽ നിന്നു മൗനമായിരിപ്പാനും നാഥാ, നിന്നെ പുകഴ്ത്തുന്നതിൽ നിന്ന് ഒഴിഞ്ഞു നില്പാനും ഞങ്ങൾക്ക് ഇടയാക്കരുതേ” എന്ന് പിതാക്കന്മാർ പ്രാർത്ഥിച്ച പ്രാർത്ഥന ചൊല്ലുന്ന ദൈവപൈതലേ നിന്റെ ജീവിതത്തിൽ സ്തുതിയുണ്ടോ? നീ ദൈവത്തിനു മഹത്വം കരേറ്റുന്നുണ്ടോ?

“ഭയത്തോടു കൂടി കർത്താവിനെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആകുന്നു” എന്നു ഓരോ

വിശുദ്ധ കുർബ്ബാനയിലും നാം ഏറ്റുചൊല്ലും, പക്ഷേ നമ്മുടെ ജീവിതത്തിൽ ഭയത്തോടു കൂടി ദൈവത്തെ സ്തോത്രം ചെയ്യുന്നതു യുക്തവും ന്യായവും ആണെന്ന് അനുഭവിക്കു ന്നുണ്ടോ? വിശുദ്ധ കുർബ്ബാനയുടെ അവസാനം മത്ബഹാ യിൽ നിന്നുള്ള ഒടുവിലത്തെ കല്പന നാം അട്ടഹസിച്ചു പറയണം എന്നാണ്. എന്താണ് അട്ടഹസിച്ചു പറയേണ്ടത്?

“പിതാവും പുത്രനും പരിശുദ്ധ റൂഹായും ആയവൻ വന്ദിക്കപ്പെട്ടവനും സ്തുതിക്കപ്പെട്ടവനും ആകുന്നു, ആദിമു തൽ തലമുറകൾ തലമുറകൾ വരേയും തനിക്കു സ്തുതി, ഹാലേലുയ്യാ.”

അട്ടഹസിച്ചു പറയുന്നുണ്ടോ? സ്തുതിപ്പാൻ തോന്നു ന്നുണ്ടോ? ബർത്തിമായിക്കു കണ്ണുകാഴ്ച കിട്ടി, അവൻ ദൈവത്തെ മഹത്വീകരിച്ചുംകൊണ്ട് ക്രിസ്തുവിനെ അനുഗമി ച്ചു.

ദൈവപൈതലേ, ദൈവത്തിനു മഹത്വം കരേറ്റിക്കൊണ്ടു ക്രിസ്തുവിനെ അനുഗമിപ്പിൻ. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ കന്യകമാതാവ് ക്രിസ്തുവിനെ കൈക്കൊണ്ടു, ക്രിസ്തുവിനെ ഗർഭത്തിൽ സ്വീകരിച്ചു കന്യക മാതാവ് എലീശബെത്തിന്റെ ഭവനത്തിൽ ഇരുന്നുകൊണ്ട് പാടി.

> “എന്റെ ഉള്ളം കർത്താവിനെ മഹിമപ്പെടു ത്തുന്നു, എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസി യുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ, ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി

എന്നു വാഴ്ത്തും.” ലൂക്കൊ. 1 : 46 – 48

എന്റെ ഹൃദയം ദൈവത്തിൽ ഉല്ലസിക്കുന്നു. സ്തുതി കരേറ്റുകയാണ്. ദൈവപൈതലേ, സ്തുതിപ്പിൻ, ഹൃദയം സന്തോഷം കൊണ്ടു നിറഞ്ഞു സ്തുതിപ്പിൻ. ദൈവം തന്ന രക്ഷ ഓർത്തു ദൈവത്തെ സ്തുതിപ്പിൻ. ദൈവം തന്ന കൃപകൾ ഓർത്തു ദൈവത്തെ മഹത്വപ്പെടുത്തുവിൻ. ദൈവം തന്ന അനുഗ്രഹത്തിനായി ദൈവത്തെ സ്തുതിപ്പിൻ.

ബർത്തിമായി അന്നു ക്രിസ്തുവിനെ സ്വീകരിച്ചു, വിളിച്ചപേക്ഷിച്ചു, കാഴ്ച പ്രാപിച്ചു, ക്രിസ്തുവിനെ സ്തുതിച്ചു, ക്രിസ്തുവിനെ അനുഗമിച്ചു. പിന്നീട് ഒരിക്കലും യെരീഹോവിൽ കൂടി ക്രിസ്തു കടന്നു പോയിട്ടില്ല. ബർത്തിമായിക്ക് ലഭിക്കാവുന്ന ആദ്യത്തെ അവസരം അവൻ ഉപയോഗിച്ചു. അത് ഒടുവിലത്തെ അവസരവുമായിരുന്നു. പിന്നീട് ക്രിസ്തു അതിലൂടെ പോയിട്ടില്ല. നേരെ പോയതു യെരൂശലേമിലേക്കാണ്. യെരൂശലേമിൽ വിസ്താര രംഗത്തേക്കാണ്. യെരൂശലേമിൽ ഗദ്സമൻ തോട്ടത്തിലേക്കാണ്. ഗബ്ബഥായിലെ വിസ്താര രംഗത്തേക്കാണ്. പീലാത്തോസിന്റെ അരമനയിലേക്കാണ്, അവിടെ നിന്ന് കുരിശും പേറി ഗോഗുൽത്തായിലേക്കാണ്: അന്നു ബർത്തിമായി യേശുവിനെ കണ്ടെത്തിയിരുന്നില്ലെങ്കിൽ, പിന്നെ ബർത്തിമായിയുടെ ജീവിതത്തിൽ ഈ ഭാഗ്യാവസരം കിട്ടുകയില്ലായിരുന്നു.

മകനേ, ഇപ്പോൾ നിനക്ക് കിട്ടിയ അവസരം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ. എഫെസ്യലേഖനത്തിൽ അപ്പൊ. പൗലോസ് പറയും :

“ഇതു ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ” എഫെ. 5 : 16

"ഇപ്പോൾ ആകുന്നു സുപ്രസാദകാലം, ഇപ്പോൾ ആകുന്നു രക്ഷാദിവസം".

2 കൊരി. 6 : 2

കൃപയുടെ പെട്ടകത്തിന്റെ വാതിൽ അടയും മുമ്പ് വേഗം വിളിച്ചപേക്ഷിപ്പിൻ, വേഗം അകത്തു കടക്കുവിൻ. ക്രിസ്തു ഇതാ നടന്നു പോകുന്നു. നിന്റെ അരികത്തുക്കൂടി ക്രിസ്തു നടന്നു പോകുന്നു, അവനെ വിളിപ്പിൻ, അവനോടു യാചിപ്പിൻ, കാഴ്ച പ്രാപിപ്പിൻ. ഇനിയും നീ അന്ധനായി പോകല്ലേ, ഇനിയും നീ അവിശ്വാസിയായി പോകല്ലേ, ഇനിയും നീ നരകയോഗ്യനായിപ്പോകല്ലേ. പാപത്തെ ഉപേക്ഷിപ്പിൻ പാപം ഇല്ലാത്ത ജീവിതം നയിപ്പിൻ. ക്രിസ്തു ക്രൂശിൽ മരിച്ചതു നിനക്കുവേണ്ടിയാണെന്നു വിശ്വസിപ്പിൻ. ജീവിതം ക്രിസ്തുവിനു സമർപ്പിപ്പിൻ.

നാഥാ, ഇന്നു മുതൽ ഞാനും എനിക്കുള്ളത് എല്ലാം ക്രിസ്തുവിന്റെ വക. യേശുവേ ഇന്നു മുതൽ ഞാൻ നിന്റെ വക. നാഥാ, ഇന്നു മുതൽ ഞാൻ നിന്റെ അടിമ. യേശുവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും. തീരുമാനം എടുക്കുവിൻ, പ്രാർത്ഥിപ്പിൻ.

## പത്തൊൻപത്

“ചില ദിവസം കഴിഞ്ഞ ശേഷം അവൻ പിന്നെയും കഫർന്നഹൂമിൽ ചെന്നു, അവൻ വീട്ടിൽ ഉണ്ടെന്നു ശ്രുതിയായി. ഉടനെ വാതിൽക്കൽപോലും ഇടമില്ലാത്തവണ്ണം പലരും വന്നു കൂടി, അവൻ അവരോടു തിരുവചനം പ്രസ്താവിച്ചു. അപ്പോൾ നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്നു അവന്റെ അടുക്കൽ കൊണ്ടു വന്നു. പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചു തുറന്നു, പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കിവെച്ചു. യേശു അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോടു : മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു. അവിടെ ചില ശാസ്ത്രിമാർ ഇരുന്നു, ഇവൻ ഇങ്ങനെ ദൈവദൂഷണം പറയുന്നത് എന്ത്? ദൈവം ഒരുവൻ

അല്ലാതെ പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ എന്നു ഹൃദയത്തിൽ ചിന്തിച്ചുകൊണ്ടിരുന്നു. ഇങ്ങനെ അവർ ഉള്ളിൽ ചിന്തിക്കുന്നത് യേശു ഉടനെ മനസ്സിൽ ഗ്രഹിച്ചു അവരോട് : നിങ്ങൾ ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കുന്നത് എന്ത്? പക്ഷവാതക്കാരനോടു നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്ന് പറയുന്നതോ, എഴുന്നേറ്റു കിടക്ക എടുത്തു നടക്ക എന്ന് പറയുന്നതോ, ഏതാകുന്നു എളുപ്പം എന്ന് ചോദിച്ചു. എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ട് എന്നു നിങ്ങൾ അറിയേണ്ടതിന്നു - അവൻ പക്ഷവാതക്കാരനോടു : എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. ഉടനെ അവൻ എഴുന്നേറ്റു കിടക്ക എടുത്ത് എല്ലാവരും കാൺകെ പുറപ്പെട്ടു. അതുകൊണ്ടു എല്ലാവരും വിസ്മയിച്ചു. ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ല എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി.” മർക്കൊ 2 : 1 - 12

യേശു ചെയ്ത അത്ഭുത പ്രവൃത്തികളിൽ ഒന്നാണിത്. വി. മത്തായിയുടെയും, മർക്കോസിന്റെയും, ലൂക്കോസിന്റെയും സുവിശേഷങ്ങളിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. വി. മത്തായിയുടെ സുവിശേഷം 9-ാം അദ്ധ്യായം, 2 - 7 വരെ ഉള്ള വാക്യങ്ങളിലും, ലൂക്കോസിന്റെ സുവിശേഷം 5-ാം അദ്ധ്യായം 18 - 25 വരെ ഉള്ള വാക്യങ്ങളിലും ഈ സംഭവം വിവരിച്ചിട്ടുണ്ട്.

യേശു കഫർന്നഹൂമിൽ ഒരു ഭവനത്തിൽ ചെന്നു.

കഫർന്നഹൂമിലാണ് അന്ത്രയോസിന്റെയും പത്രോസിന്റെയും വീട്. കഫർന്നഹൂമിൽ തന്നെയാണ് യോഹന്നാന്റെയും യാക്കോബിന്റെയും അപ്പനായ സെബദിയുടെ വീട്. കഫർന്നഹൂം ഗലീല ജില്ലയിൽ ഉള്ള ഒരു സ്ഥലമാണ്. യേശുവിന്റെ പരസ്യ ശുശ്രൂഷയിൽ പലപ്പോഴും യേശു കൂടുതൽ പ്രവർത്തിച്ച സ്ഥലവും കഫർന്നഹൂമാണ്.

കഫർന്നഹൂമിൽ ഒരു ഭവനത്തിൽ യേശു ചെന്നു എന്നു പറയുന്നത് ഒരുപക്ഷേ ശീമോൻ പത്രോസിന്റെ ഭവനം ആയി രിക്കാം എന്ന് വേദ ചിന്തകന്മാർ അഭിപ്രായപ്പെടുന്നുണ്ട്. അപ്പൊ. പത്രോസിന്റെ ഭവനത്തിൽ യേശു കടന്നു ചെന്നു. യേശു അവിടെ ഉണ്ടെന്ന് ശ്രുതിയായി.

യേശു ഒരു വീട്ടിൽ ചെന്നാൽ യേശു അവിടെ ഉണ്ടെന്ന് ശ്രുതിയാകും. യേശു കാനാവിലെ കല്യാണ വീട്ടിൽ ചെന്നു, അവിടെ പച്ചവെള്ളത്തെ വീഞ്ഞാക്കി. യേശു ബേഥാന്യ യിലെ ലാസറിന്റെയും മാർത്തയുടെയും മറിയയുടെയും ഭവനത്തിൽ ചെന്നു, ആ വീടിന്റെ നിന്ദ മാറി. ലാസറി ന്റെയും മാർത്തയുടെയും മറിയയുടെയും അപ്പനായ ശീമോൻ കുഷ്ഠരോഗിയായിരുന്നു, ആരും തിരിഞ്ഞു നോക്കാത്ത ഭവ നമായിരുന്നു, ആ ഭവനത്തിന്റെ നിന്ദ മാറി.

യേശു ബേഥാന്യയിലെ ആ ഭവനത്തിൽ ലാസർ മരിച്ച പ്പോൾ നാലു ദിവസം കഴിഞ്ഞു ചെന്നു, കല്ലറയിൽ വച്ച് നാലു ദിവസം ആയിരുന്ന ലാസറിനെ യേശു ഉയർത്തെഴു ന്നേല്പിച്ചു. യേശു കഫർന്നഹൂമിൽ ശീമോൻ പത്രോസിന്റെ ഭവനത്തിൽ ചെന്നു. പത്രോസിന്റെ അമ്മാവിയമ്മ കഠിന ജ്വരം പിടിച്ചു കിടക്കുകയായിരുന്നു. യേശു അവൾക്ക് രോഗ സൗഖ്യം നൽകി.

യേശുക്രിസ്തു ഗലീല ഡിസ്റ്റിക്ടിൽ തന്നെയുള്ള നയീൻ പട്ടണത്തിൽ പരീശപ്രമാണിയായ ശീമോന്റെ വീട്ടിൽ ചെന്നു, അവിടെ പാപിനിയായ സ്ത്രീ യേശുവിന്റെ കാൽക്കൽ വന്ന് ഏങ്ങലടിച്ചു കരഞ്ഞുകൊണ്ട് പാപങ്ങൾ ഏറ്റുപറയുകയും അനുതാപത്തോടെ കരുണയ്ക്കുവേണ്ടി യാചിക്കുകയും ചെയ്തു. അവൾക്ക് സമാധാനം ലഭിച്ചു, പാപമോചനം ലഭിച്ചു.

യേശു യെരീഹോവിലെ സക്കായിയുടെ ഭവനത്തിൽ ചെന്നു, സക്കായി അനുഗൃഹീതനായി, ആ ഭവനം രക്ഷിക്കപ്പെട്ടു, "ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീടിന് രക്ഷ വന്നു" എന്ന് കർത്താവു പറഞ്ഞു. സക്കായി രക്ഷപ്രാപിച്ചു, ഭവനം രക്ഷപ്രാപിച്ചു. യെരീഹോവിലുള്ള അനേകമനേകം ആളുകൾ യേശുവിനെക്കുറിച്ചു അറിയുവാൻ ഇടയായി.

യേശുക്രിസ്തു ചെന്ന ഭവനങ്ങളിൽ ഒക്കെയും, അത്ഭുതങ്ങൾ നടന്നു. നിന്ദമാറി, സമൂഹത്തിൽ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്തിരുന്ന ഭവനങ്ങളിൽ യേശു ചെന്നതോടെ സമാധാനവും ശാന്തിയും നിറപടിയായി കടന്നു വന്നു, രോഗം മാറി, ആപത്തു മാറി, മരണം മാറി. സർവ്വാധികാരിയും സർവ്വശക്തനുമായ യേശുക്രിസ്തുവിന്റെ അത്ഭുതശക്തിയുടെ മുന്നിൽ രോഗം വഴിമാറി. ഭൂതാത്മാക്കൾ വഴിമാറി, പൈശാചീക സേനകൾ വഴിമാറി. യേശുക്രിസ്തുവിന്റെ മുൻപിൽ ബന്ധനങ്ങൾ അഴിഞ്ഞു. യേശു ചെന്നിടത്തെല്ലാം സമാധാനം നിറഞ്ഞു.

യേശുക്രിസ്തു കഫർന്നഹൂമിലെ ആ ഭവനത്തിൽ ഉണ്ടെന്ന് ശ്രുതിയായി.

"അവൻ വീട്ടിൽ ഉണ്ടെന്ന് ശ്രുതിയായി."
മർക്കൊ 2 : 1

നമ്മുടെ ഭവനത്തിൽ യേശു ഉണ്ടെന്ന് ശ്രുതിയാകുന്നുണ്ടോ? യേശുവിന്റെ വചനം മുഴങ്ങുന്നുണ്ടോ? യേശുവിന്റെ വെളിച്ചം പ്രകാശിക്കുന്നുണ്ടോ? യേശുവിന്റെ ജീവൻ തുടിക്കുന്നുണ്ടോ? യേശുവിന്റെ സൗഖ്യം ഇറങ്ങുന്നുണ്ടോ? യേശുവിന്റെ ശാന്തി കടന്നു വരുന്നുണ്ടോ? യേശു ഉണ്ടെന്ന് ശ്രുതിയാകട്ടെ.

യേശു ഉണ്ടെങ്കിൽ അവിടെ സ്നേഹം ഉണ്ട്. യേശു ഉണ്ടെങ്കിൽ അവിടെ സമാധാനം ഉണ്ട്. യേശു ഉണ്ടെങ്കിൽ അവിടെ ശാന്തിയുണ്ട്. യേശുക്രിസ്തു ഉണ്ടെങ്കിൽ അവിടെ സൗഖ്യം ഉണ്ട്, യേശുക്രിസ്തു ഉണ്ടെങ്കിൽ അവിടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ട്. യേശുക്രിസ്തു ഉണ്ടെങ്കിൽ അവിടെ പ്രതിസന്ധികൾക്ക് ഒരു പൊറുതി ഉണ്ട്. യേശുക്രിസ്തു ഉണ്ടെങ്കിൽ സാത്താന്യ ബാധകൾ മാറിപ്പോകും.

നിങ്ങളുടെ ഭവനത്തിൽ യേശു ഉണ്ടോ? ഭവനത്തിൽ യേശു ഉണ്ടാകണമെങ്കിൽ അതിൽ വസിക്കുന്നവരുടെ ഹൃദയത്തിൽ യേശു വേണം. യേശു ഹൃദയത്തിൽ ഉണ്ട് എങ്കിൽ ആ വ്യക്തി വസിക്കുന്ന ഭവനത്തിൽ യേശു വരും.

യേശുവിനെ ഹൃദയത്തിൽ പേറുന്നത് ഒരു ഭാഗ്യമാണ്. യേശുവിനായി ജീവിതം വിട്ടുകൊടുക്കുന്നത് ഒരു വലിയ പദവിയാണ്. യേശു ഹൃദയത്തിൽ വാഴുക, യേശു ഹൃദയത്തിൽ ജീവിക്കുക, യേശു ഹൃദയത്തിൽ ഭരിക്കുക, യേശു ജീവിതത്തെ നിയന്ത്രിക്കുക. അതെന്തൊരു പദവിയാണ്! അത് എന്തൊരു ഭാഗ്യമാണ്!.

നിങ്ങളുടെ ഹൃദയത്തിൽ യേശു ഉണ്ടോ? യേശു ഉണ്ടെന്ന് ശ്രുതിയാകുന്നുണ്ടോ? യേശുവിന്റെ സ്നേഹം നിന്നിൽ നിറഞ്ഞു നിൽക്കുന്നുണ്ടോ? യേശുവിന്റെ ഭാവം നിന്നിൽ ഉണ്ടോ? യേശുവിന്റെ ഛായ നിന്നിൽ ഉണ്ടോ? യേശുവിന്റെ പരിശുദ്ധാത്മാവ് നിന്നിൽ വാഴുന്നുണ്ടോ? അപ്പൊ. പൗലോസ് പറയുന്നു:

> "നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും, ദൈവ ത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങിനെ തന്നെ." 1. കൊരി. 3 : 16 – 17

പരിശുദ്ധമായ ദൈവാലയം ആണ് നിങ്ങളുടെ ഹൃദയം. നിങ്ങളുടെ ഹൃദയം വിശുദ്ധമായിരിക്കട്ടെ. എന്റെ ആല യത്തെ അശുദ്ധമാക്കുന്നവനെ ഞാൻ നശിപ്പിക്കും. ദൈവ ത്തിന്റെ ആലയം വിശുദ്ധമായിരിക്കണം.

നമ്മുടെ ഹൃദയം വിശുദ്ധമാകണം. ആണോ? ദൈവ ത്തിന്റെ ആലയം വിശുദ്ധമാണ്. അവിടെ സ്നേഹം വസി ക്കുന്നുണ്ടോ? അവിടെ വിട്ടുവീഴ്ചാ മനോഭാവം ഉണ്ടോ? അതോ അവിടെ പരിഭവമാണോ? അവിടെ പരാതി ആണോ? അവിടെ പിറുപിറുപ്പാണോ? അവിടെ നിരാശയാണോ? അവിടെ മ്ലാനതയാണോ? അവിടെ വൈരാഗ്യമാണോ? അവിടെ പക യും വിദ്വേഷവും ആണോ? അവിടെ മുഷിച്ചിലാണോ? അവിടെ ഈർഷ്യയാണോ? അവിടെ അസൂയയാണോ? അവിടെ അഹങ്കാരമാണോ? അവിടെ സ്വാർത്ഥതയാണോ? ഹൃദയത്തിൽ ദ്രവ്യാഗ്രഹമാണോ? ഹൃദയത്തിൽ സ്ഥാനമോ

ഹമാണോ? മകനേ നിന്റെ ഹൃദയം എങ്ങനെ? ക്രിസ്തു വസിക്കുന്ന ഒരു ആലയമാണോ നിന്റെ ഹൃദയം? ക്രിസ്തു വസിക്കുന്ന ആലയമായിത്തീരട്ടെ.

ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? 1 കൊരി. 6 : 19

ക്രിസ്തു തന്റെ തിരുരക്തം കൊടുത്തു നിങ്ങളെ വിലയ്ക്കു വാങ്ങി. നീ വിശ്വസിക്കുന്നുവോ? എങ്കിൽ ദൈവത്തിന്റെ മന്ദിരമായി നീ നിന്നെത്തന്നെ വിട്ടുകൊടുക്കൂ. അവന്റെ തിരുരക്തം കൊടുത്താണ് നിന്നെ വിലയ്ക്കു വാങ്ങിയത്. നിന്നെത്തന്നെ ക്രിസ്തുവിന് കൊടുക്കൂ. ക്രിസ്തു നിന്നിൽ ഉണ്ടെന്ന് ശ്രുതിയാകട്ടെ. ക്രിസ്തുവിന്റെ സ്വഭാവം നിന്നിലൂടെ നിഴലിക്കട്ടെ. ക്രിസ്തുവിന്റെ സ്വഭാവം നിന്നിലൂടെ പ്രതിബംബിക്കട്ടെ. ക്രിസ്തുവിന്റെ സ്നേഹവും വിശുദ്ധിയും നിന്നിലൂടെ പ്രസരിക്കട്ടെ. അനേകർക്ക് നീ അനുഗ്രഹപാത്രമായി തീരട്ടെ.

# ഇരുപത്

“ഉടനെ വാതിൽക്കൽ പോലും ഇടമില്ലാത വണ്ണം പലരും വന്നു കൂടി, അവൻ അവരോടു തിരുവചനം പ്രസ്താവിച്ചു. അപ്പോൾ നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്നു അവന്റെ അടുക്കൽ കൊണ്ടു വന്നു. പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചു തുറന്നു, പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വെച്ചു.”

മർക്കൊ 2 : 2 - 4

യേശു കഫർന്നഹൂമിൽ തളർവാതരോഗിയെ യേശു സൗഖ്യമാക്കി. വി. മർക്കോസിന്റെ സുവിശേഷം രണ്ടാം അദ്ധ്യായം ആദ്യത്തെ പന്ത്രണ്ടു വാക്യങ്ങളിലും മത്തായിയുടെ സുവിശേഷം ഒമ്പതാം അദ്ധ്യായം രണ്ടു മുതൽ ഏഴു വരെയുള്ള വാക്യങ്ങളിലും ലൂക്കോസിന്റെ സുവിശേഷം അഞ്ചാം അദ്ധ്യായം പതിനെട്ടു മുതൽ ഇരുപത്തിയഞ്ചുവരെയുള്ള വാക്യങ്ങളിലും ഈ സംഭവം സുവിശേഷകന്മാർ

മൂന്നുപേരും രേഖപ്പെടുത്തിയിട്ടുണ്ട്.

ആളുകൾ ഓടിക്കൂടി. ആവശ്യക്കാർ, ആവലാതി പൂണ്ട വർ, യാതനകളിലും വേദനകളിലും എരിപിരികൊള്ളുന്നവർ, അനേകർ വന്നു. വീടിനകത്തു സ്ഥലമില്ല, വാതിൽക്കൽ പോലും ഇടമില്ല. ആളുകൾ തിങ്ങിഞെരുങ്ങി ഇരിക്കുകയാ ണ്. അപ്പോഴാണ് നാലുപേർ കൂടി ഒരു പക്ഷവാതക്കാരനെ എടുത്തുകൊണ്ടു വരുന്നത്.

അവന് സ്വയം നടക്കാൻ കെല്പില്ല. അവന് യേശു വിന്റെ അടുക്കൽ വരാൻ കഴിവില്ല. ആ നാലുപേർ അവനെ സഹായിക്കുകയാണ്. അവനെ താങ്ങിക്കൊണ്ടു വരികയാ ണ്, അവർക്ക് യേശുവിൽ വിശ്വാസം ഉണ്ട്. നാം വായിക്കു ന്നത് : "യേശു അവരുടെ വിശ്വാസം കണ്ടു" എന്നാണ്.

അവർക്ക് യേശുവിൽ വിശ്വാസം ഉണ്ട്. ആ പക്ഷവാത ക്കാരനെ ചുമന്നുകൊണ്ടു വന്ന ആ ആളുകൾ നാലുപേരും നല്ല മനുഷ്യർ. ഒരു അഗതിയെ സഹായിക്കാൻ തയ്യാറായി, യേശുവിന്റെ അടുക്കലേക്ക് കൊണ്ടുചെല്ലുവാൻ സാധിക്കാതെ അവർ വലഞ്ഞു. കാരണം വാതിൽക്കൽ പോലും ഇടമില്ല. യേശുവിന്റെ മുമ്പിൽ കൊണ്ടുപോയി അവനെ ഇറക്കി വെച്ചാൽ സൗഖ്യം കിട്ടും, നല്ല ഉറപ്പാണ്. എന്നാൽ യേശു വിന്റെ അടുക്കലേക്ക് എങ്ങനെ കൊണ്ടുചെല്ലും?.

സാധാരണ ഗതിയിൽ ചിന്തിച്ചാൽ, വേണ്ടാ വലിയ തിര ക്കില്ലാത്ത സമയത്തു വരാം, വലിയ ബദ്ധപ്പാടും ഞെരു ക്കവും ഇല്ലാത്ത സമയത്തു വരാം. അല്ലെങ്കിൽ വേറെ എവിടെ എങ്കിലും പോയി, ഇവനെ കൊണ്ടുപോയി യേശു വിനെ കാണിക്കാം. ഇത്രയും വലിയ തിരക്കിൽ ഈ ആളു

കളുടെ ഇടയിൽ കൂടെ എങ്ങനെ കടന്നു ചെല്ലും എന്ന് അവർക്ക് ഒരു തളർച്ച തോന്നാം, മടുപ്പു തോന്നാം, നിരാശ തോന്നാം, പിന്നീട് ഒരവസരത്തിൽ ആകട്ടെ എന്ന് ചിന്തി ച്ചാലും അത്ഭുതമില്ല.

പക്ഷെ, ഇവർ അങ്ങനെ ചിന്തിച്ചില്ല, അവർ മടുത്തുപോ യില്ല. ഉത്സാഹത്തോടെ എങ്ങനെയാണ് യേശുവിന്റെ മുൻപിൽ അവനെ ഇറക്കി വെയ്ക്കേണ്ടതു എന്ന് അവർ ചിന്തിച്ചു. ആ വീട്ടിൽ യെഹൂദ്യ നാടുകളിൽ ഉള്ള വീടു കളിൽ എല്ലാം ഉള്ളത് പോലെ ഒരു ഫ്ളാറ്റ് റൂഫ് ആണ് ഉള്ളത്. പുല്ലുകളും അതുപോലെ ഉള്ള വസ്തുക്കളും കൊണ്ട് മേഞ്ഞതായ ഒരു ഫ്ളാറ്റ് റൂഫ്.

അവിടെ മുകളിലേക്ക് കയറിയാൽ ഈ രോഗിയായ മനുഷ്യനെ കിടക്കയോടെ യേശുവിന്റെ മുമ്പിലേക്ക് ഇറക്കി വക്കാൻ സാധിക്കും എന്ന് അവർ ചിന്തിച്ചു. അവർ ആ ഭവ നത്തിനു ചുറ്റും നടന്നു.

വീട്ടുടമസ്ഥനായ ശീമോൻ പത്രോസ് അവരുടെ പ്രയാസം അറിഞ്ഞു, അവരുടെ ദുഃഖം കണ്ടു. അവരുടെ വിശ്വാസവും കണ്ടു. ഇവിടെ ശീമോൻ പത്രോസും ഒരു ത്യാഗത്തിനു തയ്യാറായി.

ഉടമസ്ഥൻ പറഞ്ഞു : നിങ്ങൾ വിഷമിക്കണ്ടാ, എന്റെ വീടല്ലേ ഇത്. എന്റെ വീടിന്റെ മേല്പ്പുരയിലേക്ക് കയറുവാ നുള്ള ക്രമീകരണം ഞാൻ ചെയ്തുതരാം. മുകളിലേക്ക് കയ റിക്കൊള്ളൂ. എന്നിട്ട് മുകളിലുള്ള ഭാഗം കുറച്ചു നിങ്ങൾ ഒന്നു പൊളിച്ചു മാറ്റിക്കൊള്ളൂ. അത് പിന്നീട് ഞാൻ ശരി യാക്കിക്കൊള്ളാം, ഇപ്പോൾ നിങ്ങൾ ഈ മനുഷ്യനെ കിട

ക്കയോടെ ആ പഴുതിലൂടെ യേശുവിന്റെ മുൻപിലേക്ക് ഇറക്കി വെച്ചുകൊള്ളൂ.

ഈ നാലുപേർ ആ അഗതിയെ സഹായിക്കാൻ തയ്യാറായി, ഇപ്പോൾ ഇതാ ശീമോൻ പത്രോസും സഹായിക്കാൻ തയ്യാറായി. അതൊരു നല്ല സമീപനമാണ്. വിഷമിക്കുന്നവരെ സഹായിക്കാൻ കഴിവുള്ളതായ, ഉപകാരം ചെയ്യുവാനുള്ള മനസ്സ്!

ലോകത്തിൽ രണ്ടു തരം ആളുകളെ ഉള്ളൂ.

ഒന്ന്, Problem makers. പ്രശ്നം ഉണ്ടാക്കുന്നവർ

രണ്ട്, Problem solvers. പ്രശ്നം പരിഹരിക്കുന്നവർ.

സ്നേഹിതാ, നീ പ്രശ്നം ഉണ്ടാക്കുന്നുവനാണോ? നീ പ്രശ്നം പരിഹരിക്കുന്നവനാണോ? നിന്റെ ഭവനത്തിൽ നീ പ്രശ്നം ഉണ്ടാക്കുന്നുണ്ടോ?

ഭാര്യയ്ക്ക് നീ വേദന ഉളവാക്കുന്നോ? ഭർത്താവിന് നീ മനഃശല്യം ഉളവാക്കുന്നോ? മകനേ, നിന്റെ മാതാപിതാക്കൾക്ക് നീ തീരാവേദന ഉളവാക്കുന്നോ? യൗവ്വനക്കാരാ, നിന്റെ ജീവിതം നീ മുടിച്ചു അനേകർക്ക് പേടി സ്വപ്നമായി മാറുന്നോ?

നിങ്ങൾ ചിന്തിക്കൂ! നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ പ്രശ്നം ഉണ്ടാക്കുന്നവർ ആണോ? അതോ നാൾ ഇതുവരെ പ്രശ്നം പരിഹരിക്കുന്നവർ ആണോ? നമുക്ക് പ്രശ്നം പരിഹരിക്കുന്നവരായി തീരാം.

ഞാൻ മൂലം ആർക്കും ഒരു വേദന വരാതിരിക്കട്ടെ. ഞാൻ മൂലം ആർക്കും ഒരു പ്രശ്നം വരാതിരിക്കട്ടെ എന്ന് തീരുമാനിക്കാം.

ഇവിടെ ആ നാലുപേർ ചുവന്നുകൊണ്ടു വന്നവർ Problem Solvers ആണ്. മേല്ക്കൂര പൊളിക്കാൻ അനുവദിച്ച വീട്ടുടമസ്ഥനും Problem Solver ആണ്. Problem Solvers ഒരുമിച്ച് സാക്ഷാൽ Problem Solver ന്റെ മുൻപിലേക്ക് പ്രശ്നം എത്തിച്ചു. പ്രശ്നം പരിഹരിക്കുന്നവർ ഒരുമിച്ച് സാക്ഷാലുള്ള പ്രശ്നത്തെ, സാക്ഷാൽ പരിഹരിക്കാൻ കഴിവുള്ളവന്റെ മുൻപിൽ സമർപ്പിച്ചു.

നിന്റെ വഴി യഹോവയെ ഭരമേല്പിക്ക. അവനിൽ തന്നേ ആശ്രയിക്ക : അവൻ അത് നിർവ്വഹിക്കും.

> "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക, സ്വന്ത വിവേകത്തിൽ ഊന്നരുത്."
> സദൃ. 3 : 5

വീണ്ടും സങ്കീർത്തനക്കാരൻ പറയുന്നു : അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കയും, എന്റെ ശത്രുക്കളുടെ കൈയിൽ നിന്ന് രക്ഷപ്രാപിക്കയും ചെയ്യും.

> "അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു. എനിക്ക് വേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ." സങ്കീ. 57 : 2

നിനക്കുവേണ്ടി എല്ലാം നിർവ്വഹിപ്പാൻ ജീവനുള്ള ക്രിസ്തു സന്നദ്ധനാണ്.

കുഷ്ഠരോഗിയോട് കർത്താവു പറഞ്ഞില്ലേ? “എനിക്ക് മനസ്സുണ്ട് നീ ശുദ്ധമാക” യേശുവിന് മനസ്സുണ്ട്. സൗഖ്യമാക്കാൻ യേശുവിന് മനസ്സുണ്ട്.

ഇന്ന് നിങ്ങൾ ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ജീവിതം ശോധന ചെയ്യൂ. നിങ്ങൾ പ്രശ്ന പരിഹാരകരാകാൻ പുതിയ തീരുമാനം എടുക്കൂ. കഴിവുള്ള ഉപകാരം എന്നിൽ നിന്ന് മറ്റുള്ളവർക്ക് ലഭിക്കും. സ്നേഹം മറ്റുള്ളവർക്ക് ലഭിക്കും.

യേശുക്രിസ്തു എന്റെ പാപം പരിഹരിക്കുവാൻ കുരിശിൽ മരിക്കയും ചെയ്തതുപോലെ ഞാൻ എന്നെത്തന്നെ ത്യജിച്ചു മറ്റുള്ളവർക്കു വേണ്ടി ഒരു തീപ്പന്തമായി എരിഞ്ഞെരിഞ്ഞു നില്ക്കുമെന്ന് ദൈവസന്നിധിയിൽ സമർപ്പിക്കൂ.

# ഇരുപത്തൊന്ന്

"യേശു അവരുടെ വിശ്വാസം കണ്ടിട്ടു പക്ഷവാതക്കാരനോടു : മകനേ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു."

മർക്കൊ. 2 : 5

പക്ഷവാതരോഗിയെ ചുമന്നു കൊണ്ടു വന്നവരുടെ പരിശ്രമവും ത്യാഗസന്നദ്ധതയും വിശ്വാസം മൂലമാണെന്ന് യേശുവിന് മനസ്സിലായി. ക്രിസ്തുവിലുള്ള വിശ്വാസം!

ക്രിസ്തുവിലുള്ള വിശ്വാസം ധൈര്യം ഉളവാക്കുന്നതാണ്. ക്രിസ്തുവിലുള്ള വിശ്വാസം പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതാണ്. ക്രിസ്തുവിലുള്ള വിശ്വാസം പ്രശ്നങ്ങളെ പരിഹരിക്കുന്നതാണ്.

യേശുക്രിസ്തു അവരുടെ വിശ്വാസം കണ്ടു. അവനോടു പറഞ്ഞു, "മകനേ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു". അവർ യേശുവിന്റെ അടുക്കലേക്ക് അവനെ കൊണ്ടു

വന്നത് പാപം മോചിക്കാനല്ല. പക്ഷവാതക്കാരന് രോഗ സൗഖ്യം കിട്ടാനാണ്. എന്നാൽ യേശു ഈ അവസരം ഉപ യോഗിച്ചു ഒരു പുതിയ പാഠം അവർക്കു കൊടുത്തു. Sin and Forgiveness.പാപവും പാപക്ഷമയും.

പാപവും പാപക്ഷമയും. യേശുക്രിസ്തുവിന്റെ ശുശ്രൂഷ യുടെ കാതൽ അതാണ്. മനുഷ്യൻ പാപി, പക്ഷേ ക്രിസ്തു പാപമോചനം തരുന്നവൻ. പാപിയായ മനുഷ്യന് ഒന്നാ മത്തെ ആവശ്യം പാപമോചനമാണ്. പാപമോചനം പ്രാപി ച്ചെങ്കിൽ മാത്രമേ നിത്യജീവൻ അവകാശമാക്കുകയുള്ളൂ.

മനുഷ്യജാതിയുടെ പാപത്തിന്റെ ശിക്ഷ, പാപമില്ലാത്ത ക്രിസ്തു സ്വന്തം ശരീരത്തിൽ ഏറ്റെടുത്തു. പാപത്തിന്റെ ശമ്പളമായ മരണം യേശുക്രിസ്തു സ്വന്തം ജീവിതത്തിൽ രുചി നോക്കി. പാപത്തിന്റെ ശാപം യേശുക്രിസ്തു വഹിച്ചു, ശാപഗ്രസ്തമായ കുരിശിൽ തൂങ്ങി. സ്വയം മരണത്തിനു ഏല്പിച്ചു കൊടുത്തു.

ക്രിസ്തു വന്നത് ജീവിക്കാനല്ല മരിക്കാനാണ്. ആത്മാ വിൽ മരിച്ചിരിക്കുന്ന അനേകരെ ജീവിപ്പിക്കാനാണ് ക്രിസ്തു ക്രൂശിൽ മരിച്ചത്. യേശുക്രിസ്തുവിന്റെ തിരുരക്തം പാപിക്ക് പാപവിമോചനമാണ്.

"രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല."
എബ്രാ. 9 : 22

"യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."
1 യോഹ 1 : 7

യെശയ്യാ പ്രവാചകന്റെ പുസ്കതത്തിൽ നാം വായിക്കുന്നു.

> "വരുവീൻ നമുക്ക് തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു, നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും, രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും."
>
> യെശയ്യാ 1 : 18

യേശുക്രിസ്തു പാപത്തേയും പാപക്ഷമയേയും കുറിച്ചുള്ള വലിയ പ്രമാണം അന്ന് അവരെ പഠിപ്പിക്കുകയാണ് ചെയ്തത്.

> "പക്ഷവാതക്കാരനോടു നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്ന് പറയുന്നതോ, എഴുന്നേറ്റു കിടക്ക എടുത്തു നടക്ക എന്നു പറയുന്നതോ ഏതാകുന്നു എളുപ്പം എന്ന് ചോദിച്ചു."
>
> മർക്കൊ 1 : 9

പാപങ്ങൾ മോചിക്കുക എന്നുള്ളതാണ് കൂടുതൽ പ്രയാസം, എന്തുകൊണ്ട്? രോഗം സൗഖ്യമാകാൻ ഏവരും ആഗ്രഹിക്കും. അത് ശരീരത്തിൽ അനുഭവിക്കുന്ന വേദന. മണ്മയനായ മനുഷ്യൻ ഭൗതീകനാണ്. അവന് പാപത്തിന്റെ കെടുതിയെക്കുറിച്ചു, നിത്യതയിലെ നരക ഭീകരതയെക്കുറിച്ചു അത്ര തന്നെ ബോധമില്ല.

ശരീരത്തിൽ രോഗമുണ്ടെങ്കിൽ അവൻ അത്യാവശ്യക്കാരനാണ്, രോഗം മാറണം. അവന് ആവശ്യ ബോധമുണ്ട്.

ആവശ്യബോധമുള്ളവരിൽ പ്രവർത്തിക്കാൻ എളുപ്പമുണ്ട്.

എന്നാൽ പാപമോചനം എന്നുള്ളത് ആവശ്യ ബോധത്തോടെ മനുഷ്യൻ യാചിക്കുന്നില്ല, യാചിച്ചാൽ പാപമോചനം ലഭിക്കും. ക്രിസ്തു ഒന്നേ പറയുന്നുള്ളൂ. "ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല, പോക ഇനി പാപം ചെയ്യരുത്" വ്യഭിചാര കർമ്മത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു പറയുന്നത്.

പാപമോചനവും നൽകുന്ന ഇവൻ ആർ? യേശു പാപമോചനം കൊടുക്കുന്നവനാണ്.

> "അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളൂ? അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല, ദയയിലല്ലോ അവന്നു പ്രസാദമുള്ളതു. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും, നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും, അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും."
>
> മീഖാ 7 : 18 – 19

ദൈവം പാപം മോചിക്കുന്നവനാണ്. പാപം മോചിക്കുന്നതിനു പ്രയാസമായ മറ്റൊരു കാരണം കൂടിയുണ്ട്. രോഗം മാറിയാലും ആ സൗഖ്യം മരണം വരെ മാത്രം. പാപം മോചിച്ചാലുള്ള സൗഖ്യവും സമാധാനവും ഐഹികം മാത്രമല്ല നിത്യതയോളം പുലരുന്നതാണ്. നിത്യനിത്യ യുഗങ്ങൾ, പാപ മോചനത്തിന്റെ സൗഖ്യം, പുലരുന്നതാണ്.

മകനേ, നിനക്ക് പാപമോചനം പ്രാപിക്കേണ്ടേ? മകളേ, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടു കിട്ടണ്ടേ? യേശു ക്രിസ്തുവിന്റെ തിരുരക്തത്താൽ ഉള്ള കഴുകൽ നിനക്ക് പ്രാപിക്കണ്ടേ?

ശരീരത്തിന് രോഗസൗഖ്യം കിട്ടുക എന്നുള്ളത് പുറമേ ഉള്ള അനുഭവമാണ്. എന്നാൽ പാപമോചനം എന്നു പറയുന്നതോ അകമേ ഉള്ളതാണ്. അതാണ് മൂന്നാമത്തെ കാര്യം. പുറമേ ഉള്ളതിനേക്കാൾ എത്രയോ പ്രയാസമുള്ളതാണ് അകമേ ഉള്ളത്.

പാപമോചനം പ്രാപിക്കണമോ? പാപക്ഷമ തരാൻ ക്രിസ്തു ഉണ്ട്,

> "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതേയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." സങ്കീ. 32 : 1 – 2

ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. അതാണ് ഭാഗ്യം. ദാവീദ് രാജാവിന് കൊട്ടാരക്കെട്ടുകൾ ഉണ്ട്, അന്തഃപുരങ്ങൾ ഉണ്ട്, സിംഹാസനം ഉണ്ട്, മകുടം ഉണ്ട്, അധികാരമുണ്ട്, രാജാവിന് എല്ലാമെല്ലാമുണ്ട്, പക്ഷേ സമാധാനമില്ല. പാപം മോചിച്ചു കിട്ടിയില്ല,

ദൈവമേ, നിന്റെ കൃപയ്ക്ക് ഒത്തവണ്ണം എന്നോടു കരുണ ചെയ്യണമേ, നിന്റെ കൃപയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയണമേ. നിന്നോടു, നിന്നോടല്ലോ ഞാൻ പാപം ചെയ്തത്. നിന്റെ മുൻപിൽ തിന്മയായു

ള്ളതു ഞാൻ ചെയ്തു പോയിരിക്കുന്നു.

അയ്യോ എനിക്ക് സ്വസ്ഥതയില്ല. എന്റെ അധരങ്ങൾ അടഞ്ഞുപോയി, സ്തുതി നിലച്ചുപോയി. ഞാൻ ഒരാൾ കാരണം യെരുശലേം നഗരത്തിന്റെ മതിലുകൾ എല്ലാം ഇടിഞ്ഞുപോയി. ശത്രു വന്ന് യെരൂശലേമിനെ നശിപ്പിക്കുവാൻ തക്കവണ്ണം, യെരൂശലേമിന്റെ മതിലുകൾ ഇടിഞ്ഞുപോയിരിക്കുന്നു. നിന്റെ പരിശുദ്ധാത്മാവ് എന്നിൽ നിന്ന് മാറിപ്പോയി.നാഥാ, നിന്റെ മഹത്വമുള്ള ആത്മാവ് എന്നിൽ നിന്ന് നീങ്ങിപോയി. ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. നിന്നോടു നിന്നോടല്ലോ ഞാൻ പാപം ചെയ്തത്. എന്റെ ദൈവമേ, എന്റെ പാപം വലുത്. ദൈവമേ, നിന്റെ കൃപയിൽ പ്രകാരം എന്നോട് കരുണ ചെയ്യണമേ, നിന്റെ അനുഗ്രഹത്തിന്റെ ബഹുത്വത്തിൻ പ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയണമേ. എന്ന് ദാവീദ് പ്രാർത്ഥിച്ചു.

ദൈവം കരുണ ചെയ്തു, ദാവീദ് അനുതപിച്ചു, പാപം ഏറ്റുപറഞ്ഞു, പാപക്ഷമ ലഭിച്ചു, ദാവീദ് പാടി – “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ.”

പാപക്ഷമ തരുന്ന ക്രിസ്തുവിനെ നീ സ്വീകരിക്കൂ. ക്രിസ്തുവിന്റെ തിരുരക്തത്തിൽ നീ ആശ്രയിക്കൂ. തകർന്നതും നുറുങ്ങിയതുമായ ഒരു ഹൃദയം തരണേ എന്നു നീ പ്രാർത്ഥിക്കൂ. സത്യ അനുതാപം ലഭിക്കുവാൻ നീ പ്രാർത്ഥിക്കൂ.

# ഇരുപത്തിരണ്ട്

"എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു അവൻ പക്ഷവാതക്കാരനോടു : എഴുന്നേറ്റു കിടക്ക എടുത്തു വീട്ടിലേക്കു പോക എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. ഉടനെ അവൻ എഴുന്നേറ്റു കിടക്ക എടുത്തു എല്ലാവരും കാൺകെ പുറപ്പെട്ടു. അതുകൊണ്ടു എല്ലാവരും വിസ്മയിച്ചു. ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി." മർക്കൊ. 2 : 10 – 12

ആരും ഒരിക്കലും കണ്ടിട്ടില്ലാത്തതു ചെയ്യുന്നവനാണ് കർത്താവായ യേശുക്രിസ്തു. ആരും ഒരിക്കലും ജനിച്ചിട്ടില്ലാത്തതുപോലെ ജനിച്ചവനാണ് കർത്താവായ യേശുക്രിസ്തു. ആരും ഒരിക്കലും സംസാരിച്ചിട്ടില്ലാത്തതുപോലെ സംസാരിച്ച അത്ഭുത പുരുഷനാണ് കർത്താവായ യേശുക്രിസ്തു. ആരും ഒരിക്കലും കയറിയിട്ടില്ലാത്ത കഴുതക്കുട്ടിമേൽ

കയറി വാഹനമേറി യെരുശലേം ദേവാലയത്തിലേക്ക് ഘോഷ യാത്രയായി എഴുന്നെള്ളിയവനാണ് കർത്താവായ യേശുക്രി സ്തു. ആരും ഒരിക്കലും ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടില്ലാത്ത തുപോലെ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട, അത്ഭുത പുരുഷനാണ് കർത്താവായ യേശുക്രിസ്തു. ആരും ഒരിക്കലും മരിച്ചിട്ടില്ലാ ത്തതുപോലെ മരണം വരിച്ച സ്വർഗ്ഗീയ പുരുഷനാണ് കർത്താ വായ യേശുക്രിസ്തു. ആരേയും ഒരിക്കലും വെച്ചിട്ടില്ലാത്ത കല്ലറയിൽ അടക്കപ്പെട്ട യുഗ തേജസ്സാണ് കർത്താവായ യേശുക്രിസ്തു. ആരും ഒരിക്കലും ഉയർത്തെഴുന്നേറ്റിട്ടില്ലാ ത്തതുപോലെ ഉയർത്തെഴുന്നേറ്റ രാജാധിരാജാവാണ് കർത്താ വായ യേശുക്രിസ്തു. ആരും ഒരിക്കലും നിനച്ചിരിയാത്ത സമയത്ത് മടങ്ങി വരുന്ന അത്ഭുത ജ്യോതിസ്സാണ് കർത്താ വായ യേശുക്രിസ്തു. തോൽവി അടഞ്ഞവനെപ്പോലെ കുരി ശിൽ മരിക്കുകയും ജയാളിയെപ്പോലെ ഉയർത്തെഴുന്നേൽക്കു കയും ചെയ്ത രാജാധിരാജാവായി മടങ്ങി വരുന്ന കർത്താ വായ യേശുക്രിസ്തു യുഗപുരുഷനാണ്, അത്ഭുത മന്ത്രിയാ ണ്, വീരനാം ദൈവമാണ്, നിത്യപിതാവാണ്, സമാധാന പ്രഭു വാണ്.

യേശുക്രിസ്തു അവരുടെ ഉള്ളിൽ ചിന്തിച്ചത് മനസ്സിൽ ഗ്രഹിച്ചു. അവരോടു നിങ്ങൾ, ഹൃദയത്തിൽ ഇങ്ങനെ ചിന്തി ക്കുന്നത് എന്ത് എന്ന് പറഞ്ഞ് അവരുടെ ഹൃദയ രഹസ്യ ങ്ങൾ വെളിപ്പെടുത്തി.

ഹൃദയ രഹസ്യങ്ങൾ അറിയുന്നവനാണ് കർത്താവായ യേശുക്രിസ്തു. ഉള്ളറയിലെ നിഗൂഢതകൾ വെളിപ്പെടുത്തു ന്നവനാണ് കർത്താവായ യേശുക്രിസ്തു. ദൈവപൈതലേ, ക്രിസ്തു എന്ന ഈ യുഗ പുരുഷനെ നീ പരിചയപ്പെ ട്ടുവോ? ഇതു വായിക്കുന്ന മാന്യസ്നേഹിതാ, ക്രിസ്തുവിനെ

നിനക്ക് ലഭിച്ചുവോ? ക്രിസ്തു നിന്റെ ഹൃദയത്തിൽ വാഴുന്നുവോ? എങ്കിൽ നീ അത്രേ ഭാഗ്യശാലി.

യേശുക്രിസ്തു “ആ പക്ഷവാതക്കാരനോടു എഴുന്നേറ്റ് കിടക്ക എടുത്തു വീട്ടിലേക്ക് പോക എന്ന് ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു.” എല്ലാവരും അതിശയത്തോടെ നോക്കിയിരിക്കുകയാണ്. യേശുക്രിസ്തു എല്ലാവരേയും നോക്കി അവരിൽ വിമർശകന്മാരായി നിൽക്കുന്ന പരീശന്മാരും ശാസ്ത്രികളും, നിരീക്ഷകരായി വന്നവരുണ്ട്. അവരെല്ലാം മനുഷ്യന് ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ അധികാരമുണ്ടോ, ദൈവം ഒരുവനല്ലാതെ പാപങ്ങളെ മോചിപ്പാൻ അധികാരം ഉള്ളവൻ ആർ എന്നു ചിന്തിച്ചുകൊണ്ടു നിൽക്കുമ്പോൾ അവരുടെ ചിന്ത അറിഞ്ഞു യേശു അവരോടു സംസാരിക്കുന്നു.

എന്നിട്ട് യേശു പക്ഷവാതക്കാരനെ ചുമന്നുകൊണ്ടു വന്നവരുടെ വിശ്വാസം കണ്ടിട്ട് അവനോടു പറയുന്നു : മകനെ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു, എഴുന്നേറ്റു നിന്റെ കിടക്ക എടുത്തു വീട്ടിലേക്ക് പോക.

കിടക്ക എടുത്ത വീട്ടിലേക്ക് പോക എന്ന ശബ്ദം അവന്റെ ചെവിയിൽ വീണ മാത്രയിൽ, പെട്ടെന്ന് ഒരു ഞെട്ടൽ പോലെ അവന്റെ ശരീരം ഒന്നു ചലിച്ചു. വേച്ചു വേച്ചു എഴുന്നേൽക്കാൻ തുടങ്ങുന്നു. എല്ലാവരും അത്ഭുതപ്പെടുന്നു. അവൻ സാവധാനം കൈ ഊന്നുന്നു. കാല് കിടക്കയിൽ നിന്ന് താഴോട്ടു മാറ്റാൻ യത്നിക്കുന്നു. ശരീരം ചലിക്കുന്നു, ചലനമറ്റു കിടന്ന അവയവങ്ങൾ ചലിക്കുന്നു, അത്ഭുതം! അവൻ പയ്യെ , വേച്ചു വേച്ചു എഴുന്നേൽക്കുന്നു. അവനിതാ നല്ലപോലെ നിവർന്നു നിൽക്കുന്നു. എത്ര പെട്ടെ

ന്നാണ് അവന്റെ കാൽ ഉറയ്ക്കുന്നത്. അവന്റെ കാലും നരിയാണിയും ഉറയ്ക്കുന്നു. അവന്റെ മുട്ടുകാൽ നിവരുന്നു. അവന്റെ ശരീരം ബലം പ്രാപിച്ചു നിൽക്കുന്നു.

അവൻ കൈകൾ യേശുവിന്റെ നേരെ കൂപ്പുന്നു. കൈകൂപ്പിക്കൊണ്ടു വിനയാന്വിതനായി അവൻ നിൽക്കുന്നു. നന്ദിയോടെ നിൽക്കുന്നു. നാഥാ, നിനക്കു സ്തുതി, അവൻ നാവെടുത്തു സംസാരിക്കുന്നു, നാഥാ, യേശുവേ, നിനക്കു സ്തോത്രം, അവൻ നാവു ചലിപ്പിക്കുന്നു. എന്തൊരത്ഭുതം! അവൻ കിടക്ക എടുക്കുന്നു.

യേശുവിന്റെ കല്പന അങ്ങനെയല്ലേ? “കിടക്ക എടുത്തു വീട്ടിലേക്ക് പോക” എന്നല്ലേ? അവൻ കിടക്ക എടുക്കുന്നു. നാലുപേർ കൂടി ചുമന്നുകൊണ്ട് വന്നവൻ, കൈകാലുകൾ അനക്കാൻ വയ്യാതെ ശബ്ദിക്കാൻ വയ്യാതെ കിടന്നവൻ എഴുന്നേറ്റു നിൽക്കുന്നു. കിടക്ക എടുക്കുന്നു. എല്ലാവരും കാൺകെ മന്ദം മന്ദം നടന്നു നീങ്ങുന്നു. ആളുകൾ വഴിമാറിക്കൊടുത്തു, അവൻ വാതില്ക്കലേക്ക് കിടക്ക എടുത്തുകൊണ്ട് നടക്കുന്നു. ഉടനെ എല്ലാവരും പറഞ്ഞു.

“ഇന്ന് നാം അപൂർവ്വകാര്യങ്ങളെ കണ്ടു, ഇങ്ങനെ ഒരുനാളും കണ്ടിട്ടില്ല.” എന്ന്.

സ്നേഹിതാ, നിന്റെ ജീവിതത്തിൽ അപൂർവ്വ കാര്യങ്ങളെ കാണണമോ? നിന്റെ ജീവിതത്തിൽ അതിശയങ്ങൾ നടക്കണമോ? യേശു നിന്റെ ജീവിതത്തിലേക്ക് എഴുന്നെള്ളി വരട്ടെ. യേശുവിനെ നീ ആശ്രയിക്കൂ. യേശുവിന്റെ സന്നിധിയിൽ നീ വിശ്വാസത്തോടെ വരൂ. നിന്റെ പ്രശ്നം ഏതായാലും യേശുവിന്റെ മുമ്പിലേക്ക് നീ വരൂ. നിന്റെ

പ്രശ്നം യേശുവിന്റെ മുൻപിൽ നീ സമർപ്പിക്കൂ. വിശ്വാസത്തോടെ യേശുവിനോടു നീ യാചിക്കൂ.

"യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും. അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. ....അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും."

ലൂക്കൊ. 11 : 9 – 13

ലൂക്കോസിന്റെ സുവിശേഷത്തിൽ വീണ്ടും പറയുന്നു :

"ദൈവമോ, രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ? വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു." ലൂക്കൊ. 18 : 7

പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം, വിശ്വാസം കാണുന്ന ഒരു ദൈവം. വിശ്വസിക്കുന്നവരിൽ അതിശയം പ്രവർത്തിക്കുന്ന ഒരു ദൈവം. കർത്താവായ യേശുക്രിസ്തു, മകനേ നിന്നെ ആശ്വസിപ്പിക്കാൻ വന്നിരിക്കുകയാണ്. ഈ വാക്കുകൾ നീ വായിക്കുമ്പോൾ ക്രിസ്തു നിന്നെ സമീപിക്കുന്നു എന്നു നീ വിശ്വസിക്കൂ. നിന്റെ രോഗം, നിന്റെ പ്രശ്നം, നിന്റെ കടം, നിന്റെ ഭാരം, നിന്റെ ആവശ്യം, നിന്റെ ഹൃദ

യത്തെ അലട്ടുന്നതായ പ്രതിസന്ധികൾ എന്തുമാകട്ടെ, യേശു വിനോടു നീ തുറന്ന് പറയൂ. ഹൃദയം തുറക്കൂ, യേശുവി നോടു പറയൂ, യാചിക്കേണ്ടവനോടു യാചിക്കൂ, അവൻ നിനക്കു സമാധാനം തരും.

> "ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരു തിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായി രുന്നു." സങ്കീ. 66 : 18

ദൈവം നിന്റെ പ്രാർത്ഥന കേൾക്കണമെങ്കിൽ നിന്റെ പാപം മാറ്റണം, അകൃത്യം മാറ്റണം. മേലിൽ പാപം ചെയ്ക യില്ല എന്നു തീരുമാനിക്കണം. ഇനിമേലിൽ ഒരു വിശുദ്ധ ജീവിതം ഞാൻ നയിക്കും എന്നു തീരുമാനിക്കൂ. ഇപ്പോൾ തന്നേ. ദൈവത്തോട് വാക്കു പറയൂ.

എനിക്കു വേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, ഇന്നു മുതൽ ഞാൻ പാപമില്ലാത്ത ഒരു ജീവിതം നയിക്കും. എന്റെ ദേഹവും ദേഹിയും ആത്മാവും നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ ഇതാ സമർപ്പിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹി ക്കപ്പെട്ട.